# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 01 നവംബർ–2010 ലക്കം 08**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


ലോകസമ്പർക്ക മാധ്യമദിനസന്ദേശം ........................... 3
രൂപതാകച്ചേരി വാർത്തകൾ .................................. 10
മതബോധനരംഗം ........................................................ 12
ബൈബിൾ അപ്പോസ്റ്റലേറ്റ് ....................................... 15
ചെറുപുഷ്പമിഷൻലീഗ് ............................................. 18
കെ. സി. വൈ. എം. ....................................................... 33
ക്രിസ്റ്റീൻ വാർത്തകൾ ................................................ 42
കുടുംബപ്രേഷിതത്വം ................................................. 43
സിയോൻ വാർത്തകൾ ................................................ 48
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 52
ജയിൽ മിനിസ്ട്രി ......................................................... 56
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................... 57
റേഡിയോ മാറ്റൊലി .................................................. 60
പി.ആർ.ഒ. ഓഫീസ് വാർത്തകൾ ................................ 61
മീഡിയാ കമ്മീഷൻ ................................................... 62
വിദ്യാഭ്യാസമണ്ഡലം ............................................... 65
അറിയിപ്പുകൾ ............................................................ 68
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 70
ബിഷപ്സ് പ്രോഗ്രാം .................................................. 71

# ലോകസമ്പർക്ക മാധ്യമദിനസന്ദേശം

## 2010 നവംബർ 14

### നാല്പത്തി നാലാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ നൽകുന്ന സന്ദേശം

വൈദികരും അജപാലനശുശ്രൂഷയും ഡിജിറ്റൽ ലോകത്തിൽ:
പുതിയ മാധ്യമങ്ങൾ ലോകസേവനത്തിന്
(2010 നവംബർ 14, ഞായർ)

പ്രിയ സഹോദരീ സഹോദരന്മാരേ,

ഈ വർഷത്തെ ലോകസമ്പർക്ക മാധ്യമദിനത്തിന്റെ ചിന്താവിഷയം: "വൈദികരും അജപാലനശുശ്രൂഷയും ഡിജിറ്റൽ ലോകത്തിൽ പുതിയ മാധ്യമങ്ങൾ ലോകസേവനത്തിന്" എന്നതാണ്. സഭയുടെ വൈദികവർഷാചരണത്തോട് ഒത്തുപോകാൻ വേണ്ടിയാണ് ഈ ചിന്താവിഷയം തിരഞ്ഞെടുത്തത്. ഡിജിറ്റൽ സമ്പർക്കങ്ങളുടെ വൈകാരിക പ്രാധാന്യമുള്ള സുപ്രധാനമായ മേഖലയിൽ ഇതു ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ആ മണ്ഡലത്തിൽ, ദൈവവചനത്തിനും ദൈവവചനത്തിനു വേണ്ടിയും ശുശ്രൂഷ ചെയ്യാനുള്ള പുതിയ സാധ്യതകൾ കണ്ടെത്തുന്നതിന് വൈദികർക്കു കഴിയും. ആശയവിനിമയപ്രക്രിയയെ വളർത്താനും സമൂഹത്തിൽ ഇടപെടാനും സഭാസമൂഹങ്ങൾ ആധുനിക മാധ്യമങ്ങളെ എപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. മാത്രമല്ല, കൂടുതൽ വ്യാപകമായ തലത്തിൽ സ്നേഹസംവാദം പ്രോത്സാഹിപ്പിക്കാൻ വർദ്ധമാനമായ തോതിൽ അവയെ ഉപയോഗിച്ചിട്ടുമുണ്ട്. എന്നാലും ഈ മാധ്യമങ്ങളുടെ വിസ്ഫോടനാത്മകമായ വളർച്ചയും സമൂഹത്തിൽ അവ ചെലുത്തുന്ന വർദ്ധിച്ച സാമൂഹിക സ്വാധീനവും അവയെ വൈദിക

ശുശ്രൂഷയ്ക്ക് ഫലപ്രദമായി പ്രയോഗിക്കുകയെന്നത് കൂടുതൽ പ്രാധാന്യമർഹിക്കുന്ന കാര്യമാക്കിയിരിക്കുന്നു.

മനുഷ്യാവതാരം ചെയ്ത ദൈവവചനമായ യേശുക്രിസ്തുവിനെ പ്രഘോഷിക്കുകയും കൂദാശകളിലൂടെ അവിടുത്തെ രക്ഷാകര കൃപാവരം പകർന്നുകൊടുക്കുകയും ചെയ്യുകയെന്നത് എല്ലാ വൈദികരുടെയും പ്രാഥമിക കടമയാണ്. വചനത്താൽ വിളിക്കപ്പെട്ട് സമ്മേളിക്കപ്പെട്ടിരിക്കുന്ന സഭ, എല്ലാ ജനതകളിലും ദൈവം സൃഷ്ടിക്കുന്ന സംസർഗത്തിന്റെ അടയാളവും ഉപകരണവുമാണ്. ക്രിസ്തുവിലും ക്രിസ്തുവിനോടുകൂടെയും ഈ സംസർഗം പടുത്തുയർത്താൻ ഓരോ വൈദികനും വിളിക്കപ്പെട്ടിരിക്കുന്നു. പൗലോസ് ശ്ലീഹാ ഉയർത്തുന്ന വെല്ലുവിളിക്ക് സവിശേഷമാംവിധം പ്രത്യുത്തരം നൽകുന്ന വൈദിക ധർമ്മത്തിന്റെ മഹത്ത്വവും സൗന്ദര്യവും അത്തരത്തിലുള്ളതാണ്. പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്നു: "അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിക്കേണ്ടി വരുകയില്ല എന്നാണല്ലോ വിശുദ്ധ ഗ്രന്ഥം പറയുന്നത്... കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും. എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും?" (റോമ. 10:11, 13-15).

യുവജനത്തെ പ്രത്യേകമായി സ്വാധീനിക്കുന്ന ഇന്നത്തെ സാംസ്കാരിക പരിവർത്തനങ്ങളിൽ ഈ വെല്ലുവിളിയോട് പര്യാപ്തമാംവിധം പ്രത്യുത്തരിക്കണമെങ്കിൽ സമ്പർക്കത്തിന്റെ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുക അത്യാവശ്യമാണ്. ആശയപ്രകാശനത്തിന്റെ അനന്തസാധ്യതയുള്ള ഒന്നാണ് ഡിജിറ്റൽ സമ്പർക്കത്തിന്റെ ലോകം. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു മഹാ കഷ്ടം" (1 കൊറി. 9:16) എന്ന വിശുദ്ധ പൗലോസിന്റെ ഉദ്ഘോഷണം കൂടുതൽ കൂടുതൽ മനസ്സിലാക്കാൻ ഈ ഡിജിറ്റൽ സമ്പർക്കലോകം നമ്മെ പ്രേരിപ്പിക്കുന്നു. ഇന്ന് പുതിയ സാങ്കേതിക വിദ്യകളുടെ ലഭ്യത വർദ്ധിച്ചിട്ടുണ്ട്. വചനം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവർക്ക് കൂടുതൽ കൂടുതൽ ഉത്തരവാദിത്വമുണ്ടാകണമെന്ന് അത് ആവശ്യപ്പെടുന്നു. അവർ തങ്ങളുടെ പരിശ്രമങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവരും കാര്യപ്രാപ്തിയുള്ളവരും നിർബന്ധബുദ്ധിയുള്ളവരുമായിരിക്കണമെന്നും അത് ആവശ്യപ്പെടുന്നുണ്ട്. വൈദികർ പുതിയൊരു യുഗത്തിന്റെ പടിവാതുക്കൽ നിൽക്കുന്നു: പുതിയ സാങ്കേതികവിദ്യകൾ ബന്ധങ്ങളുടെ

കൂടുതൽ വ്യാപകവും കൂടുതൽ അഗാധവുമായ രൂപങ്ങളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് വൈദികർ മാധ്യമങ്ങളെ വചനശുശ്രൂഷയ്ക്കായി കൂടുതൽ കാര്യക്ഷമതയോടെ ഉപയോഗിക്കണം.

ആശയവിനിമയത്തിനുള്ള "ബഹുവിധമാധ്യമങ്ങൾ" വ്യാപിച്ചിട്ടുണ്ട്. "തിരഞ്ഞെടുപ്പുകളുടെ പട്ടിക" സമ്പന്നമായിട്ടുണ്ട്. തന്മൂലം "വെബിൽ" നമ്മുടെ സാന്നിധ്യമുണ്ടായാൽ മതിയെന്നോ ഒരിടം നിറയ്ക്കാൻ അതുകണ്ടാൽ മതിയെന്നോ തോന്നിയേക്കും. പക്ഷേ, വൈദികർ ഡിജിറ്റൽ സമ്പർക്കങ്ങളുടെ ലോകത്തിൽ, സുവിശേഷത്തിന് വിശ്വസ്തസാക്ഷ്യം വഹിക്കുന്നവരാകാൻ കടപ്പെട്ടിരിക്കുന്നു. ഡിജിറ്റൽ വിപണി നൽകുന്ന വിവിധ "ശബ്ദ"ങ്ങളിലൂടെ വർദ്ധമാനമായ തോതിൽ സ്വയം പ്രകാശിപ്പിക്കുന്ന സമൂഹങ്ങളുടെ നേതാക്കളെന്ന സ്വകീയധർമ്മം ശരിയായി നിർവ്വഹിക്കുന്നവരായിരിക്കണം അവർ. അതുകൊണ്ട് ദൃശ്യശ്രാവ്യ വിഭവങ്ങളുടെ ഏറ്റവും പുതിയ ഇനങ്ങളെ (അതായത്, ഇമേജുകൾ, വീഡിയോകൾ, സജീവമാക്കപ്പെട്ട ഫീച്ചറുകൾ, ബ്ലോഗുകൾ, വെബ്സൈറ്റുകൾ എന്നിവയെ) ഉപയോഗിച്ച് സുവിശേഷം പ്രഘോഷിക്കാൻ അവർ വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു. പരമ്പരാഗത മാധ്യമങ്ങളോടൊപ്പം സംവാദത്തിനും സുവിശേഷവത്കരണത്തിനും മതബോധനത്തിനുമുള്ള പുതിയ ചക്രവാളങ്ങളെ സൃഷ്ടിക്കാൻ ആ വിഭവങ്ങൾക്കു കഴിയും.

പുതിയ സമ്പർക്ക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് ജനങ്ങളെ സഭാജീവിതത്തിലേക്കു പ്രവേശിപ്പിക്കാനും ക്രിസ്തുവിന്റെ മുഖം കണ്ടെത്താൻ നമ്മുടെ സമകാലീനരെ സഹായിക്കാനും വൈദികർക്കു കഴിയും. അവരുടെ പരിശീലനത്തിന്റെ കാലം മുതൽ, ഈ സാങ്കേതികവിദ്യകൾ വിദഗ്ധവും സമുചിതവുമായ രീതിയിൽ എങ്ങനെ ഉപയോഗിക്കാമെന്ന് അവർ പഠിച്ചാൽ ഈ ലക്ഷ്യം ഏറ്റവും നന്നായി നേടാൻ അവർക്കു സാധിക്കും. ദൈവശാസ്ത്രപരമായ നല്ല ഉൾക്കാഴ്ചകളോടെ, കർത്താവിനോടുള്ള നിരന്തരമായ സംഭാഷണത്തിൽ അധിഷ്ഠിതമായ വൈദികാധ്യാത്മികതയെക്കുറിച്ച് ചിന്തിച്ചുകൊണ്ട് പഠിച്ചാൽ അതു സാധ്യമാകും. എന്നാലും ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന വൈദികരുടെ മാധ്യമപരിജ്ഞാനം അവരുടെ വൈദികഹൃദയത്തോളമോ ക്രിസ്തുവിനോടുള്ള അവരുടെ ഉറ്റബന്ധത്തോളമോ വരാൻ പാടില്ല. അപ്പോഴേ അവർക്ക് അവരുടെ അജപാലനവ്യാപകത്വത്തെ സജീവമാക്കാനാവൂ. മാത്രമല്ല "വെബി"നെ സൃഷ്ടിക്കുന്ന സമ്പർക്ക സംവിധാനത്തിന് ഒരാത്മാവിനെ നൽകാനും കഴിയൂ.

ദൈവത്തിന് ക്രിസ്തുവിൽ എല്ലാ ജനങ്ങളോടുമുള്ള സ്നേഹപൂർണമായ കരുതൽ ഡിജിറ്റൽ ലോകത്ത് പ്രകടിപ്പിക്കപ്പെടണം. പഴയ കാലത്തെ ഒരു കല പോലെയോ ഹൃദിസ്ഥമാക്കിയ സിദ്ധാന്തം പോലെയോ അല്ല, പിന്നെയോ വസ്തുനിഷ്ഠവും വർത്തമാനകാലബന്ധിയും പ്രവർത്തനനിരതവുമായ ഒന്നായിട്ടാണ് പ്രകടിപ്പിക്കേണ്ടത്. നമ്മുടെ സമകാലീനരെ, പ്രത്യേകിച്ച് അനിശ്ചിതത്വവും ആശയക്കുഴപ്പവും അനുഭവിക്കുന്ന അനേകരെ ഒരു വസ്തുത അറിയിക്കാൻ ആ ലോകത്തിലുള്ള നമ്മുടെ അജപാലനസാന്നിധ്യം സഹായിക്കും. അറിയിക്കേണ്ട ആ വസ്തുത ഇതാണ്: "ദൈവം അടുത്തുണ്ട്; ക്രിസ്തുവിൽ നാം പരസ്പരം വേണ്ടപ്പെട്ടവരാണ്" (ബെനഡിക്ട് പതിനാറാമൻ, റോമൻ കൂരിയയോടുള്ള പ്രഭാഷണം, 21 ഡിസംബർ 2009).

ദൈവത്തെ ഇന്നത്തെ ലോകത്തിൽ വസ്തുനിഷ്ഠമായി സന്നിഹിതനാക്കണം. മഹത്വത്തോടെ ഇന്നു ജീവിക്കാനും കൂടുതൽ നല്ല ഭാവി പടുത്തുയർത്താനും നമ്മുടെ പരിശ്രമങ്ങളെ പ്രചോദിപ്പിക്കുന്ന ഭൂതകാല മതാത്മകജ്ഞാനത്തെ, ഒരു നിധിയെന്ന നിലയിൽ അവതരിപ്പിക്കുകയും വേണം. അതിനുവേണ്ടി ഇന്നത്തെ ഡിജിറ്റൽ സാങ്കേതികവിദ്യയിലുള്ള വൈദഗ്ധ്യം വഴി, അജപാലനപ്രവർത്തനം വികസിപ്പിച്ചെടുക്കാനും പ്രയോഗത്തിലാക്കാനും ദൈവമനുഷ്യനെന്ന നിലയിലുള്ള വൈദികനെക്കാൾ കഴിവുള്ളത് ആർക്കാണ്? മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന സമർപ്പിതരായ സ്ത്രീപുരുഷന്മാർക്ക് സവിശേഷമായ ഒരു ഉത്തരവാദിത്വമുണ്ട്. വ്യക്തികളിലും അവരുടെ യഥാർത്ഥ ആധ്യാത്മികാവശ്യങ്ങളിലും താത്പര്യം കാണിച്ചുകൊണ്ട്, മാനുഷിക പരസ്പരപ്രവർത്തനങ്ങളുടെ മേന്മ സൂക്ഷിച്ചുകൊണ്ട്, കണ്ടുമുട്ടലിന്റെ പുതിയ രൂപങ്ങളിലേക്കുള്ള വാതിൽ തുറന്നുകൊടുക്കുകയെന്നതാണത്. കർത്താവിന്റെ സാന്നിധ്യം കണ്ടെത്താനും കാത്തിരിപ്പിലും പ്രത്യാശയിലും വളരാനും ദൈവവചനത്തിലേക്ക് അടുക്കാനും ഡിജിറ്റൽ ലോകത്തിലെ സ്ത്രീപുരുഷന്മാരെ സഹായിക്കാൻ അങ്ങനെ അവർക്കു കഴിയും. രക്ഷ നൽകുകയും സമഗ്രമായ മാനുഷിക വികസനത്തെ പോഷിപ്പിക്കുകയും ചെയ്യുന്ന ഒന്നാണല്ലോ ദൈവവചനം. "സൈബർ സ്പെയിസ്" സൃഷ്ടിക്കുന്ന വ്യത്യസ്ത രാജപാതകളുടെ കവലകൾ വഴി സൃഷ്ടിച്ചിട്ടുള്ള അനേകം ഉപപാതകളിലൂടെ കടന്നുചെല്ലാൻ വചനത്തിനു കഴിയും. നമ്മുടെ കാലം ഉൾപ്പെടെ എല്ലാ കാലത്തും ദൈവത്തിന് അവകാശപ്പെട്ട ഒരു സ്ഥാനമുണ്ടെന്ന് വ്യക്തമാക്കാനും കഴിയും. സമ്പർക്കമാധ്യമങ്ങളുടെ സഹായത്താൽ യേശുവിന് നമ്മുടെ നഗരങ്ങളുടെ തെരുവീഥികളിലൂടെ നടക്കാൻ സാധിക്കുന്നു. നമ്മുടെ വീടു

കളുടെയും ഹൃദയങ്ങളുടെയും വാതുക്കൽ നിന്നുകൊണ്ട് ഒരിക്കൽകൂടി ഇങ്ങനെ പറയാനും കഴിയുന്നു: "ഇതാ ഞാൻ വാതുക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെയടുത്തേക്കു വരും. ഞങ്ങൾ ഒന്നിച്ചു ഭക്ഷിക്കുകയും ചെയ്യും" (വെളി. 3:20).

മനുഷ്യവ്യക്തിയുടെ മഹത്ത്വത്തെയും മൂല്യത്തെയും ആദരിക്കുന്ന ഒരു സംസ്കാരം വളർത്താൻ സമ്പർക്കലോകത്തുള്ള നേതാക്കളെ കഴിഞ്ഞ വർഷത്തെ എന്റെ സന്ദേശത്തിൽ ഞാൻ പ്രോത്സാഹിപ്പിച്ചിരുന്നു. ഇന്നത്തെ "ഡിജിറ്റൽ ഭൂഖണ്ഡത്തിൽ" സഭ നിർവഹിക്കേണ്ട സംസ്കാരത്തിന്റെ ശുശ്രൂഷ അഭ്യസിക്കാനുള്ള ഒരു മാർഗ്ഗമാണത്. ദൈവവചനത്തിലേക്കു നയിക്കുന്ന വഴികളുടെ സജ്ജീകരണം തുടരുക ആവശ്യമാണെന്ന് നാം ഉറപ്പിച്ചു പറയണം. അതിനെ അന്വേഷിച്ചുകൊണ്ടിരിക്കുന്നവരെ ശ്രദ്ധിച്ചുകൊണ്ട് അങ്ങനെ ചെയ്യണം. ആ അന്വേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ സുവിശേഷവത്കരണത്തിന്റെ പ്രഥമപടിയെന്ന നിലയിൽ പ്രോത്സാഹിപ്പിക്കണം. ഡിജിറ്റൽ സമ്പർക്കങ്ങളുടെ ലോകത്തിലുള്ള അജപാലനപരമായ സാന്നിധ്യംവഴി മറ്റു മതങ്ങളിൽപ്പെട്ടവരോടും അവിശ്വാസികളോടും ഓരോ സംസ്കാരത്തിലുംപെട്ടവരോടും നാം ബന്ധപ്പെടുന്നു. അതുകൊണ്ട് വിശ്വസിക്കാത്തവരെയും നിരാശപ്പെട്ടവരെയും നിത്യസത്യത്തിനും പരമസത്തയ്ക്കും വേണ്ടി അഗാധവും അവ്യക്തവുമായ ആഗ്രഹമുള്ളവരെയും സംവേദകത്വത്തോടെ കരുതണം. എല്ലാ ജനതകൾക്കും പ്രാർത്ഥിക്കാനുള്ള ഒരാലയത്തെപ്പറ്റി ഏശയ്യാ പ്രവാചകന് ഒരു സങ്കല്പമുണ്ടായിരുന്നു (ഏശ.56:7). "വെബിനെ" നമുക്ക് അങ്ങനെ സങ്കല്പിക്കാനാവുകയില്ലേ? ജറുസലേം ദേവാലയത്തിന്റെ വിജാതീയരുടെ അങ്കണംപോലെ ദൈവത്തെ ഇനിയും അറിഞ്ഞിട്ടില്ലാത്തവർക്കുള്ള ഒരു സ്ഥലം നൽകുന്ന "വെബിനെ" നമുക്ക് അങ്ങനെ കരുതാനാവില്ലേ?

പുതിയ സാങ്കേതികവിദ്യകളുടെ വികസനവും കൂടുതൽ വ്യാപകമായ ഡിജിറ്റൽ ലോകവും മനുഷ്യവർഗ്ഗം മുഴുവനും ഓരോ വ്യക്തിക്കും വേണ്ടിയുള്ള വലിയൊരു വിഭവമാണ്. കണ്ടുമുട്ടലിനും സംവാദത്തിനുമുള്ള പ്രേരണയായി പ്രവർത്തിക്കാൻ അതിനു സാധിക്കും. എന്നാൽ ഈ വികസനം വിശ്വാസികളെ സംബന്ധിച്ചിടത്തോളം വലിയൊരു അവസരം കൂടിയാണ്. ഉത്ഥിതനായ ക്രിസ്തുവിന്റെ നാമത്തിൽ മറ്റുള്ളവരിലേക്ക് അടുക്കാൻ സമർപ്പണബുദ്ധിയോടെ പരിശ്രമിക്കുന്നവർക്കെതിരേ ഒരു വാതിലും അടയ്ക്കാനാവുകയില്ല, അടയ്ക്കരുത്.

വൈദികരെ സംബന്ധിച്ചിടത്തോളം, പുതിയ മാധ്യമങ്ങൾ നിത്യ

നൂതനവും വ്യാപകഫലമുളവാക്കുന്നതുമായ അജപാലനസാധ്യതകൾ നൽകുന്നുണ്ട്. സഭയുടെ ദൗത്യത്തിന്റെ സാർവത്രികതയെ യാഥാർത്ഥ്യ മാക്കാനും വ്യാപകവും യഥാർത്ഥവുമായ സൗഹൃദം സ്ഥാപിക്കാനും നാം അവരെ പ്രേരിപ്പിക്കുന്നുണ്ട്. നമ്മുടെ രക്ഷയ്ക്കായി നമ്മുടെയിട യിൽ വന്ന നിത്യപുത്രനായ യേശുവിന്റെ സുവിശേഷം കേൾക്കുന്ന തിൽ നിന്നുണ്ടാകുന്ന നവജീവിതത്തിന് ഇന്നത്തെ ലോകത്തിന്റെ മുമ്പിൽ സാക്ഷ്യംവഹിക്കാനും പ്രേരിപ്പിക്കുന്നുണ്ട്. അതേസമയം, തങ്ങ ളുടെ ശുശ്രൂഷയുടെ ആത്യന്തികഫലദായകത്വം ഉദ്ഭവിക്കുന്നത് ക്രിസ്തുവിൽ നിന്നു തന്നെയാണെന്ന് വൈദികർ ഓർമ്മിച്ചിരിക്കണം. പ്രാർത്ഥനയിൽ കണ്ടുമുട്ടുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന, മതപ്രഭാ ഷണത്തിലും ജീവിതസാക്ഷ്യത്തിലും പ്രഘോഷിക്കുന്ന, അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന, കൂദാശകളിൽ, പ്രത്യേകിച്ച് കുർബാന യിലും കുമ്പസാരത്തിലും ആഘോഷിക്കുന്ന, ക്രിസ്തുവിൽ നിന്നുതന്നെ യാണെന്ന് അവർ ഓർമ്മിച്ചിരിക്കണം.

പ്രിയ വൈദിക സഹോദരരേ, ആധുനിക സമ്പർക്ക മാധ്യമങ്ങൾ നൽകുന്ന അതുല്യസാധ്യതകൾ സമർത്ഥമായ രീതിയിൽ ഉപയോഗി ക്കാനുള്ള എന്റെ ക്ഷണം ഞാൻ ആവർത്തിക്കുന്നു. ഇന്നത്തെ മാധ്യമ ങ്ങൾ തുറന്നുതരുന്ന "വിപണനവീഥി"യിൽ (agora) നിങ്ങളെ എല്ലാ വരെയും കർത്താവ് സുവിശേഷത്തിന്റെ ആവേശമുള്ള മുന്നോടികളാ ക്കട്ടെ.

ഈ വിശ്വാസത്തോടെ ദൈവമാതാവിന്റെയും ആർസിലെ വിശുദ്ധ ജോൺ മരിയ വിയാനിയുടെയും സംരക്ഷണം നിങ്ങൾക്കു ണ്ടാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. വാത്സല്യപൂർവ്വം നിങ്ങളിൽ ഓരോരുത്തർക്കും ഞാൻ ശ്ലൈഹികാശീർവ്വാദം നൽകുന്നു.

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പ**

വത്തിക്കാനിൽ നിന്ന് 2010 ജനുവരി 24
വി. ഫ്രാൻസീസ് ഡി സാലസിന്റെ തിരുനാൾ ദിനം നൽകപ്പെട്ടത്.

---

**NB:- പരിശുദ്ധ പിതാവിന്റെ മാധ്യമദിനസന്ദേശം 2010 നവംബർ മാസം 7-ാം തീയതി ഞായറാഴ്ച വിശുദ്ധകുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

## മാധ്യമദിനാചരണത്തെ സംബന്ധിച്ച ചില നിർദ്ദേശങ്ങൾ

1. മാർപാപ്പയുടെ ലോകസമ്പർക്കമാധ്യമദിനസന്ദേശം ദൈവജനത്തെ അറിയിക്കുക.
2. പ്രധാന ആശയങ്ങൾ നമ്മുടെ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.
3. സന്ദേശത്തിന്റെ പ്രമേയം അടിസ്ഥാനമാക്കി ഉപന്യാസം, പോസ്റ്റർ, ക്വിസ്, പ്രസംഗം, കാപ്ഷൻ മത്സരങ്ങൾ സംഘടിപ്പിക്കുക.
4. ഇടവകകളിലോ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ, കത്തോലിക്കാ സമൂഹത്തിനോ, വിദ്യാർത്ഥികൾക്കോ, പൊതുജനങ്ങൾക്കോ, മാധ്യമപ്രവർത്തകർക്കോ സിംബോസിയമോ, സെമിനാറോ നടത്തുക.
5. ഇടവകകളിലോ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ മാധ്യമവിദ്യാഭ്യാസ സെമിനാർ സംഘടിപ്പിക്കുക.
6. 2010 നവംബർ 14-ന് ലോകസമ്പർക്കമാധ്യമദിനം ആചരിക്കുകയും തിരുക്കർമ്മത്തിനിടയ്ക്ക് മാർപാപ്പയുടെ സന്ദേശം ആസ്പദമാക്കി പ്രസംഗിക്കുകയും മാധ്യമപ്രവർത്തകർക്കായി പ്രാർത്ഥിക്കുകയും ചെയ്യുക.
7. നിങ്ങളുടെ പ്രദേശത്തുള്ള സെക്കുലർ മാധ്യമപ്രവർത്തകരുമായി മാർപാപ്പയുടെ സന്ദേശമോ, പ്രധാന ആശയങ്ങളെ കേന്ദ്രീകരിച്ച് ചർച്ച നടത്തുക.
8. സന്ദേശത്തിലെ പ്രധാന പ്രമേയത്തെ ആസ്പദമാക്കി ലേഖനങ്ങളും അഭിപ്രായങ്ങളും എഴുതി പ്രാദേശിക പത്രങ്ങളിലും മാസികകളിലും പ്രസിദ്ധപ്പെടുത്തുക.
9. യുവജനങ്ങൾ, സ്ത്രീകൾ, പാസ്റ്ററൽ കൗൺസിൽ, പാരീഷ് കൗൺസിൽ തുടങ്ങിയ ഗ്രൂപ്പുകൾ നവീനസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചു ചർച്ചചെയ്യുകയും, സുവിശേഷപ്രഘോഷണത്തിനും മതബോധനത്തിനും ആതുരശുശ്രൂഷാ അജപാലനത്തിനും, ദരിദ്രരായവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും സാമൂഹിക വികസന സംരംഭങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് വിചിന്തനവും നടത്തുക.
10. പൊതു ചടങ്ങുകൾ സംഘടിപ്പിച്ചുകൊണ്ട് നിങ്ങളുടെ നാട്ടിലുള്ള മാധ്യമപ്രതിഭകളെ ആദരിക്കുകയും, പ്രസ്സ്, റേഡിയോ, സിനിമ, ടെലിവിഷൻ, നാടോടിക്കലകൾ തുടങ്ങിയവയിലൂടെ അവർ നടത്തുന്ന സുവിശേഷവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
11. ഇടവകകളിലും സ്ഥാപനങ്ങളിലും മാധ്യമശുശ്രൂഷയിലൂടെ വിവരശേഖരണവും പരിപാലനവുംവഴി ഭരണകാര്യങ്ങൾ എങ്ങനെമെച്ചപ്പെടുത്താം എന്നു പഠിക്കുക.
12. ലോകസമ്പർക്കമാധ്യമദിനത്തിൽ (നവംബർ 14) സഭയിലെ മാധ്യമശുശ്രൂഷയ്ക്കായി പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കുക.

# രൂപതാകച്ചേരി വാർത്തകൾ

നവംബർ 14-ാം തീയതി സമ്പർക്ക മാധ്യമ ദിനമായി ആചരിക്കുകയാണ്. ഒരു പരിധിവരെ മാധ്യമങ്ങളാണ് ഇന്ന് ലോകത്തെ ഭരിക്കുന്നത്. മാധ്യമ ലോകത്തെ വേണ്ടവിധം മനസ്സിലാക്കി സമീപിക്കേണ്ടതും സമൂഹനന്മയ്ക്ക് ഉപകരിക്കുംവിധം രൂപാന്തരപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. മാധ്യമദിനത്തോടനുബന്ധിച്ച് മാധ്യമങ്ങളെക്കുറിച്ച് സെമിനാറുകളും ക്ലാസുകളും സംഘടിപ്പിച്ച് മാധ്യമസാക്ഷരത നേടുവാൻ ശ്രമിക്കുമല്ലൊ. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ആ തുക രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## Young Priests' Course

നവംബർ 29-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം മുതൽ ഡിസംബർ 2-ാം തീയതി വ്യാഴാഴ്ച ഉച്ചവരെയാണ് യുവ വൈദികർക്കു വേണ്ടിയുള്ള ഈ വർഷത്തെ സെമിനാർ. 2000 ഡിസംബറിൽ പട്ടം സ്വീകരിച്ചവർ തുടങ്ങിയുള്ള എല്ലാ യുവവൈദികരും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

### സ്നേഹസ്മരണ

ബഹു. ചൂരയ്ക്കാമറ്റത്തിലച്ചന്റെ ചരമദിനം നവംബർ 12-ാം തീയതിയാണ്. അന്നേദിവസം അച്ചനെ വിശുദ്ധകുർബാനയിലും പ്രാർത്ഥനയിലും അനുസ്മരിക്കാം.

### ആശംസകൾ

ബൽജിയത്തെ ലുവൈൻ യൂണിവേഴ്സിറ്റിയിൽ ബിബ്ലിക്കൽ തിയോളജിയിൽ ഉപരിപഠനത്തിനായി പോയിരിക്കുന്ന ബഹു. ജോൺ പുളിന്താനത്ത് അച്ചന് വിജയാശംസകൾ.

### അഭിനന്ദനങ്ങൾ

സോഷ്യൽവർക്കിൽ എം. ഫിൽ പഠനം പൂർത്തിയാക്കി തിരിച്ചെത്തിയിരിക്കുന്ന ബഹു. ബിജു ഉറുമ്പിൽ അച്ചന് അഭിനന്ദനങ്ങൾ.

വള്ളിക്കെട്ട് വികാരി, സിഞ്ചെല്ലൂസ് ഓഫീസ് സെക്രട്ടറി, നിലമ്പൂർ–മണിമൂളി റീജിയൺ സോഷ്യൽ സർവ്വീസ് ഡയറക്ടർ എന്നീ സേവന രംഗങ്ങളിൽ വിജയാശംസകൾ നേരുന്നു.

**സ്വാഗതം**

മൂലങ്കാവ് പള്ളിവികാരിയായും ബത്തേരി ഫൊറോന പള്ളി അസോസിയേറ്റ് വികാരിയായും നിയമിതനായിരിക്കുന്ന ബഹു. മാത്യു ചക്കാലയിൽ സി.എസ്.റ്റി. അച്ചന് രൂപതയിലേയ്ക്ക് ഹൃദ്യമായ സ്വാഗതവും പ്രവർത്തനരംഗങ്ങളിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**അഭിനന്ദനങ്ങൾ**

2010 വർഷത്തെ ശാലോം മീഡിയ അവാർഡ് ജേതാവ് ബഹു. ജോസഫ് നെച്ചിക്കാട്ടച്ചന് അനുമോദനങ്ങൾ. വിവിധങ്ങളായ ഇടവക പ്രവർത്തനങ്ങൾക്കിടയിൽ ഉന്നതനിലവാരം പുലർത്തുന്ന പുസ്തകങ്ങളും നിരവധി ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിക്കുവാൻ കഴിയുന്ന ബഹു. നെച്ചിക്കാട്ടച്ചനെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാവുകയില്ല. അദ്ദേഹത്തിന്റെ ഈ നേട്ടത്തിൽ രൂപത മുഴുവന്റെയും അഭിനന്ദനങ്ങൾ.

## New Addresses

**Rev.Fr. John Pulinthanathu**
Parkstraat 29, 214
3000 Leuven, Belgium
0032488358413

**Rev.Fr. Sebastian Kandeth**
Barbarossastr. 23
87600 kaufbeuren, Germany
Tel: 0049-8341-995630 (private)
0049-8341-7694 (office)

**Rev.Fr. Sujesh Muttathukunnel**
St. Antony's Church
Vayalinkarai
Methukummel P.O.
Kanyakumari Dt.
Thamil Nadu, Pin 629172
Ph: 09786406304

## New Phone Number

Rev. Fr. Augustine Puthenpura, Mob: 9497401409

## Appointment

Rev. Fr. Mathew Chakkalayil CST - Vicar, Moolankavu & Associate Vicar, Bathery

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മതബോധനരംഗം

നവംബർ 14 -ാം തീയതി കുട്ടികളുടെ ദിനമായി ആഘോഷിക്കുകയാണ്. കുട്ടികളെ ക്രിസ്തീയ മൂല്യത്തിൽ പരിശീലിപ്പിച്ച് ഒരു നല്ല തലമുറയായി രൂപപ്പെടുത്തുവാനുള്ള ഉത്തരവാദിത്വത്തെപ്പറ്റി മുതിർന്ന തലമുറയെ അനുസ്മരിപ്പിക്കുന്ന ദിനംകൂടിയാണ് അത്. നന്മ ചെയ്ത് കടന്നുപോയ വലിയ ഒരു ഗണം മഹാന്മാരും വിശുദ്ധരും നമുക്കുണ്ട്. വഴിയോരങ്ങളിലും, ചുറ്റുപാടുകളിലും പതിയിരിക്കുന്ന കെണികളെയും അപകടങ്ങളേയും തിരിച്ചറിഞ്ഞ് അവയെ അതിജീവിച്ച് മുന്നേറുവാൻ ഒരു പരിധിവരെ നമ്മെ സഹായിക്കുന്നത് മേൽപറഞ്ഞ മഹാന്മാരുടെയും വിശുദ്ധരുടേയും ജീവിതമാതൃകകളാണ്. എന്നാൽ അതിലും പ്രധാനമാണ് ദൈവവചനാധിഷ്ഠിതവും കൂദാശാബന്ധിതവുമായ ജീവിതം. നമ്മെ ദൈവവുമായി ഒന്നിപ്പിക്കുന്ന കൂദാശകളുടെ ആഘോഷവും, പ്രമാണങ്ങളുടെ അനുസരണവും പ്രാർത്ഥനയിലുള്ള ഐക്യവും, തിന്മയുടെ ശക്തികളെ അകറ്റി ദൈവതിരുമുമ്പിലും, മനുഷ്യരുടെ സമൂഹത്തിലും ഉത്തമവ്യക്തികളായി ജീവിക്കുവാൻ സഹായിക്കും. കുട്ടികളുടെ ദിനമായി ഈ ദിവസം നമ്മൾ ആഘോഷിക്കുമ്പോൾ ഒരു നല്ല തലമുറയെ വാർത്തെടുക്കുവാനുള്ള ശ്രമത്തിൽ ശ്രദ്ധയുള്ളവരാകാം.

**അർദ്ധവാർഷിക പരീക്ഷ**

ഡിസംബർ 19 -ാം തീയതിയാണ് ഈ അദ്ധ്യയന വർഷത്തെ അർദ്ധവാർഷിക പരീക്ഷ എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. സിലബസ് അനുസരിച്ച് പാഠങ്ങൾ പഠിപ്പിച്ച് കുട്ടികളെ ഒരുക്കുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**വിശ്വാസോത്സവം**

ഈ വർഷത്തെ രണ്ടാം ടേമിലെ വിശ്വാസോത്സവം ഡിസംബ റിൽ ക്രമീകരിക്കുമല്ലോ. ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 26ന് നടത്തുന്നത് സൗകര്യപ്രദമായിരിക്കും.

**DCC കുട്ടികളുടെ സംഗമം**

DCC – കോഴ്സിൽ സംബന്ധിക്കുന്ന കുട്ടികളുടെ സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബറിൽ നടത്തുന്നതാണ്. തീയതി പിന്നീട് അറിയിക്കുന്നതാണ്.

**MIRACLE**

കുഞ്ഞോം ഇടവകയിൽ MIRACLE സംഘടിപ്പിച്ച ബഹു. വികാ രിയച്ചനും, ക്ലാസ്സുകൾ നയിച്ച ബഹു. തിരുഹൃദയ സഹോദരിമാർക്കും പ്രത്യേകം നന്ദി.

**അദ്ധ്യാപക സംഗമം**

ചുങ്കക്കുന്ന്, മണിമൂളി, നിലമ്പൂർ, കല്ലോടി എന്നീ ഫൊറോന കളിലെ അദ്ധ്യാപക പഠനസംഗമം ചുങ്കക്കുന്ന്, നിലമ്പൂർ, ദ്വാരക എന്നി വിടങ്ങളിൽ സംഘടിപ്പിച്ചു. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി നട ത്തിയ പഠനസംഗമത്തിൽ സംബന്ധിച്ച എല്ലാ അദ്ധ്യാപകരെയും അനു മോദിക്കുന്നു.

ചുങ്കക്കുന്ന് ഫൊറോന മതബോധന ഡയറക്ടർ ബഹു.സോമി വടയാപറമ്പിൽ അച്ചൻ, മണിമൂളി ഫൊറോന മതബോധന ഡയറക്ടർ ബഹു.അഗസ്റ്റ്യൻ ചേമ്പാലയച്ചൻ, നിലമ്പൂർ ഫൊറോന മതബോധന ഡയറക്ടർ ബഹു.ജിൽസൻ കോക്കണ്ടത്തിലച്ചൻ, കല്ലോടി ഫൊറോന മതബോധന ഡയറക്ടർ ബഹു.മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ, ഫൊറോന വികാരിമാരായ ബഹു.തോമസ് ചേറ്റാനിയച്ചൻ, ബഹു. ചാണ്ടി പുനക്കാട്ടച്ചൻ, ബഹു. ജോസ് തേക്കനാടിയച്ചൻ, ബഹു. ജോർജ്ജ് മമ്പള്ളിയച്ചൻ എന്നിവരെയും ഫൊറോനയിലെ എല്ലാ വൈദി കരെയും പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു. അതോടൊപ്പം ഫൊറോന ഡയറക്ടർമാരുടെ കൂടെ പ്രവർത്തിക്കുന്ന ടീം അംഗങ്ങ ളെയും ഏറെ നന്ദിയോടെ ഓർക്കുന്നു.

വളരെ പ്രത്യേകമായി കല്ലോടി ഫൊറോനയിലെ അദ്ധ്യാപക രുടെ പഠനസംഗമത്തിൽ അവരോപ്പം ഫൊറോന ഡയറക്ടർമാരുടെ കൂടെ പ്രവർത്തിക്കുന്ന ടീം അംഗങ്ങളെയും ഏറെ നന്ദിയോടെ ഓർക്കുന്നു.

വളരെ പ്രത്യേകമായി കല്ലോടി ഫൊറോനയിലെ അദ്ധ്യാപകരുടെ പഠനസംഗമത്തിൽ അവരോടൊപ്പമായിരുന്ന് വി. ബലിയർപ്പിച്ച് സന്ദേശം നൽകിയ അഭിവന്ദ്യ ജോസ് പിതാവിന് എല്ലാവരുടെയും നന്ദിയും സ്നേഹവും അറിയിക്കുന്നു. ക്ലാസ്സുകൾ നയിച്ച രൂപതാ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

### XII -ാം ക്ലാസ്സ് കുട്ടികളുടെ പഠനസംഗമം

മണിമൂളി, നിലമ്പൂർ, കല്ലോടി ഫൊറോനകളിലെ XII -ാം ക്ലാസിലെ കുട്ടികളുടെ പഠനസംഗമം യഥാക്രമം ഒക്ടോബർ 10, 17 തീയതികളിൽ സംഘടിപ്പിച്ചു.

### HDC - Contact Class

HDC - ഒന്നാം വർഷക്കാരുടെ അടുത്ത കോൺടാക്ട് ക്ലാസ്സ് നവംബർ 13, 20 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിലും, നവംബർ 17 ന് മണിമൂളി പാസ്റ്ററൽ സെന്ററിലും നടത്തുന്നതാണ്.

**റവ. ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

**2010 ലോഗോസ് ക്വിസിന്റെ വിജയികൾ**

ഈ വർഷത്തെ ലോഗോസ് ക്വിസിന്റെ വിജയികൾക്ക് അഭിനന്ദനങ്ങൾ, ആശംസകൾ. ഇവരെ ഒരുക്കുവാൻ സമയവും കഴിവും ഉപയോഗിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദി. വളരെ പ്രത്യേകമായി മാതാപിതാക്കളെയും, വികാരിയച്ചനേയും, മാതൃസംഘ ആനിമേറ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു. വിജയികൾക്കുള്ള സമ്മാനദാനം ഡിസംബർ 16–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്ന മാതൃസംഘം ജനറൽ ബോഡി യോഗത്തിൽ വെച്ച് നിർവഹിക്കുന്നതാണ്.

**എ. വിഭാഗം**

I സച്ചിൻ മറ്റത്തിലാനിക്കൽ – പോരൂർ
II അഞ്ജലി കുളങ്ങര – മുതിരേരി
III എലിസബത്ത് അമ്പാട്ട് – കൊട്ടിയൂർ
IV a. ഉഷസ് വടക്കേടത്ത് പുത്തൻപുര – പ്രശാന്തഗിരി
b. ആൻ സെബാസ്റ്റ്യൻ വാരിക്കാട്ട് – മീനങ്ങാടി
c. അൽഫോൻസ കുര്യൻ പറമ്പിൽ – പാതിരിപ്പാടം
V a. ത്രേസ്യാമ്മ ആഞ്ഞിലിവേലിൽ – അടയ്ക്കാത്തോട്
b. ആൽബിൻ മാത്യു മാതേയ്ക്കൽ – ചുള്ളിയാന
c. അന്നക്കുട്ടി കളമ്പുകാട്ട് – കുറ്റിമൂല
d. കാൽവിൻ ജോസ് – കൽപ്പറ്റ
e. മെറിൻ ജറാർദ്ദ് – മക്കിയാട്

**ബി. വിഭാഗം**

I ആഗ്നസ് അഴകനാൽ – നെടുമ്പാല
II അമ്പിളി മൂലക്കര – ചെന്നലോട്
III അന്നമ്മ കൊല്ലംപറമ്പിൽ – കല്ലോടി

IV a. അനുഷ പ്ലാവനാക്കുഴി - നരിവാലമുണ്ട
b. ജിസ്ന കൊല്ലംപറമ്പിൽ - വാളവയൽ
c. ബ്രിജിത്ത് പാളിത്തോട്ടം - പുൽപ്പള്ളി
V a. നവീൻ ഷോബി തുരുത്തേൽ - കൽപ്പറ്റ
b. ജോസഫ് കൊല്ലവേലിൽ - മുള്ളൻകൊല്ലി
c. അഭിന മൂലക്കര - ചെന്നലോട്
d. അഞ്ജുഷ പാട്ടപറമ്പിൽ - അടയ്ക്കാത്തോട്
e. ഫിയോണ വിൻസെന്റ് തുറുവേലികുന്നേൽ - ചുണ്ടക്കര

**സി. വിഭാഗം**

I അനിറ്റ അഴകനാൽ - നെടുമ്പാല
II സിമി തേനംമാക്കൽ - ചൂരൽമല
III സി. പ്രിൻസി ചാരുപ്ലാക്കൽ - കാട്ടിക്കുളം
IV a. ത്രേസ്യാമ്മ ചാക്കോ കറുകയിൽ - മണിമൂളി
b. സി. സ്മിത തെരേസ് SH - കൊട്ടിയൂർ
c. നിഷ കൊല്ലംമാട്ടേൽ - ഒണ്ടയങ്ങാടി
V a. വിസ്മയ വടക്കേൽ - കേണിച്ചിറ
b. സി. സബിത ജോസ് CMC - എടയൂർകുന്ന്
c. റോസമ്മ കത്തിൽകര - മുള്ളൻകൊല്ലി
d. സി. ലിഡിയ ലിസ്ബത്ത് CMC - കബനിഗിരി
e. ഷീന പാറയാനിയിൽ - മുള്ളൻകൊല്ലി

**ഡി. വിഭാഗം**

I സി. യാൻസി അബ്രാഹം SH - ചാരിറ്റി
II ജിൻസി മനു രാമപുറത്ത് - മക്കിയാട്
III ഓമന സൈമൺ - കുന്നൂർ
IV a. സി. ജോസി ടോം FCC - ദീപ്തിഭവൻ
b. സിൽവി കയത്തുംകര - അമ്പായത്തോട്
c. സി. ആനി തോമസ് CMC - മാനന്തവാടി ടൗൺ
V a. ജോമോൻ വലിയവീട്ടിൽ - അടയ്ക്കാത്തോട്
b. സി. റ്റിൻസി MLF - യവനാർകുളം
c. സി. റോസ്ന ജോസ് SH - മണിമൂളി
d. തോമസ് കുളത്തിങ്കൽ - പാടിച്ചിറ
e. ത്രേസ്യ ചന്ദനപറമ്പിൽ - മീനങ്ങാടി

**ഇ. വിഭാഗം**

I അച്ചാമ്മ തോമസ് കുന്നംകരിയിൽ - ഞാറപ്പാടം
II ഡോ. മേഴ്സി ജോർജ് - ബത്തേരി
III അന്നമ്മ പുതിയകുന്നേൽ - വൈത്തിരി

| | | | |
|---|---|---|---|
| IV | a. സി. സിസിലിയ SD | - | ഹിങ്കൽ |
| | b. ചിന്നമ്മ മാത്യു പാലിയത്ത് | - | ഇടിവണ്ണ |
| | c. ആനിയമ്മ | - | പാതിരിപ്പാടം |
| V | a. റോസിലിൻ തട്ടിൽ | - | മക്കിയാട് |
| | b. തോമസ് മംഗലത്ത് | - | ചുങ്കക്കുന്ന് |
| | c. ജിൻസി ഷാജി മുണ്ടമറ്റം | - | തേൾപ്പാറ |
| | d. റോസമ്മ കട്ടക്കയം | - | ചുള്ളിയാന |
| | e. സി. മരിയറ്റ CMC | - | തലഞ്ഞി |

**ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ**

I മുള്ളൻകൊല്ലി

II പോരൂർ

III ബത്തേരി

**ഇടവകാംഗങ്ങളുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

I ചുള്ളിയോട്

II പുതിയിടംകുന്ന്

III പനവല്ലി

**പ്രോത്സാഹന സമ്മാനം**

1. കുന്നംമ്പറ്റ
2. ജൂഡ്സ് മൗണ്ട്

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളേ,

'മാധ്യമങ്ങൾ മനുഷ്യമഹത്വത്തിന്' എന്ന പഠനവിഷയവുമായി മാധ്യമവർഷമാചരിക്കുന്ന നമ്മെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു പ്രോഗ്രാം അതാണ് മിഷൻ ലീഗിന്റെ സംസ്ഥാന വാർഷികം. വാർഷികത്തിന് വേണ്ട ഒരുക്കങ്ങൾ നടത്തണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. മിഷൻ ഞായറിനോടനുബന്ധിച്ച് പല ശാഖകളിലും മിഷൻ റാലികൾ നടത്തിയതിന്റെ റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. മിഷൻ മാസാചരണ പ്രവർത്തനങ്ങൾ സംസ്ഥാന വാർഷികത്തിന് കരുത്തു പകരുന്നതാകട്ടെ എന്ന് ആശംസിക്കുന്നു. ഇടവകകളിലെ മുഴുവൻ വാഹനങ്ങളും റാലി നടക്കുന്ന മാനന്തവാടിയിലേയ്ക്ക് ആളുകളെ എത്തിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ശാഖാ നേതൃത്വം നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. കേരളത്തിലെ മുഴുവൻ രൂപതകളിലും നിന്ന് അംഗങ്ങൾ റാലിക്കെത്തുമ്പോൾ നമ്മുടെ രൂപതയിലെ മുഴുവൻ ദൈവജനവും റാലിക്കെത്തണമെന്ന് അഭ്യർത്ഥിക്കുന്നു. വാർഷികാഘോഷവുമായി ബന്ധപ്പെട്ട് ഒക്ടോബർ മാസത്തിലെ ബുള്ളറ്റിനിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കുമല്ലോ. സംസ്ഥാന വാർഷികത്തിന് രൂപത മുഴുവന്റെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

സ്നേഹപൂർവ്വം,
**ടോമിയച്ചൻ**

### റേഡിയോക്കുറി

റേഡിയോകുറിയെ സംബന്ധിച്ചുള്ള വിശദാംശങ്ങളും പോസ്റ്ററുകളും ഇതിനോടകം ശാഖയിൽ എത്തിയല്ലോ. മിഷൻ ഞായറാഴ്ച കുറിതുടങ്ങാൻ സാധിക്കാത്ത ശാഖകൾ രൂപതാ കേന്ദ്രത്തിൽ അറി

യിച്ചതിന്ശേഷം എത്രയും വേഗം കുറി തുടങ്ങുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

## ചെറുപുഷ്പ മിഷൻലീഗ് രൂപതാ ബൈബിൾ കലോത്സവം

മിഷൻലീഗ് രൂപതാ ബൈബിൾ കലോത്സവം ഒക്ടോബർ 9-ാം തീയതി ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കന്ററി സ്കൂളിൽ നടന്നു. രൂപതയിലെ 12 മേഖലകളിൽ നിന്ന് കലാപ്രതിഭകൾ മത്സരിച്ച കലോത്സവം മിഷൻലീഗ് ദേശീയ വൈസ് ഡയറക്ടർ റവ.ഫാ. ജിമ്മി ഓലിക്കൽ ഉദ്ഘാടനം ചെയ്തു. റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. കല്ലോടി മേഖലാ ഡയറക്ടർ റവ.ഫാ. ജോണി പെരുമാട്ടിക്കുന്നേൽ ആശംസകൾ നേർന്നു. ജോ.സെക്രട്ടറി കുമാരി ദിൽന കാവനമാലിൽ നന്ദിപറഞ്ഞു. തുടർന്ന് 12 വേദികളിലായി മത്സരങ്ങൾ നടന്നു.

മത്സരത്തിൽ 371 പോയിന്റ് നേടി കല്ലോടി മേഖല ഒന്നാംസ്ഥാനവും 357 പോയിന്റ് നേടി നടവയൽ മേഖല രണ്ടാംസ്ഥാനവും 292 പോയിന്റ് നേടി കൊട്ടിയൂർ മേഖല മൂന്നാം സ്ഥാനവും നേടി. ശാഖാതലത്തിൽ നടവയൽ ശാഖ 183 പോയിന്റ് നേടി ഒന്നാംസ്ഥാനവും 111 പോയിന്റ് നേടി കല്ലോടിശാഖ രണ്ടാംസ്ഥാനവും 67 പോയിന്റ് നേടി ദീപ്തിഗിരിശാഖ മൂന്നാംസ്ഥാനവും നേടി. സമാപന സമ്മേളനത്തിൽ കല്ലോടി ഫൊറോനാവികാരി വെരി. റവ.ഫാ. ജോർജ് മമ്പള്ളിൽ സമാപനസന്ദേശവും സമ്മാനദാനവും നിർവ്വഹിച്ചു. രൂപതാ വൈ.പ്രസിഡന്റ് കുമാരി ജോസ്ന പാറക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ ഓർഗനൈസർ സജി വേങ്ങത്തടം നന്ദി പറഞ്ഞു. രൂപതാ എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾ ബൈബിൾ കലോത്സവത്തിന് നേതൃത്വം നൽകി.

മത്സരത്തിന് സഹായിച്ച സഹകരിച്ച ബഹു.വൈദികർക്കും സിസ്റ്റേഴ്സിനും ശാഖാ മേഖലാ ഭാരവാഹികൾക്കും രൂപതാടീം അംഗങ്ങൾക്കും സി.എം.എൽ. രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

## കഴിഞ്ഞ പ്രവർത്തനവർഷത്തെ മികച്ച മേഖല, ശാഖകൾ

കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങളുമായി മേഖലാതലത്തിൽ കൽപ്പറ്റമേഖല ഒന്നാം സ്ഥാനം നേടി. പയ്യംമ്പള്ളി മേഖല രണ്ടാംസ്ഥാനവും മണിമൂളി, തരിയോട് മേഖലകൾ മൂന്നാംസ്ഥാനവും നേടി.

## മികച്ച ശാഖകൾ

കഴിഞ്ഞ പ്രവർത്തനവർഷത്തെ ഏറ്റവും മികച്ച പ്രവർത്തനങ്ങ

ളുമായി മുതിരേരി ശാഖ ഒന്നാംസ്ഥാനവും അമ്പായത്തോട് ശാഖ രണ്ടാംസ്ഥാനവും കണിയാരം കത്തീഡ്രൽ ശാഖ മൂന്നാംസ്ഥാനവും നേടി. ഇതിനായി പ്രവർത്തിച്ച ശാഖാഡയറക്ടേഴ്സിനേയും ശാഖാ ഭാരവാഹികളേയും അഭിനന്ദിക്കുന്നു.

## സംസ്ഥാന ബൈബിൾ കലോത്സവം

നവംബർ 13-ാം തീയതി ശനിയാഴ്ച പാലാ രാമപുരം സെന്റ് ആഗസ്തിനോസ് കോളേജിൽ വെച്ച് നടക്കുകയാണ്. രൂപതാ ബൈബിൾ കലോത്സവത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാംസ്ഥാനം ലഭിച്ചവരും സംസ്ഥാന ബൈബിൾ കലോത്സവത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കും. മത്സരത്തിന് അർഹത നേടിയവർ മത്സരത്തിനായി തയ്യാറെടുക്കണമെന്ന് അറിയിക്കുന്നു.

സംസ്ഥാന മത്സരത്തിനുള്ള ചെലവ് ഒരാൾക്ക് 650 രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ 250 രൂപ പങ്കെടുക്കുന്ന കുട്ടിയും ശാഖയും കൂടി വഹിക്കേണ്ടതാണ്. ബാക്കി തുക രൂപത വഹിക്കുന്നതാണ്. സംസ്ഥാന മത്സരം പാലാ രൂപതയിലെ രാമപുരം സെന്റ് അഗസ്റ്റിൻസ് കോളേജിലാണ് നടക്കുന്നത്. സംസ്ഥാന കലാമത്സരത്തിൽ പങ്കെടുക്കുന്നതിനായി രൂപതാ മത്സര വിജയികൾ നവംബർ 12-ാം തീയതി വൈകുന്നേരം 5 മണിക്ക് ദ്വാരകയിൽ എത്തിച്ചേരേണ്ടതാണ്.

## കലാമത്സര പരിശീലനം

സംസ്ഥാന കലാമത്സരത്തിൽ പങ്കെടുക്കുന്നവർക്ക്വേണ്ട പരിശീലനം നവംബർ 12-ാം തീയതി വെള്ളിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. മത്സരത്തിൽ പങ്കെടുക്കുന്നവർ ശ്രദ്ധിക്കുമല്ലോ.

## ഗ്ലോറിയ ടെലിബൈബിൾ ക്വിസ്

സി.എം.എൽ. രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ടെലിബൈബിൾക്വിസ് നവംബർ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും 3-4 വരെ നടത്തുന്നതായിരിക്കും. മത്സരത്തിൽ പങ്കെടുക്കുന്നവർ എല്ലാ ഞായറാഴ്ചയും മേൽപറഞ്ഞ സമയം 04935-241017 എന്ന നമ്പറിൽ വിളിച്ച് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. വിഷയം - മാധ്യമവർഷം.

## എന്റെ മാറ്റൊലി

ശാഖകൾ അവതരിപ്പിക്കേണ്ട മാറ്റൊലി റേഡിയോ പ്രോഗ്രാം എല്ലാ ശാഖകളും നിശ്ചയിക്കപ്പെട്ട മാസത്തിൽ തന്നെ അവതരിപ്പിക്കാൻ പ്രോഗ്രാമുകൾ ക്രമീകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

പ്രിയരേ,

രൂപതാ ബൈബിൾ കലോത്സവം കഴിഞ്ഞു, ഇനി സംസ്ഥാന കലോത്സവത്തിന് തയ്യാറെടുത്ത് മാനന്തവാടി രൂപതയെ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്തെത്തിക്കാൻ നല്ല രീതിയിൽ പരിശീലനം നടത്തി മത്സരത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ മെഗാപ്രോഗ്രാം 63-ാം സംസ്ഥാനവാർഷികത്തിന് ഇനി അധികദിവസങ്ങളില്ല. ഒരു ലക്ഷത്തിൽപരം മിഷൻലീഗ് അംഗങ്ങൾ അണിനിരക്കുന്ന സംസ്ഥാന വാർഷികത്തിന് എല്ലാ ശാഖകളും മേഖലകളും തയ്യാറെടുത്തു തുടങ്ങിയിരിക്കുന്നു. സംസ്ഥാന വാർഷികം വിജയിപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ ആരംഭിക്കാത്തവർ ഉടൻതന്നെ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മിഷൻഞായർ വിഹിതം**

ശാഖകളിൽ കിട്ടുന്ന മിഷൻ പിരിവിന്റെ 15% രൂപതാ ഘടകത്തിലേയ്ക്കും, 10% മേഖലാ ഘടകത്തിലേയ്ക്കും വിഹിതമായി നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു. രൂപതാ മേഖലാ പ്രവർത്തനങ്ങൾക്ക് വേണ്ടി നൽകപ്പെടുന്ന ഈ തുക കൃത്യമായി നൽകാൻ ശാഖാ നേതൃത്വം ശ്രദ്ധിക്കുമല്ലോ.

**സംസ്ഥാന വിഹിതം**

സംസ്ഥാന വിഹിതമായി ശാഖകളിൽ നിന്നും തരേണ്ട നൂറ് രൂപ എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സംസ്ഥാനവാർഷികം - മേഖല, ശാഖാതല സ്വാഗതസംഘ രൂപീകരണം**

ഡിസംബർ 11-ാം തീയതി നടക്കുന്ന സംസ്ഥാന വാർഷികത്തിന് മുന്നോടിയായി ശാഖാ മേഖലാ തലത്തിലുള്ള സ്വാഗതസംഘ രൂപീകരണം നടത്താത്തവർ നവംബർമാസം തന്നെ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ശാഖാ മേഖലാതലത്തിൽ മുഴുവൻ ആളുകളെയും വാർഷികത്തിൽ പങ്കെടുപ്പിക്കുന്ന വിധത്തിൽ നേരത്തേതന്നെ ക്രമീകരണങ്ങൾ നടത്തണമെന്ന് അറിയിക്കുന്നു.

**സാൾട്ട്**

10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സംഘടിപ്പിച്ചിരിക്കുന്ന സാൾട്ട് 2010 നടത്താത്ത മേഖലകളിൽ ഈ മാസം തന്നെ സംഗമങ്ങൾ നടത്തണമെന്ന് അറിയിക്കുന്നു.

**ജാഗരണപ്രാർത്ഥന**

ചെറുപുഷ്പ മിഷൻലീഗ് 63-ാം സംസ്ഥാന വാർഷികത്തിന്

വിജയത്തിനായി നവംബർ 19-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം സിയോൻ കേന്ദ്രത്തിൽ വെച്ച് ജാഗരണ പ്രാർത്ഥന നടത്തുന്നു. മേഖലാ ഭാരവാഹികളും, രൂപതാ ടീം അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മീഡിയ**

2010 ശാഖാ സെമിനാറും സന്ദർശനവും നടവയൽ മേഖലയിൽ ആരംഭിക്കുന്നു.

## കുഞ്ഞേട്ടൻ സ്മാരക സ്കോളർഷിപ്പ്

കുഞ്ഞേട്ടന്റെ പേരിൽ സംസ്ഥാന സമിതി നൽകുന്ന സ്കോളർഷിപ്പിലേക്ക് വ്യക്തികളെ കണ്ടെത്തുവാനുള്ള മാനദണ്ഡങ്ങൾ താഴെ ചേർക്കുന്നു.

**മാനദണ്ഡം**

1. സി.എം.എൽ. പ്രവർത്തകരിൽ നിന്നാണ് സെലക്ഷൻ.
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ആയിരിക്കണം.
3. പഠനത്തിൽ മികവു പുലർത്തുന്നവരായിരിക്കണം.
4. SSLC കഴിഞ്ഞ് ഉപരിപഠനം നടത്തുന്നവർ ആയിരിക്കണം.
5. അപേക്ഷകൾ നവംബർ 15-ന് മുൻപ് രൂപതാ ഓഫീസിൽ ശാഖാ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടുകൂടി ലഭിക്കേണ്ടതാണ്.

## രൂപതാ ബൈബിൾ കലോത്സവത്തിൽ വിജയം കരസ്ഥമാക്കിയവർ

**സബ്ജൂണിയർ - പ്രസംഗം- ആൺകുട്ടികൾ**

| | | | |
|---|---|---|---|
| അജയ് ആന്റോ കൈതാരം | - | I A | കണിയാരം |
| ആമോദ് കല്ലറയ്ക്കൽ | - | II A | ആറാട്ടുതറ |
| സെബാസ്റ്റ്യൻ വട്ടത്തറ | - | III A | കണിയാരം |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| പ്രിയ മാനത്ത് | - | IA | കേളകം |
| അമല പള്ളത്ത് | - | II A | കല്ലോടി |
| അനീക പാലക്കാട്ടുകുന്നേൽ | - | III A | നടവയൽ |
| നമിത നെല്ലിയ്ക്കൽ | - | III A | മുട്ടിയേൽ |

**ലളിതഗാനം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| അമൽ സോജ് മാണികാവിൽ | - | IA | കല്ലോടി |
| റൂബിൻ പള്ളിക്കാത്തൊടി | - | II A | ചെന്നലോട് |
| ആദർശ് ചെട്ടിക്കാപ്പള്ളി | - | III B | പോരൂർ |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| ധനുമരിയ തെക്കുംകാട്ടിൽ | - | I A | ആടിക്കൊല്ലി |
| ക്രിസ്റ്റി വടക്കേക്കര | - | II A | ഒറ്റപ്ലാവ് |
| എലിസബത്ത് പുറവടി | - | III A | നിലമ്പൂർ |

**ബൈബിൾ വായന - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| അജയ് ആന്റോ കൈതാരം | - | IA | കണിയാരം |
| ടിന്റോ ചെറിയതറപ്പേൽ | - | IIA | പുൽപ്പള്ളി |
| ആമോദ് കല്ലറയ്ക്കൽ | - | IIIA | ആറാട്ടുതറ |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| നിമിഷ കൊല്ലംകൊമ്പിൽ | - | IA | കേളകം |
| ലിനു കരിക്കേടത്ത് | - | IIA | നടവയൽ |
| പ്രിയ മാനത്ത് | - | IIIA | കേളകം |

**കഥാപ്രസംഗം**

| | | | |
|---|---|---|---|
| അലീന പാലത്തിങ്കൽ | - | I A | മാർട്ടിൻനഗർ |
| കിറ്റി തേവറാട്ടുകുന്നേൽ | - | IIA | കല്ലോടി |
| ആൻമരിയ പുത്തൻതറ | - | IIIA | കബിനിഗിരി |

**സബ്ജൂണിയർ - സിംഗിൾ ഡാൻസ് - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| നേഹ വേലിയ്ക്കകത്ത് | - | I A | കൊട്ടിയൂർ |
| അലീന പാലത്തിങ്കൽ | - | IA | മാർട്ടിൻനഗർ |
| സ്റ്റിൽന അപ്പോഴിപറമ്പിൽ | - | IIA | മൂലങ്കാവ് |
| ഹെലൻ വേങ്ങച്ചുവട്ടിൽ | - | IIA | കണിയാരം |
| കിം തെരേസ് ചെമ്പനായിൽ | - | IIIA | വിളമ്പുകണ്ടം |
| അലൻമരിയ തെക്കിനാലിൽ | - | IIIA | കല്ലോടി |

**സീനിയർ - ബൈബിൾ ക്വിസ് - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| ആൽബിൻ താന്നിക്കാലായിൽ | - | I A | പറളിക്കുന്ന് |
| ഷൈൻ കുന്നേക്കുടി | - | IIB | പൂളപ്പാടം |
| ലൂയിസ് കിടങ്ങൂക്കാരൻ | - | IIIC | തോമാട്ടുചാൽ |

**ബൈബിൾ ക്വിസ് - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| ബ്ലസ്സി ചെറുതറപ്പേൽ | - | IA | കയ്യൂന്നി |
| ജിൻസി തോട്ടത്തിൽ | - | IIB | ചെന്നലോട് |
| ശാലിമ വാഴേക്കാലയിൽ | - | IIIB | കാട്ടിക്കുളം |

**കഥാപ്രസംഗം**

| | | | |
|---|---|---|---|
| ആൽഫി താന്നിക്കൽ | - | I A | ദ്വാരക |
| ഷീമ പുത്തൻപുരയ്ക്കൽ | - | IIA | നടവയൽ |
| നിമിഷ ആതത്താരയ്ക്കൽ | - | IIIA | ധർമ്മഗിരി |

**ലളിതഗാനം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| ടോണി വേലിയ്ക്കകത്ത് | - | IA | കുന്നലാടി |
| ആശിഷ് കോക്കാട്ട് | - | IIA | നടവയൽ |
| നെവൽരാഗ് പുതിയകുന്നത്ത് | - | IIIA | ബത്തേരി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| ഹർഷ ചെരുവിൽ | - | IA | ചോക്കാട് |
| അമൃത എരമംഗലം | - | IIA | ആറാട്ടുതറ |
| എൽസ നെടുമ്പാറ | - | IIIA | കൊട്ടിയൂർ |

**പ്രസംഗം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| സജേഷ് കുറുവൻവെളിയിൽ | - | IA | കമ്മന |
| സുബിൻ ചിറ്റിനപ്പിള്ളി | - | IIA | ബത്തേരി |
| ജ്യോതിഷ് ഇലഞ്ഞിക്കുഴി | - | IIIB | കല്ലോടി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| ഹർഷ ചെറുവേലിൽ | - | IA | എടപ്പെട്ടി |
| ഡോണ ചെറുതറപ്പേൽ | - | IIA | മണ്ണുവയൽ |
| ആൽഫി താന്നിക്കൽ | - | IIIA | ദ്വാരക |

**സൂപ്പർസീനിയർ - പ്രസംഗം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| ജിജിൽ കിഴക്കരക്കാട്ട് | - | IA | കുഞ്ഞോം |
| അരുൺ പ്ലാത്തോട്ടം | - | IIA | പോരൂർ |
| മാത്യു കുത്തുകല്ലുങ്കൽ | - | IIIB | ചുങ്കക്കുന്ന് |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| ജ്യോതിസ് പള്ളത്ത് | - | IA | നടവയൽ |
| ജിഷ പറയിടം | - | IIA | യവനാർകുളം |
| ലൈല കവളക്കാട്ട് | - | IIIA | മച്ചിക്കൊല്ലി |

**ബൈബിൾ ക്വിസ് - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| ടോമി കയത്തുംകര | - | IA | അമ്പായത്തോട് |
| കുര്യൻ ചിറമുഖം | - | IIA | പ്രശാന്തഗിരി |
| പയസ് അരുമായിൽ | - | IIIA | ചോക്കാട് |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| നിഷ കൊല്ലമ്മാട്ടേൽ | - | IA | മാർട്ടിൻനഗർ |
| നീതു പുനമറ്റത്തിൽ | - | IIA | പറളിക്കുന്ന് |
| ഏലിയാമ്മ കുപ്പയിൽ | - | IIIA | കൊമ്മയാട് |

**സൂപ്പർസീനിയർ - ലളിതഗാനം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| രാജേഷ് പനച്ചിക്കൽ | - | IA | കൊട്ടിയൂർ |
| ജെറിൻ കുന്നേൽ | - | IIA | പുതുശ്ശേരിക്കടവ് |
| ഷിനോജ് മാങ്കൂട്ടത്തിൽ | - | IIIA | ബത്തേരി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| റോസ് മരിയ ഉറുമ്പിൽ | - | IA | കബിനിഗിരി |
| ബീന വടക്കേക്കര | - | IIA | ഒറ്റപ്ലാവ് |
| റിനി ആരംപുളിക്കൽ | - | IIIA | വടക്കനാട് |

**ജൂണിയർ വിഭാഗം - പ്രസംഗം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| ടോണി അയ്യാനിക്കാട്ട് | - | IA | തവിഞ്ഞാൽ |
| മനു പാട്ടശ്ശേരി | - | IIA | വിമലഗിരി |
| ജെഫ്രിൻ കോട്ടയ്ക്കപുറത്ത് | - | IIIA | റൂബിനഗർ |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| ശ്രേയ ചിറപുറം | - | IA | നടവയൽ |
| ആതിര കുന്നുമ്മേൽ | - | IIA | ചെറുകാട്ടൂർ |
| ശ്രേയ വണ്ടൻമാക്കൽ | - | IIIB | നെടുംമ്പാല |

**ലളിതഗാനം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| ക്രിസ്റ്റീനോ ഉഷസ് | - | IA | ബത്തേരി |
| ജോയേൽ വല്ലയിൽ | - | IIA | ബത്തേരി |
| അജിത്ത് മഠത്തിൽ | - | IIIA | വെള്ളമുണ്ട |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| ജിയ വല്ലയിൽ | - | IA | ബത്തേരി |
| മരിയ കണിയാംകുന്നേൽ | - | IIA | പാലാങ്കര |
| എബിന മേക്കുഴിക്കാട്ട് | - | IIIA | നരിവാലമുണ്ട |

**കഥാപ്രസംഗം**

| | | | |
|---|---|---|---|
| അഞ്ജലി പുത്തൻപുരയ്ക്കൽ | - | IA | പയ്യംമ്പള്ളി |
| ശ്രേയ ചിറപുറം | - | IIA | നടവയൽ |
| ജോസിയ പാലത്തുംതലയ്ക്കൽ | - | IIIA | മുതിരേരി |

**ബൈബിൾ ക്വിസ് - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| മനു പാട്ടശ്ശേരിൽ | - | IA | വിമലഗിരി |
| ഡെൽവിൻ മറ്റത്തിനാനിക്കൽ | - | IIA | യവനാർകുളം |
| അഖിൽ ആളൂക്കാരൻ | - | IIIA | പറളിക്കുന്ന്, നടവയൽ |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| അമ്പിളി മൂലക്കര | - | IA | ചെന്നലോട് |
| അഭിന മൂലക്കര | - | IIA | ചെന്നലോട് |
| അഞ്ജലി കുളങ്ങര | - | IIIA | മുതിരേരി |

**സിംഗിൾ ഡാൻസ്**

| | | | |
|---|---|---|---|
| അലീന വട്ടക്കുന്നേൽ | - | IA | കേളകം |
| നീതു എടപ്പാട്ട് | - | IIA | ഇരുളം |
| അന്നമ്മ പോൾ കുഴികണ്ടത്തിൽ | - | IIIA | മുള്ളൻകൊല്ലി |
| അയന കൊട്ടാരം | - | IIIA | പോരൂർ |

**ബൈബിൾ ദൃശ്യാവതരണം**

| | | | |
|---|---|---|---|
| ജോയ്സ് ചീങ്കല്ലേൽ & ടീം | - | IA | നടവയൽ |
| ജോസഫ് പതിപ്പള്ളിൽ & ടീം | - | IIA | കൊട്ടിയൂർ |
| ജോൺസൺ മണ്ണാർകുളം & ടീം | - | IIIA | ഗൂഡല്ലൂർ |

**പരിചമുട്ട്കളി**

| | | | |
|---|---|---|---|
| ഷിനു കളർതൊട്ടിയിൽ & ടീം | - | IA | നടവയൽ |
| സെബിൻ കടകേലിൽ & ടീം | - | IIA | പോരൂർ |
| ഗ്ലാഡ്സൺ പനച്ചേൽ & ടീം | - | IIIA | കേളകം |

**മാർഗ്ഗംകളി**

| | | | |
|---|---|---|---|
| ജ്യോതിസ് പള്ളത്ത് & ടീം | - | IA | നടവയൽ |
| റോസ് മേരിയ ആക്കാന്തരി & ടീം | - | IIA | മുള്ളൻകൊല്ലി |
| ക്രിസ്റ്റി മരിയ പള്ളിക്കുന്നേൽ & ടീം | - | IIIB | ദീപ്തിഗിരി |

**ഗ്രൂപ്പ്സോംഗ്**

| | | | |
|---|---|---|---|
| ജെസ്‌ലിൻ കുറിച്ചാത്ത് & ടീം | - | IA | നടവയൽ |
| ക്രിസ്റ്റീനോ ഉഷസ് & ടീം | - | IIA | ബത്തേരി |
| അനു മാമ്പള്ളിക്കുന്നേൽ & ടീം | - | IIIA | യവനാർകുളം |

**മിഷൻ ആന്തം**

| | | | |
|---|---|---|---|
| ഷീബ കാഞ്ഞിരത്തിങ്കൽ & ടീം | - | IA | കൽപ്ര |
| റിന്റു കാരിക്കാട്ടുകുഴിയിൽ & ടീം | - | IIA | നടവയൽ |
| ആൽബിൻ ചെറുപ്ലാവിൽ & ടീം | - | IIIA | കല്ലോടി |

**സമ്മാനകൂപ്പൺ**

ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപത പ്രവർത്തനഭാഗമായി

ഇറക്കിയ സമ്മാനകൂപ്പണിന്റെ നറുക്കെടുപ്പ് 19-10-2010 എക്സിക്യൂട്ടീവിൽ നടത്തപ്പെട്ടു. നറുക്കെടുപ്പ് ഫലം താഴെകൊടുക്കുന്നു.

ഒന്നാംസമ്മാനം - ജൂഡ് ടോണി പാരിപ്പള്ളിൽ തോണിച്ചാൽ 11379
രണ്ടാംസമ്മാനം - ജെറിൻ ജെയിംസ് പറളിക്കുന്ന് 14801
മൂന്നാം സമ്മാനം - മിനി കൈത്താൻ തവിഞ്ഞാൽ 1893

**പ്രോത്സാഹന സമ്മാനം**

| | | | |
|---|---|---|---|
| 1 | കയ്യൂന്നി | അന്നമ്മ ജോസഫ് | 22998 |
| 2 | മാനന്തവാടി | റ്റി.സി. റെജി ജേക്കബ് | 240170 |
| 3 | തേൾപ്പാറ | ജിഷാർ മെട്രിക്കൽസ് | 2116 |
| 4 | റൂബിനഗർ | ഉണ്ണിക്കുട്ടൻ തോരക്കുന്നേൽ | 2515 |
| 5 | കുന്നലാടി | ജിൻസി | 22888 |
| 6 | മുതിരേരി | അബിജിത്ത് തോട്ടങ്ങര | 5541 |
| 7 | തലഞ്ഞി | റിന്റു പ്രിൻസ് | 4314 |
| 8 | ചുള്ളിയോട് | ലത | 21291 |
| 9 | കുഞ്ഞോം | പാതുഷ് | 9741 |
| 10 | ആറാട്ടുതറ | ഷിജി | 29937 |
| 11 | മീനങ്ങാടി | ആകാശ് | 21870 |
| 12 | കല്പറ്റ | ജേക്കബ് പൈകട | 36333 |
| 13 | പൂക്കോട്ടുംപാടം | പ്രസാദ് | 1112 |
| 14 | ആലാറ്റിൽ | നിധിൻ ജോസ് | 1179 |
| 15 | ബത്തേരി | ഷാജി | 20151 |
| 16 | ചുള്ളിയാന | ജോജോ എം എം | 6638 |
| 17 | കുറുമണി | സിബി ജോസ് മൂലേത്ത് | 24614 |
| 18 | നിലമ്പൂർ | എം എ വഹാബ് | 248 |
| 19 | കാരക്കാമല | അവിഷ്ണവ് | |
| 20 | ചെറുകാട്ടൂർ | അരുമ സോജൻ | 12056 |
| 21 | പോരൂർ | ആൽബിൻ പല്ലാട്ടുകുന്നേൽ | 4079 |
| 22 | പാതിരിപ്പാടം | സുഭമ ചേച്ചി | 4641 |
| 23 | വിളമ്പുകണ്ടം | പെണ്ണമ്മ കുരുത്തേൽ | 1778 |
| 24 | വിമലഗിരി | നിധിൻ കളരിക്കൽ | |
| 25 | പാലേമാട് | അൽവിൻ മത്തായി | 3611 |
| 26 | ദ്വാരക | ബെന്നി തോപ്പിൽ | 7459 |
| 27 | ബോയ്സ്ടൗൺ | മോളി കെ.ജെ. | 4236 |
| 28 | പൂളപ്പാടം | പ്രവീണ പി.കെ. പള്ളിക്കര | 778 |
| 29 | കൊമ്മയാട് | ഗീത ജയദാസ് | 9210 |

| | | | |
|---|---|---|---|
| 30 | പനംചിറ | അതുൾ പീറ്റർ | 31920 |
| 31 | ചാരിറ്റി | അനൻസിയ | 30681 |
| 32 | പാലാങ്കര | ജോളി ജോസഫ് | 4891 |
| 33 | എടപ്പെട്ടി | ആൻസിൻ മുല്ലേലി | 30751 |
| 34 | അടയ്ക്കാത്തോട് | ആൻസൻ | 32105 |
| 35 | തോണിച്ചാൽ | ഒലിവിയ ഷാജു | 11868 |
| 36 | വൈത്തിരി | റോസിലി ബേബി | 26269 |
| 37 | മണിമൂളി | പൗളിൻ | 2896 |
| 38 | കമ്മന | അലീന ജോസ് | 29474 |
| 39 | തലപ്പുഴ | ജെസ്ലിൻ | 4488 |
| 40 | കല്ലോടി | സോണി തോമസ് | 8128 |
| 41 | പട്ടാണികൂപ്പ് | അനുഫിലിപ്പ് തേക്കുംകാട്ടിൽ | 17678 |
| 42 | കണിയാമ്പറ്റ | പി.ജെ. ജോസഫ് | 36406 |
| 43 | അരിഞ്ചേർമല | ജിജിൻ വർഗ്ഗീസ് | 11975 |
| 44 | അരുൾനിലയം | അമ്പിളി | 33766 |
| 45 | കുറ്റിമൂല | ക്രിസ്റ്റി പൂളിക്കൽ | 2073 |
| 46 | അമ്പായത്തോട് | അലന്റീന | 33129 |
| 47 | തോമാട്ടുചാൽ | എ.വി. ജോസ് | 21171 |
| 48 | മുണ്ടേരി | റോസമ്മ പാലക്കാട്ടുതോട്ടത്തിൽ | 4910 |
| 49 | മക്കിയാട് | സി. ഇന്നസെന്റ് | 10096 |
| 50 | വാഴവറ്റ | സാബു വഴുതേക്കാട്ടിൽ | 26943 |
| 51 | പയ്യംപള്ളി | വിനി തെനക്കുഴിയിൽ | 35254 |
| 52 | മാർട്ടിൻനഗർ | ലിസി കാരക്കട | 34450 |
| 53 | വെള്ളമുണ്ട | സന്തോഷ് | 10506 |
| 54 | നരിവാലമുണ്ട | ആൽബിൻ ബെന്നി | 3130 |
| 55 | അമ്പലവയൽ | ജോസ് കാവുംപറമ്പിൽ | 18970 |
| 56 | ഒറ്റപ്ലാവ് | ടോം ചെറുകുന്നേൽ | 28685 |
| 57 | കബിനിഗിരി | സിജു പള്ളിത്താഴത്ത് | 16333 |
| 58 | കേണിച്ചിറ | അഖില | 13692 |
| 59 | മരകാവ് | ടുട്ടു എള്ളങ്കിൽ | 16108 |
| 60 | ചെന്നലോട് | ഫാ. സെബാസ്റ്റ്യൻ പാലക്കിൽ | 23980 |
| 61 | ജൂഡ്സ് മൗണ്ട് | ഷിനു മാത്യു മഠത്തിപ്പറമ്പിൽ | 7849 |
| 62 | പാറത്തോട്ടം | റഹ്മത്ത് | 3300 |
| 63 | ശാന്തിഗിരി | വർക്കി പൗവ്വത്തിൽ | 28806 |
| 64 | യവനാർകുളം | ജോയി കൊച്ചുകുടിയിൽ | 6432 |

| | | | |
|---|---|---|---|
| 65 | ഒലിവുമല | രാജു | 36773 |
| 66 | നെയ്ക്കുപ്പ | സിറിൾ | 10242 |
| 67 | ബെക്കി | സൗമ്യ എഫ്.സി.സി. | |
| 68 | പടമല | മോളി വീക്കപ്പാറ | 27261 |
| 69 | ദീപ്തിഗിരി | ആൽബിൻ പ്ലാക്കാട് | 0060 |
| 70 | ഇരുളം | ജോൺ | 16043 |
| 71 | പാൽച്ചുരം | ജോയ്സ് ജോസഫ് | 23702 |
| 72 | നിരവിൽപ്പുഴ | അശ്വതി സി.എ. | 10400 |
| 73 | അമരക്കുനി | ആന്റണി പ്ലാക്കൂട്ടത്തിൽ | 16808 |
| 74 | നടവയൽ | എൽബിൻ മഞ്ഞക്കാലയിൽ | 14805 |
| 75 | ഞാറപ്പാടം | മിനിഷ | 4732 |
| 76 | തരിയോട് | സീന തോമസ് | 30395 |
| 77 | ഇടയൂർകുന്ന് | മിധുനി പുത്തൻവീട് | 24906 |
| 78 | കല്ലുവയൽ | അനസു റ്റി.വി. തെക്കുംചേരി | 13240 |
| 79 | വാഴവറ്റ | മത്തായി പറത്തിപ്പറമ്പിൽ | 26675 |
| 80 | കൊട്ടിയൂർ | സി. റെജിൻ കാപ്പിൽ | 277665 |
| 81 | കൽപ്ര | ലിബിൻ കെ.ജെ. കളപ്പുരയ്ക്കൽ | 32255 |
| 82 | വാളവയൽ | ഷിജു പി.എം. പേപ്പതിയിൽ | 15028 |
| 83 | പുതിയിടംകുന്ന് | ആൽവിൻ ഷാജു കുഴിവേലിൽ | 11141 |
| 84 | പേരിയ | വർഗ്ഗീസ് തെക്കേക്കരിയിൽ | 3412 |
| 85 | കേളകം | ടോമി കളത്താമറ്റം | 27506 |
| 86 | സീതാമൗണ്ട് | ലിയ ജോസഫ് വെട്ടിക്കാട്ട്പുത്തൻപുര | 18254 |
| 87 | റിപ്പൺ | ജോസ് പുലവയൽ | 36989 |
| 88 | കുറുമ്പാല | ജോസ്മിൻ ആരിച്ചാലിൽ | 24886 |
| 89 | പുഴമുടി | മേരി ഫിലിപ്പ് | 37145 |
| 90 | ശിശുമല | മിന്നു | 18441 |
| 91 | വലിയകൊല്ലി | ജോമോൾ അറയ്ക്കൽ | 5998 |
| 92 | കാവുംമന്ദം | ഗ്രേസി നെല്ലിക്കാട്ടിൽ | 25182 |
| 93 | തവിഞ്ഞാൽ | ഗോഡ്സൻ സി.വി. | 4862 |
| 94 | പാടിച്ചിറ | ഷാജി പഴന്തോട്ടം | 17474 |
| 95 | പ്രശാന്തഗിരി | ഹംസ പൂളക്കോട് | 6038 |
| 96 | കരിമാനി | അനുമാത്യു | 1700 |
| 97 | മംഗളം | മിധുൻ മാത്യു തെന്നാടിയിൽ | 26244 |
| 98 | മൺവയൽ | മിഥുൻ മാത്യു | 31524 |

| | | |
|---|---|---|
| 99 മച്ചിക്കൊല്ലി | ഗണേശ് | 81426 |
| 100 അപ്പപ്പാറ | സതീഷ് പുൽപ്ര | 35992 |
| 101 മുള്ളൻകൊല്ലി | ലൂസി കുരിശിങ്കൽ | 17257 |
| 102 കുന്നൂർ | ക്ലാര | 23562 |
| 103 കരിമ്പിൽ | സണ്ണി | 8663 |
| 104 കോട്ടത്തറ | ജിതേഷ് പി. ആർ. വാളൽ | 24126 |
| 105 നെല്ലിയോടി | ടോമി പാനികുളങ്ങര | 28314 |
| 106 ഇടിവണ്ണ | ബെറ്റ്സിൻ ഞള്ളമ്പുഴ | 2080 |
| 107 ഏലപ്പീടിക | ആർഷ ജോണി കോച്ചേരിപ്പടവിൽ | 1392 |
| 108 പനവല്ലി | ബിന്ദു എൻ ചിന്തടി | 35926 |
| 109 കല്ലുമുക്ക് | അച്ചു | 19340 |
| 110 പുതുശ്ശേരി | ശ്യാമ പെരുമ്പയിൽ | 10829 |
| 111 ചുണ്ടക്കര | ആന്റണി പാറപ്പുറത്ത് | 12796 |
| 112 തൃശ്ശിലേരി | ഷാജി ചക്കാലയ്ക്കൽ | 29683 |
| 113 പറളിക്കുന്ന് | മോളി കുര്യൻ | 14880 |
| 114 മരക്കടവ് | ചിന്നമ്മ ചാക്കോ ഓങ്ങാട് | 16725 |
| 115 വാളാട് | ജോസഫ് തെക്കുംപുറത്ത് | 5636 |
| 116 ചുങ്കക്കുന്ന് | അഖിൽ കുറ്റിയാനിക്കൽ | 33458 |
| 117 വെള്ളൂന്നി | മറിയം കുറുമുള്ളിൽ | 29219 |
| 118 ചോക്കാട് | അനിറ്റ തേക്കിലക്കാട്ടിൽ | 1284 |
| 119 പുതുശ്ശേരിക്കടവ് | ഷഹാന ഐവാൻ | 25798 |
| 120 പുൽപ്പള്ളി | ഫിദ ഫാത്തിമ | 17828 |
| 121 ചിത്രഗിരി | സജ്ജു ജോസഫ് തറപ്പേൽ | 20214 |
| 122 കണിയാരം | ബിജു വാഴത്തോട്ടത്തിൽ | 3069 |
| 123 മഞ്ഞൂറ | അനീന ബെന്നി മഞ്ഞപ്പൂള്ളിൽ | 25481 |
| 124 കാട്ടിക്കുളം | ലിജി തോമസ് | 34810 |
| 125 നിലമ്പൂർ | റ്റെരി | 338 |
| 126 പന്തിപ്പൊയിൽ | ജിജി എളമ്പാശ്ശേരി | 30533 |
| 127 തെനേരി | മഞ്ജുമരിയ | 26744 |
| 128 മരുത | ആൽഫി | 3412 |
| 129 കടൽമാട് | റാണിമാത്യു | 21401 |
| 130 മംഗലശ്ശേരി | അമല ബെന്നി | 10198 |
| 131 വാകേരി | സോബിൻ ജോസഫ് | 20601 |
| 132 കൊളവയൽ | സിബി ജെയിംസ് പാറേപറമ്പിൽ | 36717 |

പേരില്ലാത്ത ശാഖകൾ ഓഫീസുമായി ബന്ധപ്പെടുക. കൊണ്ടുപോയ കൂപ്പൺ മുഴുവനും തരാത്ത ശാഖകൾ ഉടനെ കൂപ്പൺ എത്തിക്കണം. നഷ്ടപ്പെട്ടുവെങ്കിൽ അതിന്റെ പൈസ അടയ്ക്കേണ്ടതാണ്. എങ്കിലേ സമ്മാനങ്ങൾ നൽകപ്പെടുകയുള്ളൂ. സമ്മാനങ്ങൾ രൂപതാ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

**മേഖലാ വാർത്തകൾ**

**കൊട്ടിയൂർ മേഖല**

മേഖലാ കലാമത്സരം നടത്തി. മേഖലാ മത്സരത്തിൽ വെള്ളൂന്നി ശാഖ ഒന്നാംസ്ഥാനവും കേളകം ശാഖ രണ്ടാംസ്ഥാനവും കൊട്ടിയൂർ ശാഖ മൂന്നാംസ്ഥാനവും കരസ്ഥമാക്കി.

**ശാഖാ വാർത്തകൾ**

*പേരിയ, അമ്പായത്തോട്, മരക്കടവ്, ഏലപ്പീടിക, പുഴമുടി, കേണിച്ചിറ, വിളമ്പുകണ്ടം, ഇടിവണ്ണ:-* എന്നീ ശാഖകൾ രോഗീസന്ദർശനം, ഭവനസന്ദർശനം, പരിസരം വൃത്തിയാക്കൽ എന്നിവ നടത്തി.

*കൊമ്മയാട് :-* സെമിത്തേരി വൃത്തിയാക്കി

*പയ്യംമ്പള്ളി :-* റേഡിയോ മാറ്റൊലിയിൽ അഞ്ജലി പുത്തൻപുരയ്ക്കൽ കഥാപ്രസംഗം അവതരിപ്പിച്ചു.

*അരിഞ്ചേർമല :-* ഫാ. ഈറ്റക്കാക്കുന്നേൽ അച്ചന് വേണ്ടി വി.കുർബാനയും ഒപ്പീസും നടത്തി.

*ശശിമല :-* പള്ളിപരിസരം വൃത്തിയാക്കി

*മുണ്ടേരി :-* വന്യമൃഗ ശല്യത്തിനെതിരെ ഒപ്പ് ശേഖരിച്ചു.

*മച്ചിക്കൊല്ലി :-* മേഖലാ കലാമത്സരത്തിൽ 2-ാം സ്ഥാനം നേടി.

*ഞാറപ്പാടം :-* ചോക്കാട് അഗതിമന്ദിരം സന്ദർശിച്ചു. ഭക്ഷണസാധനങ്ങൾ വിതരണം ചെയ്തു. മതബോധന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അച്ചാമ്മ കുന്നംകേരിയിലിനെ ആദരിച്ചു.

*ചുങ്കക്കുന്ന് :-* പേരാവൂർ മരിയഭവൻ സന്ദർശിച്ചു. അരിയും വസ്ത്രവും പണവും നൽകി.

*വാളവയൽ :-* മിഷൻ മാസാചരണത്തിന്റെ ഭാഗമായി എല്ലാ വീടുകളിലും പതാക ഉയർത്തുന്നതിനായി പതാക നിർമ്മിച്ചു നൽകി.

*ദ്വാരക :-* ഇടവക തിരുനാളിനോടനുബന്ധിച്ച് കലാകായിക മത്സരം നടത്തി, ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്ക് ക്ലാസ് സംഘടിപ്പിച്ചു.

*കാട്ടിക്കുളം :-* ഗുരുവന്ദനം, അധ്യാപകദിനം വിപുലമായി ആചരിച്ചു.

*കടൽമാട് :-* മതാധ്യാപകരെ ആദരിച്ചു.

*മരകാവ് :-* ആരാധനയും കൊന്തയും നടത്തി.
*നരിവാലമുണ്ട :-* മേഖലാ കലാമൽസരത്തിൽ ഒന്നാംസ്ഥാനം നേടി.
*പൂളപ്പാടം :-* ഭവനനിർമ്മാണത്തിനുവേണ്ടി 1500 രൂപ സഹായമായി നൽകി. ഭവനനിർമ്മാണത്തിൽ സി.എം.എൽ. അംഗങ്ങൾ സഹായിച്ചു.
*പുതുശ്ശേരിക്കടവ് :-* എയ്ഞ്ചൽ മീറ്റിംഗിൽ കുട്ടികൾ പങ്കെടുത്തു.
*കുറുമണി :-* പള്ളിപണിക്ക് സി.എം.എൽ. അംഗങ്ങൾ സഹായിച്ചു.
*ചിത്രഗിരി :-* അർദ്ധദിന സെമിനാർ നടത്തി.
*പാലാങ്കര :-* ടെലിഫിലിം പ്രകാശനം ചെയ്തു. തൂവ്വൂർ അഗതിമന്ദിരം സന്ദർശിച്ചു.
*മുട്ടിയേൽ :-* അൾത്താരബാല സംഗമം നടത്തി.
*മാർട്ടിൻ നഗർ :-* പാവപ്പെട്ട മൂന്ന് കുട്ടികൾക്ക് ഉടുപ്പ് വാങ്ങിക്കൊടുത്തു. ഹോസ്പിറ്റൽ സന്ദർശനം നടത്തി.
*തവിഞ്ഞാൽ :-* മെറീനയ്ക്ക് പഠനസഹായം നൽകി.
*വെള്ളമുണ്ട :-* ക്രിസ്റ്റീൻ ധ്യാനം നടത്തി.
*വെള്ളൂന്നി :-* മേഖലാ മത്സരത്തിൽ ശാഖ ഒന്നാംസ്ഥാനം നേടി.
8 നോമ്പിനോട് അനുബന്ധിച്ച് ചെയിൻ റോസറി നടത്തി.
*പോരൂർ :-* ശാഖയിൽ കൗൺസിലിംഗ് ആരംഭിച്ചു. പള്ളിപരിസരം വൃത്തിയാക്കി.
*കല്പറ്റ :-* ഗവ.ഹോസ്പിറ്റലിൽ എല്ലാ ചൊവ്വാഴ്ചയും അന്നദാന ശുശ്രൂഷ നടത്തി.
*ഒലിവുമല :-* മതാധ്യാപകദിനം സമുചിതമായി ആഘോഷിച്ചു. അധ്യാപകരെ ആദരിച്ചു.
*ചാരിറ്റി:-* സെമിനാർ നടത്തി. തോമസ് ഏറണാട്ട് സാർ ക്ലാസ് നയിച്ചു.
*വൈത്തിരി :-* സൗഹൃദസന്ദർശനം നടത്തി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ, സ്വാതന്ത്ര്യദിനം എന്നിവ സി.എം.എൽ. അംഗങ്ങൾ സമുചിതമായി ആഘോഷിച്ചു. മേഖലാതല കലാമത്സരത്തിൽ പങ്കെടുത്തു.
*പുൽപ്പള്ളി :-* മതാധ്യാപകർക്ക് കുട്ടികൾതന്നെ നിർമ്മിച്ച കാർഡുകൾ നൽകി ആശംസകൾ അർപ്പിച്ചു.
*പുതിയിടം :-* കൈതക്കൊല്ലി കപ്പേള വൃത്തിയാക്കി

**ബിനു മാങ്കൂട്ടത്തിൽ**
സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

കാലം ഒരു ചെറുതുണ്ടായി കടന്നുപോകുന്നു. കാലങ്ങൾ കഴിയുംതോറും കോലങ്ങൾ പുതുക്കിപ്പണിയേണ്ടിയിരിക്കുന്നു. കോലങ്ങൾക്ക് കൊടുത്തിരിക്കുന്ന ഛായങ്ങൾ എങ്ങോ, എവിടേയ്ക്കോ ഒലിച്ചുപോയിരിക്കുന്നു. അവശേഷിക്കുന്നത് ജീർണ്ണിച്ച കോലങ്ങൾ മാത്രം. പക്ഷെ, ഈ ജീർണ്ണതയുടെ കോമരങ്ങൾക്ക് വീണ്ടും പുതുമയുടെ ചായക്കൂട്ടുകൾ ചേർത്ത് മോടി പിടിപ്പിക്കണം. ഈ ജീർണ്ണാവസ്ഥയെ പുനരുദ്ധരിക്കുവാൻ ഇന്ന് ആർക്ക് കഴിയും? ഇന്നിന്റെ യുവത്വത്തിന് സാധിച്ചില്ലെങ്കിൽ പിന്നെ ആർക്ക് സാധിക്കും!

യുവത ഉണർന്നെഴുന്നേൽക്കണം. ജീർണ്ണതയുടെ കൂമ്പാരങ്ങളിൽ മുങ്ങിപ്പോകാതെ, നന്മയുടെയും, സത്യത്തിന്റെയും പ്രഭാവലയത്തിൽ പുത്തൻ പ്രഭാതത്തിന് തിരി തെളിക്കണം. ഇവിടെ ഉണർവ്വിന്റെ തേജസ്സായ യുവത്വത്തിനായി തുറന്നിട്ടിരിക്കുന്ന വാതായനങ്ങളാണ് ഈ കാലഘട്ടത്തിലുള്ളത്. സമൂഹ മന:സാക്ഷിക്ക് മുമ്പിൽ എന്നും ചോദ്യങ്ങളുടെ ശരങ്ങളുമായി നിലയുറപ്പിക്കുന്ന യുവതലമുറയ്ക്ക്, അവരുടെ ധാർമ്മികതയുടെ ചോരതിളപ്പിൽ ചെയ്തുതീർക്കുവാൻ ആനുകാലികതയുടെ നൂറുകണക്കിന് പ്രവർത്തിമണ്ഡലങ്ങൾ... ജീർണ്ണതയുടെ വടുക്കളേറി നിൽക്കുന്ന കാലമാം കോലത്തിന് സത്യത്തിന്റേയും നീതിയുടെയും ധർമ്മത്തിന്റെയും ചായം പൂശുവാൻ യുവാക്കളേ നിങ്ങൾക്ക് മാത്രമേ സാധിക്കൂ. നിങ്ങളുടെ മുമ്പിൽ തുറന്നിട്ടിരിക്കുന്ന വിശാലതയുടെ മേച്ചിൽപ്പുറങ്ങളിൽ നന്മയുടെ പൊൻകിരണങ്ങൾ വിരിയിക്കാൻ നിങ്ങൾക്ക് സാധിക്കണം.

"അങ്ങയുടെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത എന്നെ വിഴുങ്ങിക്കഴിഞ്ഞു" (സങ്കീ. 69/9) എന്ന സങ്കീർത്തകന്റെ ഹൃദയഭാവം

നിറഞ്ഞ യുവത – വഴിയും സത്യവും ജീവനുമായവന്റെ ഹൃദയത്തുടിപ്പുകളുമായി സജീവതയുടെ കരുത്തും ഉർജ്ജസ്വലതയും വീണ്ടെടുത്ത് കാലത്തിന്റെ സ്മൃതി മണ്ഡലങ്ങളിൽ വിജയത്തിന്റെ ഭേരി മുഴക്കുവാൻ ജീവിതത്തിന്റെ സുവർണ്ണകാലഘട്ടം നെഞ്ചിലേറുന്ന കരുത്തുറ്റ യുവജനതയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഒപ്പം, നനുത്ത പ്രഭാതത്തിന്റെ ഹൃദ്യതയോടെ കടന്നുവരുന്ന ഡിസംബറിന്റെ നാളുകളിൽ കേരളത്തിലെ മുഴുവൻ യുവജനങ്ങളുടെയും കലാവൈഭവങ്ങൾ വർണ്ണവിസ്മയങ്ങൾ തീർത്ത് ഉത്സവ ലഹരിയിലേയ്ക്ക് ഉയരുന്ന നാളുകൾക്ക് വിജയാശംസകൾ...

സ്നേഹപൂർവ്വം,
**സണ്ണിയച്ചൻ**

## ഉത്സവ് 2010

കേരളത്തിലെ 30 രൂപതകളിൽ നിന്നായി രണ്ടായിരത്തോളം യുവജനങ്ങൾ വയനാടൻ മലനിരകളിലൂടെ ദ്വാരകയിലേയ്ക്ക് പ്രവഹിക്കുകയായി. സർഗ്ഗാത്മകതയുടെ താളവിസ്മയങ്ങൾ തീർത്ത്, കലാസാഹിത്യ മത്സരങ്ങളുടെ ഉണർത്തുപാട്ടുമായി ഡിസംബർ 3,4,5 തീയതികളിൽ മാനന്തവാടി രൂപതയുടെ ആതിഥേയത്വത്തിൽ കെ.സി.വൈ.എം. സംസ്ഥാന കലാമത്സരങ്ങൾ ദ്വാരക സേക്രട്ട്ഹാർട്ട് ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. രൂപതയിലെ എല്ലാ വൈദികരേയും, സന്യസ്തരേയും, യുവജനങ്ങളേയും ഈ 'ഉത്സവ് –2010' ലേയ്ക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. രൂപതാ തലത്തിൽ വിജയികളായവർ വീണ്ടും പരിശീലനങ്ങൾ നടത്തി വിജയസോപാനത്തിലേയ്ക്ക് കടന്നുകയറുവാൻ ഒരുങ്ങി വരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന ഒരുക്കങ്ങൾക്ക് എല്ലാവരുടേയും പിന്തുണയും സഹകരണവും പ്രാർത്ഥനകളും അഭ്യർത്ഥിക്കുന്നു.

ഡിസംബർ 3–ന് വൈകിട്ട് ആരംഭിക്കുന്ന ഉത്സവ്–2010, 5 ന് ഞായറാഴ്ച വൈകുന്നേരം 4 ന് അവസാനിക്കുന്നതാണ്. 4 ന് ശനിയാഴ്ച വൈകുന്നേരം 7 മണിക്ക് പൊതുസമ്മേളനം, തുടർന്ന് കലാസന്ധ്യ. ഈ പൊതുസമ്മേളനത്തിലേക്കും മത്സരങ്ങളിലേക്കും എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**സണ്ണിയച്ചൻ**

## Pearl 2010

കെ.സി.വൈ.എം. മാനന്തവാടി രൂപത കലാമത്സരം Pearl 2010 ഒക്ടോബർ 2–ാം തീയതി മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച്

നടന്നു. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ അധ്യക്ഷനായിരുന്നു. ന്യൂമാൻസ് കോളേജ് പ്രിൻസിപ്പാൾ റവ.ഫാ. ബിജോ കറുകപ്പള്ളി മത്സരങ്ങൾ ഉത്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ബെന്നി പച്ചിക്കൽ സ്വാഗതവും രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖ പ്രഭാഷണവും വൈസ് പ്രസിഡന്റ് കുമാരി സീന എടമറ്റത്തിൽ നന്ദിയും അർപ്പിച്ചു. 4 സ്റ്റേജുകളിലായി നടന്ന മത്സരങ്ങളിൽ വിവിധ മേഖലകളിൽ നിന്നുള്ള മത്സരാർത്ഥികൾ ഏറെ വാശിയോടെയും അതിലേറെ സൗഹാർദ്ദത്തോടെയുമാണ് പങ്കെടുത്തത്. കല്ലോടി, നടവയൽ മേഖലകൾ 110 പോയിന്റുകൾ നേടി ഒന്നാം സ്ഥാനം പങ്കിട്ടു. മാനന്തവാടി മേഖല രണ്ടാം സ്ഥാനവും കൊട്ടിയൂർ മേഖല മൂന്നാം സ്ഥാനവും നേടി. കല്ലോടി മേഖല കല്ലോടി യൂണിറ്റിലെ ജ്യോതിസ് പോൾ ഇലഞ്ഞിക്കുഴി, മാനന്തവാടി മേഖല തവിഞ്ഞാൽ യൂണിറ്റിലെ അരുൺ കുറിയേടത്ത് എന്നിവർ കലാപ്രതിഭാപട്ടവും, നടവയൽ മേഖല നടവയൽ യൂണിറ്റിലെ റിയ പറപ്പള്ളിൽ കലാതിലകപട്ടവും കരസ്ഥമാക്കി. വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം നൽകി. മത്സരങ്ങളുടെ ചിട്ടയായ നടത്തിപ്പിനുവേണ്ടി സഹകരിച്ച ബിജു മാത്യു അരീക്കാട്ട്, സണ്ണി ജോസ് ചാലിൽ, ബിനോയ് പാനികുളം, ഷംജിത്ത് ചേലയ്ക്കൽ, അനീഷ് ഓമക്കര തുടങ്ങിയ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. മത്സരങ്ങൾക്കായ് ന്യൂമാൻസ് കോളേജിൽ വേണ്ട സൗകര്യം ഒരുക്കിതന്ന കോളേജ് പ്രിൻസിപ്പാൾ ബഹു. ബിജോ കറുകപ്പള്ളി അച്ചനും സ്റ്റാഫിനും ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

## Pearl 2010 സാഹിത്യമത്സര വിജയികൾ

**1. നോട്ടീസ്**

| | | | |
|---|---|---|---|
| I A | റിയ പറപ്പള്ളിൽ | നടവയൽ | നടവയൽ |
| II B | ജ്യോതിസ് ഇലഞ്ഞിക്കുഴി | കല്ലോടി | കല്ലോടി |
| III C | മനു ചെമ്മരപ്പള്ളിൽ | കേണിച്ചിറ | നടവയൽ |

**2. പോസ്റ്റർ രചന**

| | | | |
|---|---|---|---|
| I A | നിഷ മുണ്ടയ്ക്കൽ | കാരയ്ക്കാമല | കല്ലോടി |
| II A | വിപിൻ മുതുപ്ലാക്കൽ | കേണിച്ചിറ | നടവയൽ |
| III B | അരുൺ കുറിയേടത്ത് | തവിഞ്ഞാൽ | മാനന്തവാടി |

**3. കഥാരചന**

| | | | |
|---|---|---|---|
| I A | അഞ്ജലി കറുത്തേടത്ത് | ടൗൺചർച്ച് | മാനന്തവാടി |

| | | | |
|---|---|---|---|
| II A | മനു ചെമ്മരപ്പള്ളിൽ | കേണിച്ചിറ | നടവയൽ |
| III B | അനുമോൾ ചിരിയങ്കണ്ടത്തിൽ | മൂലങ്കാവ് | ബത്തേരി |
| III B | അഖിൽ പി. ഡേവിഡ് | കല്ലോടി | കല്ലോടി |

**4. കവിതാരചന**

| | | | |
|---|---|---|---|
| I A | അഞ്ജലി കറുത്തേടത്ത് | ടൗൺചർച്ച് | മാനന്തവാടി |
| II A | ജോബി വാഴക്കാലായിൽ | കുറ്റിമൂല | മാനന്തവാടി |
| III A | അഭിലാഷ് താഴത്ത് | വെള്ളമുണ്ട | കല്ലോടി |

**5. ഉപന്യാസം**

| | | | |
|---|---|---|---|
| I A | റിയ പറപ്പള്ളിൽ | നടവയൽ | നടവയൽ |
| I A | ജ്യോതിസ് ഇലഞ്ഞിക്കുഴി | കല്ലോടി | കല്ലോടി |
| II A | ഷെമിൽ പഴയംകോട്ടിൽ | ദീപ്തിഗിരി | കല്ലോടി |
| III B | ജിസ്ന ഏറത്ത് | അമ്പലവയൽ | ബത്തേരി |

**6. കാർട്ടൂൺ രചന**

| | | | |
|---|---|---|---|
| I A | അരുൺ കുറിയേടത്ത് | തവിഞ്ഞാൽ | മാനന്തവാടി |
| II B | നിഷ മുണ്ടയ്ക്കൽ | കാരയ്ക്കാമല | കല്ലോടി |
| III C | ഷീന മനയ്ക്കൽ | കേളകം | കൊട്ടിയൂർ |

**7. കൊളാഷ്**

| | | | |
|---|---|---|---|
| I A | പ്രദീഷ് കൊല്ലംകുന്നേൽ | ചെന്നലോട് | തരിയോട് |
| II B | വിപിൻ മുതുപ്ലാക്കൽ | കേണിച്ചിറ | നടവയൽ |
| III B | വിജിൽ തെക്കേകൂറ്റ് | അരിഞ്ചേർമല | നടവയൽ |

**8. മുദ്രാവാക്യം**

| | | | |
|---|---|---|---|
| I A | ഷിജു പുത്തൻകണ്ടത്തിൽ | പുതിയിടം | മാനന്തവാടി |
| II A | ഷൈജൻ ഓലിമല | പോരൂർ | മാനന്തവാടി |
| III A | അൽഫോൻസ കൂട്ടുങ്കൽ | ഒണ്ടയങ്ങാടി | പയ്യമ്പള്ളി |
| III A | ജോഷി നമ്പുശ്ശേരി | തരിയോട് | തരിയോട് |

## 2010 കലാമത്സര വിജയികൾ

**1. പ്രസംഗം**

| | | | |
|---|---|---|---|
| I A | ഷിനിൽ തെക്കോലിക്കൽ | അടയ്ക്കാത്തോട് | കൊട്ടിയൂർ |
| II B | ശലഭ കിഴക്കേപറമ്പിൽ | ദ്വാരക | കല്ലോടി |
| III B | പ്രകാശ് പനയ്ക്കൽ | വഞ്ഞോട് | കല്ലോടി |

**2. സംഗീതം (M)**

| | | | |
|---|---|---|---|
| I A | നെവൽ രാജ് പുതിയകുന്നത്ത് | ബത്തേരി | ബത്തേരി |
| II B | സോനു ഉരുളിയാനിക്കൽ | കല്പറ്റ | കല്പറ്റ |
| III B | ഷിനു മഠത്താശ്ശേരി | പ്രശാന്തഗിരി | മാനന്തവാടി |
| III B | രാജേഷ് പനച്ചിക്കൽ | കൊട്ടിയൂർ | കൊട്ടിയൂർ |

**സംഗീതം (F)**

| | | | |
|---|---|---|---|
| IB | ജിൻസി ഉറുമ്പിൽ | കബനിഗിരി | പുൽപ്പള്ളി |
| IIB | അലീന പന്തിരുപറ | തവിഞ്ഞാൽ | മാനന്തവാടി |
| IIIB | ജോയ്സി മരിയ പടിഞ്ഞാറേതിൽ | വഞ്ചോട് | കല്ലോടി |

**3. മോണോആക്ട്**

| | | | |
|---|---|---|---|
| IA | ജോഫീന റാത്തപ്പള്ളി | വെള്ളമുണ്ട | കല്ലോടി |
| IIB | ഷിനി ഏഴുമായിൽ | മുള്ളൻകൊല്ലി | പുൽപ്പള്ളി |
| IIIC | ശാലു തൈപറമ്പിൽ | കബനിഗിരി | പുൽപ്പള്ളി |

**4. മിമിക്രി**

| | | | |
|---|---|---|---|
| IB | ഷെല്ലി ഓലിക്കൽ | കരിമ്പിൽ | കല്ലോടി |
| IIC | നോബിൾ താന്നുവേലിൽ | കൊട്ടിയൂർ | കൊട്ടിയൂർ |
| IIIC | ജിബിൻ മൂലൻ | ഒലിവുമല | കൽപറ്റ |

**5. നാടോടിനൃത്തം (M)**

| | | | |
|---|---|---|---|
| IC | ക്രിസ് തോമസ് മുകുളേൽ | കല്ലോടി | കല്ലോടി |
| II | ക്ലിൻസ് തെങ്ങുംതൊട്ടിയിൽ | മരക്കടവ് | പുൽപ്പള്ളി |
| III | കിരൺ കിഴക്കേടത്ത് | പ്രശാന്തഗിരി | മാനന്തവാടി |

**നാടോടിനൃത്തം (F)**

| | | | |
|---|---|---|---|
| IA | നീതു ഇടപ്പാട്ട് | ഇരുളം | പുൽപ്പള്ളി |
| IIB | ക്രിസ്റ്റീന കുരിശുംമൂട്ടിൽ | ദ്വാരക | കല്ലോടി |
| IIIC | അഞ്ജു ആക്കപ്പടി | പോരൂർ | മാനന്തവാടി |

**6. ഡിബേറ്റ്**

IA വിപിൻ കുത്തുകല്ലുങ്കൽ, ജെറീഷ് പാലുപറമ്പിൽ, കൊട്ടിയൂർ

IIC ലിൻസൺ മണ്ണുംപുറത്ത്, എബി പുതിയകുന്നേൽ, ബത്തേരി

IIIC അനീഷ് മാന്തോട്ടത്തിൽ, റെയ്സ മാത്യു കുണ്ടുകുളം, കൽപറ്റ

**7. ക്വിസ്**

IA സന്തോഷ് കൂട്ടുങ്കൽ, നിഷ കൊല്ലംമാക്കിൽ, ഒണ്ടയങ്ങാടി (പയ്യംമ്പള്ളി)

IIB ലിബിൻ കാഞ്ഞിരക്കുഴി, സുനിൽ കുറ്റിയാനിക്കൽ, കുറുമ്പാല (തരിയോട്)

IIIB അലൻ മുത്തോലിൽ, ജോസിയ കിഴക്കേൽ, വെള്ളൂന്നി (കൊട്ടിയൂർ)

**8. മാർഗ്ഗംകളി**

| | | | |
|---|---|---|---|
| IB | സ്മിന്റാ പുത്തൻപുരയിൽ & പാർട്ടി, | നടവയൽ | നടവയൽ |
| IIB | അഞ്ജു കാട്ടാംകോട്ടിൽ & പാർട്ടി, | കല്ലോടി | കല്ലോടി |
| IIIB | ഡയാന പുല്ലാട്ട് & പാർട്ടി, | മുള്ളൻകൊല്ലി | പുൽപ്പള്ളി |

**9. സംഘഗാനം**

| | | |
|---|---|---|
| IA | ഗീതി പുത്തൻപുരയിൽ & പാർട്ടി, നടവയൽ, നടവയൽ | |
| IIA | ബിനീഷ് പെരുംകുഴി & പാർട്ടി, കമ്മന, പയ്യമ്പള്ളി | |
| IIIB | നെവൽരാജ് പുതിയകുന്നത്ത് & പാർട്ടി, ബത്തേരി, ബത്തേരി | |

**10. കെ.സി.വൈ.എം. ആന്തം**

| | | | |
|---|---|---|---|
| IA | രാജേഷ് പനച്ചിക്കൽ & പാർട്ടി | കൊട്ടിയൂർ | കൊട്ടിയൂർ |
| IIB | അനീഷ് ഉപ്പുവീട്ടിൽ & പാർട്ടി | കമ്മന | പയ്യമ്പള്ളി |
| IIIB | ജിൽസ് മൂലക്കാട്ട് & പാർട്ടി | ആലാറ്റിൽ | മാനന്തവാടി |

**11. മൈം**

| | |
|---|---|
| IA | ജോബി ചേരവയലിൽ & പാർട്ടി, നടവയൽ, നടവയൽ |
| IIB | ഡെൽവിൻ തൊട്ടിയിൽ & പാർട്ടി, മുള്ളൻകൊല്ലി, പുൽപ്പള്ളി |
| IIIB | പ്രദീഷ് കൊല്ലംകുന്നേൽ & പാർട്ടി, ചെന്നലോട്, തരിയോട് |

**12. തെരുവ് നാടകം**

| | | | |
|---|---|---|---|
| IA | സെബിൻ കൂട്ടുങ്കൽ & പാർട്ടി | ഒണ്ടയങ്ങാടി | പയ്യമ്പള്ളി |
| IIB | ബിനു പൊട്ടയ്ക്കൽ & പാർട്ടി | പ്രശാന്തഗിരി | മാനന്തവാടി |
| IIIC | ജിബിൻ കൊച്ചുതറയിൽ & പാർട്ടി അമ്പായത്തോട്, കൊട്ടിയൂർ | | |
| IIIC | ലാസർ മങ്കടപ്ര & പാർട്ടി, മുള്ളൻകൊല്ലി, പുൽപ്പള്ളി | | |

## അഭിനന്ദനങ്ങൾ

2010 വർഷത്തെ കലാസാഹിത്യ മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി ഒന്നാം സ്ഥാനം പങ്കുവച്ച കല്ലോടി, നടവയൽ മേഖലകൾക്ക് രൂപതയുടെ അഭിനന്ദനങ്ങൾ. വിജയ തിളക്കത്തിന് പിന്നിൽ പ്രവർത്തിച്ച ബഹു. മേഖലാ ഡയറക്ടർമാരായ ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ, ഫാ. ജോഷി പുൽപ്പയിൽ, ആനിമേറ്റർമാരായ സി. ജുസ്സെ എഫ്.സി.സി., സി. കുസുമം സി.എം.സി., മേഖലാ പ്രസിഡന്റുമാരായ ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ, ബെനഡിക്റ്റ് തോമസ് കുറുമ്പാലക്കാട്ട് എന്നിവരുടെ സ്തുത്യർഹമായ പ്രോത്സാഹനങ്ങൾക്കും സഹകരണത്തിനും പ്രത്യേകം നന്ദി.

## രൂപതാ പ്രസിഡന്റ് ജനറൽ സെക്രട്ടറിമാരുടെ മീറ്റിംഗ്

കേരളകത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ 2010 വർഷത്തെ സംസ്ഥാന സമ്മേളനത്തെക്കുറിച്ചും മറ്റ് സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചും, പ്രസ്ഥാനത്തിന്റെ ഭാവികർമ്മ പരിപാടികളെക്കുറിച്ചും ചർച്ച ചെയ്യുവാൻ 2010 സെപ്റ്റംബർ 12-ന് എറണാകുളം റിന്യൂവൽ സെന്ററിൽ വച്ച് നടന്ന രൂപതാ പ്രസിഡന്റുമാരുടെയും ജനറൽ സെക്രട്ടറി

മാരുടെയും മീറ്റിംഗിൽ രൂപതയിൽ നിന്നും പ്രസിഡന്റ് സജിൻജോസ് ചാലിൽ, ജനറൽ സെക്രട്ടറി ബെന്നി പച്ചിക്കൽ എന്നിവർ പങ്കെടുത്തു.

## ATHMA 2010

കേരള കത്തോലിക്കാസഭയുടെ യുവജന പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകരുന്നതിനായിട്ട് സെപ്റ്റംബർ 28, 29, 30 തീയതികളിൽ എറണാകുളം റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച യൂത്ത് ആനിമേറ്റേഴ്സ്, ഡയറക്ടേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ മാനന്തവാടി രൂപതയിൽ നിന്നും രൂപതാ ആനിമേറ്റർ സി. ജെസ്‌ലിമ എസ്.ഡി., മാനന്തവാടി മേഖലാ ആനിമേറ്റർ സി. സലോമി എസ്.എച്ച്., കല്ലോടി മേഖലാ ആനിമേറ്റർ സി. ജുസ്സ്ലെ എഫ്.സി.സി. എന്നിവർ പങ്കെടുത്തു.

## നാഷണൽ യൂത്ത് കൺവെൻഷൻ

2010 ഒക്ടോബർ 10 മുതൽ 18 വരെ ഷില്ലോംങ്ങിൽ വച്ചുനടന്ന നാഷണൽ യൂത്ത് കൺവെൻഷനിൽ രൂപതയിൽ നിന്നും രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആനിമേറ്റർ സി. ജെസ്‌ലിമ എസ്.ഡി, പ്രസിഡന്റ് സജിൻ ജോസ് ചാലിൽ, ആന്റണി മങ്കടപ്ര, വിപിൻ പനമട, നീന വടക്കേൽ എന്നിവർ പങ്കെടുത്തു.

## 'യുവജ്യോതിസ്' സംസ്ഥാന ക്യാമ്പ് നവംബർ 5,6,7 തീയതികളിൽ – മുള്ളൻകൊല്ലിയിൽ

2010 ലെ സംസ്ഥാനക്യാമ്പ് നവംബർ 5,6,7 തീയതികളിൽ മുള്ളൻകൊല്ലിയിൽ വച്ച് നടക്കും. വെള്ളിയാഴ്ച വൈകുന്നേരം 6.00 ന് ആരംഭിച്ച് ഞായറാഴ്ച രാവിലെ 9.00 ന് ക്യാമ്പ് തീരുന്നതാണ്. പുൽപ്പള്ളി മേഖലയിലെ യൂണിറ്റുകളിൽ നിന്നും 4 അംഗങ്ങളും മറ്റ് യൂണിറ്റുകളിൽ നിന്നും 3 അംഗങ്ങളും സംസ്ഥാന ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജി.ഫീസ് ഒരാൾക്ക് 100 രൂപ. യൂണിറ്റ് ആനിമേറ്റർമാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

## 'ഉത്സവ് 2010' – നവംബർ 17 ന് ട്രെയിനിംഗ് ദ്വാരകയിൽ

ഡിസംബർ 3,4,5 തീയതികളിൽ ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടക്കുന്ന 2010 വർഷത്തെ സംസ്ഥാന കലാ സാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അർഹരായ മത്സരാർത്ഥിക്കുവേണ്ടി ദ്വാരക പാസ്റ്ററൽ സെന്ററിൽ നവംബർ 17 ന് രാവിലെ 10 മണിക്ക് ഒരു ട്രെയിനിംഗ് പ്രോഗ്രാം ഒരുക്കിയിരിക്കുന്നു. വ്യക്തിഗത മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടിയവരും ഗ്രൂപ്പിനങ്ങളിൽ ഒന്നാം സ്ഥാനം നേടിയവരുമാണ് ഈ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടു

ക്കേണ്ടത്. ഈ പരിശീലന പരിപാടിയിലേക്ക് മത്സരാർത്ഥികളെ പറഞ്ഞുവിടുന്ന കാര്യത്തിൽ യൂണിറ്റ് ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ.

**സംസ്ഥാന സമ്മേളനം - നവംബർ 12, 13, 14 ന്യൂമാൻ കോളേജ്, തൊടുപുഴ**

കേരളത്തിലെ 30 രൂപതകളിൽ നിന്നുള്ള യുവജനങ്ങൾ അണിനിരക്കുന്ന സംസ്ഥാന കൺവെൻഷൻ കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ 2010 നവംബർ 12, 13, 14 തീയതികളിൽ തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ച് നടക്കുന്നു.

**യൂണിറ്റ് തെരഞ്ഞെടുപ്പ്**

2011 പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ട സമയമായിരിക്കുന്നു. നവംബർ 30 ന് മുമ്പ് യൂണിറ്റ് തിരഞ്ഞെടുപ്പുകൾ പൂർത്തിയാക്കിയിരിക്കണം.

**പ്രവർത്തക അവാർഡുകൾ**

ഈ വർഷത്തെ മികച്ച യൂണിറ്റ് / മേഖല പ്രവർത്തകർക്കും, യൂണിറ്റിനും മേഖലയ്ക്കുമുള്ള അവാർഡുകൾ നിശ്ചയിക്കുന്നതിനുള്ള സമയമായിരിക്കുന്നു. വ്യക്തവും കൃത്യവും സത്യസന്ധവുമായ പ്രവർത്തക റിപ്പോർട്ടുകൾ ഡിസംബർ 10 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതാത് മേഖലകളിൽ നിന്നും യൂണിറ്റുകളിൽ നിന്നും എത്തിയിരിക്കുന്ന പ്രവർത്തന റിപ്പോർട്ടുകൾ അവാർഡ് നിർണ്ണയത്തിന് ഒരു പ്രധാന ഘടകമായിരിക്കും.

**നവംബർ മാസത്തിലെ യൂണിറ്റ് സന്ദർശനം**

നവംബർ 21 ന് നിലമ്പൂർ, മണിമൂളി മേഖലകളിലെ യൂണിറ്റുകളിൽ രൂപതാസമിതി വിസിറ്റ് നടത്തുന്നതായിരിക്കും.

**അനുശോചനം**

മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെ ചാച്ചന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത അനുശോചനം രേഖപ്പെടുത്തി.

**മേഖലാ വാർത്തകൾ**

**മാനന്തവാടി മേഖല**

സമ്പൂർണ്ണ മദ്യനിരോധനം ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ.എം. നടത്തിയ എക്സൈസ് ഓഫീസ് ധർണ്ണയിൽ മേഖലയിൽ നിന്നും 9 പേർ പങ്കെടുത്തു. മേഖലാ സെനറ്റ് കൂടുകയും മേഖല കൺവെൻഷൻ "രാഷ്ട്രദർശൻ" നവംബർ 13 ന് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**പുതിയിടം യൂണിറ്റ്**

ഇടവകയുടെ ഡിറക്ടറിയുടെ പുനരാവിഷ്കരണം പരസ്യം പിടിക്കൽ എന്നിവയ്ക്ക് ഒരു കമ്മറ്റി രൂപീകരിക്കുകയും കൺവീനറെ തിരഞ്ഞെടുക്കുകയും ചെയ്തു. സെനറ്റ് മീറ്റിംഗിൽ ആനുകാലിക സംഭവങ്ങൾ, ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പ് എന്നിവയെ സംബന്ധിച്ച് ചർച്ചകൾ നടന്നു. രൂപതയിലെ കലാസാഹിത്യ മത്സരങ്ങളിൽ മത്സരിക്കാൻ അർഹരായവർക്ക് പരിശീലനം നൽകി.

**ചെന്നലോട് യൂണിറ്റ്**

മേഖലാ കലാ സാഹിത്യ മത്സരങ്ങളിൽ 64 പോയിന്റ് നേടി ചെന്നലോട് യൂണിറ്റ് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**നിലമ്പൂർ മേഖലയ്ക്ക് പുതിയ മേഖലാഡയറക്ടർ**

നിലമ്പൂർ മേഖലയുടെ പുതിയ മേഖലാ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട റവ.ഫാ. ജെറി ഓണംപള്ളിക്ക് പുതിയ പ്രവർത്തന മേഖലയിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

**നിലമ്പൂർ മേഖല**

നിലമ്പൂർ ലിറ്റിൽഫ്ളവർ ചർച്ചിൽവച്ച് 19–9–10 ന് മേഖലാ പ്രസിഡന്റ് ടെനീഷ് ഇടമലയുടെ നേതൃത്വത്തിൽ കൂടിയ മേഖലാ സിൻഡിക്കേറ്റിൽ വച്ച് പുതിയ മേഖലാ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട ഫാ. ജെറി ഓണംപള്ളിക്ക് സ്വീകരണം നൽകി. പുതിയ സെക്രട്ടറിയേയും ജോയിന്റ് സെക്രട്ടറിയേയും തെരഞ്ഞെടുത്തു. ശ്രീ. ബിജു പാലത്തിങ്കൽ ക്ലാസ് എടുത്തു.

സ്നേഹത്തോടെ,

**ബെന്നി പച്ചിക്കൽ**
ജനറൽ സെക്രട്ടറി

# ക്രിസ്റ്റീൻ വാർത്തകൾ

ക്രിസ്റ്റീൻ രൂപതാ ടീമിന്റെ നേതൃത്വത്തിൽ കൽപ്ര, കുന്നൂർ, തവിഞ്ഞാൽ ഇടവകകളിൽ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്തി. ധ്യാനങ്ങൾ സംഘടിപ്പിച്ച ബഹു. കുര്യൻ വാഴയിൽ അച്ചനും, ബഹു. അബ്രാഹം നാടുകുന്നേൽ അച്ചനും, ബഹു. മനോജ് അമ്പലത്തിങ്കൽ അച്ചനും നന്ദി പറയുന്നു. ധ്യാനങ്ങൾക്ക് രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, അസി.ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ, ജീസസ് യൂത്ത് ഡയറക്ടർ റവ. ഫാ. മനോജ് കാക്കോനാൽ, സി. അനിജ CMC, സി. ലിസ്മരിയ SKD, ജീസസ് യൂത്ത് ഫുൾടൈമർ നിതീഷ് തലച്ചിറ, ജോസ് കുഴിവേലിൽ തുടങ്ങിയവർ ക്ലാസ്സ് എടുത്തു. വാകേരി ഇടവകയിൽ ക്രിസ്റ്റീൻ കുട്ടികൾക്കായി നടത്തിയ ഏകദിന ധ്യാനത്തിന് റവ. ഫാ. സോണി വടയാപറമ്പിൽ നേതൃത്വം നൽകി. ഏകദിന ധ്യാനം സംഘടിപ്പിച്ച ബഹു. ജോർജ്ജ് തേരകം അച്ചന് പ്രത്യേകം നന്ദി.

**റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ**
**റവ. ഫാ. സോണി വടയാപറമ്പിൽ**

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഒക്ടോബർ 09 മുതൽ 12 വരെ നടന്ന MPC കോഴ്സിൽ 98 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വം ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| നവംബർ | 19 – 22 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ | 05 – 08 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ | 10 –13 | – പാസ്റ്ററൽ സെന്റർ മണിമൂളി |

## പ്രത്യേക ശ്രദ്ധയ്ക്ക്

ഡിസംബർ 10 തുടങ്ങി 13 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, ഗൂഡല്ലൂർ, നിലമ്പൂർ പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചുപറയുമല്ലോ. ഈ പ്രദേശങ്ങളിൽ കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവരോട് 10 – 13 ന്റെ കോഴ്സിൽ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കുമല്ലോ.

## കത്തോലിക്കാ മാതൃസംഘടന

ഒക്ടോബർ 11 ന് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. 2011 വർഷത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കൽ, ഡിസംബർ 16 ന് നടക്കേണ്ട വാർഷികം എന്നീ വിഷയങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. മേഖലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് സംഗമവും രൂപതാ എക്സിക്യൂട്ടീവും നവംബർ 16 ന് നടത്തപ്പെടുന്നതാണ്.

**മാതൃസംഘ ആന്തരചനാ മത്സര റിസൾട്ട്**

ഒന്നാം സ്ഥാനം - ശ്രീമതി ഷീബ തോമസ് ചിറമുഖത്ത് - യവനാർകുളം
രണ്ടാം സ്ഥാനം - ശ്രീമതി ലില്ലി ചന്ദനപറമ്പിൽ - മീനങ്ങാടി

സമ്മാനദാനം ഡിസംബർ 16 -ാം തീയതി മാതൃസംഘം ജനറൽ ബോഡി യോഗത്തിൽ വെച്ച് നിർവ്വഹിക്കുന്നതാണ്.

**പയ്യമ്പള്ളി മേഖല**

സെപ്റ്റംബർ 18 ന് ആറാട്ടുതറ ഇടവകയിൽ വെച്ച് മേഖലാ സെമിനാർ നടന്നു. 08 ശാഖകളിൽ നിന്നും 100 ഓളം അമ്മമാർ പങ്കെടുത്തു. മേഖലാ ഡയറക്ടർ ബഹു. തോമസ് ഒറ്റപ്ലാക്കൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ ശ്രീ. ജോണി അമ്പാട്ട് മക്കളുടെ വളർച്ചയിൽ അമ്മമാർക്കുള്ള പങ്കിനെക്കുറിച്ച് ക്ലാസ്സെടുത്തു. തുടർന്ന് മേഖലാ തല ലോഗോസ് ക്വിസ് നടത്തി. ശ്രീമതി ഫിലോ ചേലയ്ക്കൽ ഒന്നാം സ്ഥാനവും, ശ്രീമതി മേരിക്കുട്ടി കമ്മന രണ്ടാംസ്ഥാനവും, ശ്രീമതി റീന കാട്ടിക്കുളം മൂന്നാംസ്ഥാനവും നേടി. ചർച്ചയിൽ കൊന്ത മാസാചരണം എങ്ങനെ നടത്താമെന്നും ക്രിസ്മസ് ആഘോഷം വിവിധ മത്സരങ്ങളോടെ ഡിസം. 18 ന് പയ്യമ്പള്ളി ഇടവകയിൽ വച്ച് നടത്താനും തീരുമാനിച്ചു. പങ്കെടുത്ത ഏവക്കും മേഖലാ ഡയറക്ടർ ബഹു.തോമസച്ചൻ സ്വാഗതം ആശംസിക്കുകയും ആനിമേറ്റർ സി. മരിയറ്റ് നന്ദിപറയുകയും ചെയ്തു.

**തേൾപ്പാറ ശാഖ**

തേൾപ്പാറ ഇടവകയിലെ ബഹു. സജി പുതുക്കുളങ്ങര അച്ചന്റെയും, ആനിമേറ്റർ സി. മേരി തോമസിന്റെയും നേതൃത്വത്തിൽ ശാഖയുടെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി പോകുന്നു. എല്ലാ ഞായറാഴ്ചയും ഒരുമിച്ച് കൂടുന്നു. മാസത്തിലൊരിക്കൽ ബഹു. സജിയച്ചൻ ദിവ്യബലിയർപ്പിക്കുകയും, പ്രസംഗത്തിലൂടെ അമ്മമാർക്ക് വേണ്ട സന്ദേശം കൊടുക്കുകയും ചെയ്യുന്നു. സെപ്റ്റംബർ 10 ന് ബഹു. സജിയച്ചൻ മാതാക്കൾക്കായി 02 മുതൽ 04 വരെ ക്ലാസ്സ് എടുത്തു. മാധ്യമങ്ങൾ, മൊബൈൽ ഫോണിന്റെ ദുരുപയോഗത്തെക്കുറിച്ചും വളരെ ശക്തമായി പറഞ്ഞു.

**ജനറൽ ബോഡിയുടെ തീരുമാനങ്ങൾ**

- എല്ലാ മാസത്തിലും എക്സിക്യൂട്ടീവ് യോഗം ചേരുവാൻ തീരുമാനിച്ചു.
- ഒക്ടോബർ 01 മുതൽ 10 വരെ നടത്തുന്ന കൊന്തനമസ്കാരത്തിന്

മാതാക്കൾ നേതൃത്വം കൊടുക്കുകയും, രഹസ്യങ്ങൾ പ്രത്യേക നിയോഗം വച്ച് പ്രാർത്ഥിക്കുകയും ചെയ്യുക.

- ഒക്ടോബർ 16 ന് പുറത്തുനിന്നും ഒരു ആളെ വിളിച്ച് ഒരു ദിവസത്തെ ക്ലാസ്സ് എടുപ്പിക്കുക.
- ഒക്ടോബർ 31 മാതൃദിനമായി ആഘോഷിക്കുക, ആ ദിവസത്തെ ദിവ്യബലി കൂടുതൽ സജീവമാക്കുക.
- മാതാക്കൾ തന്നെ ലേഖനം വായിക്കുകയും, കാഴ്ചവെയ്പ്പ് നടത്തുകയും ചെയ്യുക.

## നിലമ്പൂർ മേഖല

25-10-10 രൂപതാ ഡയറക്ടർ റവ.ഫാ. ഡെന്നീസ് അച്ചന്റെ നേതൃത്വത്തിൽ രൂപതാ ടീം നിലമ്പൂർ മേഖലാസന്ദർശനം നടത്തി. നിലമ്പൂർ മേഖലാ ഡയറക്ടർ ബഹു. സജി പുതുക്കുളങ്ങരയച്ചൻ സ്വാഗതം ആശംസിച്ചു. നിലമ്പൂർ ഫൊറോന വികാരി ബഹു. ചാണ്ടി അച്ചൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് രൂപതാ ഡയറക്ടർ ഡെന്നീസച്ചനും, രൂപതാ ആനിമേറ്റർ സി. ടെസീനയും ക്ലാസ്സ് എടുത്തു. 10 ശാഖകളിൽ നിന്നായി 60 ഓളം അമ്മമാർ പങ്കെടുത്തു. അതിനുശേഷം സംഘമായി പിരിഞ്ഞ് ഓരോ രൂപതാംഗത്തിന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി. റിപ്പോർട്ട് ബുക്ക്, കണക്ക് എന്നിവ പരിശോധിച്ച് സീൽ വെച്ചു. ഈ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അർപ്പിക്കുന്നു.

## കൽപ്പറ്റ മേഖല

02-10-10 രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ രൂപതാ ടീം കൽപ്പറ്റ മേഖലാസന്ദർശനം നടത്തി. തെനേരി ഇടവകയിൽ വെച്ച് ചേർന്ന മീറ്റിംഗിൽ 08 ശാഖകളിൽ നിന്നുമായി 30 ഓളം അംഗങ്ങൾ പങ്കെടുത്തു. മേഖലാ ഡയറക്ടർ ബഹു. ജോസഫ് വയലിൽ അച്ചൻ സ്വാഗതം ആശംസിച്ചു. ഇടവക വികാരി ബഹു. കുര്യൻ മണിക്കുറ്റി അച്ചൻ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. വിജയത്തിന്റെ കാരണം പ്രസ്ഥാനം നയിക്കുന്നവരുടെ സമർപ്പണമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അച്ചൻ പറഞ്ഞു. രൂപതാ ഡയറക്ടർ സെന്നീസച്ചന്റെ ആശംസാ പ്രസംഗത്തിൽ സഭയ്ക്കും സമൂഹത്തിനും വേണ്ട മക്കളെ വളർത്തുന്ന മാതാക്കളാകട്ടെ എന്നു പറയുകയുണ്ടായി. തുടർന്ന് സി. ടെസീനയുടെ ക്ലാസ്സ് 'കൗമാരക്കാരുടെ പ്രശ്നങ്ങളും മൊബൈൽ ഫോണിന്റെ ഉപയോഗവും' എന്ന വിഷയത്തെക്കുറിച്ചായിരുന്നു. അതിനുശേഷം സംഘമായി പിരിഞ്ഞ് ഓരോ രൂപതാംഗ

ത്തിന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി. റിപ്പോർട്ട് ബുക്ക്, കണക്ക് എന്നിവ പരിശോധിച്ച് സീൽ വെച്ചു. മേഖലാ ആനിമേറ്റർ സി. കുസുമോസ് നന്ദി പറഞ്ഞു.

### നടവയൽ മേഖല

25 ന് ശനിയാഴ്ച നടവയലിൽ വെച്ച് മേഖലയുടെ ജനറൽബോഡിയോഗം ചേർന്നു. 16 -ാം തീയതി വിളമ്പുകണ്ടത്തു വെച്ച് മേഖലാ ജപമാലറാലി നടത്തുവാനും ഓരോ ഇടവകയിൽ വച്ച് മാതൃസംഘാംഗങ്ങൾക്കായി സെമിനാർ നടത്തുവാനും തീരുമാനിച്ചു. മേഖല വിമൻസ് കമ്മീഷൻ പ്രതിനിധിയായി ശ്രീമതി റീന ജോസ് ചീങ്കല്ലേൽ തിരഞ്ഞെടുക്കപ്പെട്ടു.

### പോരൂർ ശാഖ

10 ന് പോരൂർ ശാഖയിൽ മാതൃസംഘടനയുടെ ജനറൽ ബോഡിയോഗം നടത്തുകയുണ്ടായി. ബഹു. വികാരിയച്ചൻ രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന് ഹൃദ്യമായ സ്വാഗതം ആശംസിച്ചു. തുടർന്ന് ഡെന്നീസച്ചൻ അമ്മമാർക്ക് വേണ്ടി ക്ലാസ്സ് നയിച്ചു. കുടുംബത്തിൽ മക്കളുടെ, മാതാപിതാക്കളുടെ, ജീവിതപങ്കാളിയുടെ വിശ്വാസജീവിതത്തിൽ അമ്മമാർ ശ്രദ്ധിക്കേണ്ട കാര്യത്തെക്കുറിച്ചും സമൂഹത്തിനും ഇടവകയ്ക്കും അമ്മമാർ എങ്ങനെ മാതൃകയാകണമെന്നും ഓർമ്മപ്പെടുത്തി. വളരെ ഉപകാരപ്രദമായ ക്ലാസ്സായിരുന്നു. സെമിനാറിൽ 165 ഓളം അമ്മമാർ പങ്കെടുത്തു. ക്ലാസ്സിനെ തുടർന്ന് ദിവ്യബലിയും ഉണ്ടായിരുന്നു.

### പുതിയിടം ശാഖ

05 ന് കുർബ്ബാനയ്ക്ക് ശേഷം ബഹു. ജോസ് ചെമ്പുകെട്ടിയ്ക്കൽ അച്ചൻ അമ്മമാർക്കുവേണ്ടി കുടുംബത്തിൽ അമ്മമാരുടെ ദൗത്യത്തെക്കുറിച്ച് പറയുകയും കുഞ്ഞുങ്ങളെ പള്ളിയിൽ വിടേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം അമ്മമാർക്കാണെന്ന് അച്ചൻ ഓർമ്മപ്പെടുത്തുകയും ചെയ്തു.

ഇടവകയുടെ ആദ്ധ്യാത്മിക നവീകരണത്തിനായി ദിവസവും 4 കൊന്തവീതം ചൊല്ലാൻ തീരുമാനിച്ചു. കാട്ടിമൂലയിലുള്ള സ്നേഹാലയത്തിലെ അമ്മമാരെ സന്ദർശിച്ചു. അവരുടെ കൂടെ കുറച്ചുസമയം ചിലവഴിച്ചു മധുരപലഹാരങ്ങൾ നൽകി തിരിച്ചു പോന്നു. എല്ലാവരും ആത്മാർത്ഥമായി സഹകരിച്ചു. 02 ന് പള്ളിയും പരിസരവും വൃത്തിയാക്കി അതിനു നേതൃത്വം കൊടുത്ത വികാരിയച്ചനും ആനിമേറ്റർ സി. റീനയ്ക്കും അമ്മമാർ നന്ദി പറഞ്ഞു.

## ഇടിവണ്ണ ശാഖ

എട്ടു നോമ്പാചരണത്തിന്റെ ഭാഗമായി എല്ലാ അമ്മമാരും വി. കുർബ്ബാനയിൽ പങ്കുകൊള്ളുകയും നോമ്പിന്റെ ഭാഗമായി എല്ലാവരും കഴിവനുസരിച്ച് ഓരോ തുക കാഴ്ചയായി സമർപ്പിക്കുകയും ചെയ്തു. അങ്ങനെ 15,695 രൂപ സമാഹരിക്കുകയും ഇതിൽ നിന്ന് ചോക്കാട് ശാന്തി ഭവനിൽ 5000 രൂപയും ഇടവകയിലെ 3 വ്യക്തികൾക്കായി 6500 രൂപ ചികിത്സാ സഹായമായും 1000 രൂപ ഒരു കുട്ടിയുടെ വിദ്യാഭ്യാസ ചില വിനായും ചിലവഴിച്ചു. ഏതാണ്ട് 16 ഓളം അമ്മമാർ ശാന്തിഭവനം സന്ദർശിക്കുവാൻ പോയി ഇതിനെല്ലാം നേതൃത്വം കൊടുക്കുന്ന ബഹു. ജിൽസൻ കോക്കണ്ടത്തിലച്ചനും ആനിമേറ്റർ സി. ഹെലനയ്ക്കും നന്ദി.

## മരിയൻ സിംഗിൾസ്

19-10-10 ന് മരിയൻ സിംഗിൾസിന്റെ മീറ്റിംഗിൽ 12 പേർ പങ്കെ ടുത്തു. അടുത്ത മീറ്റിംഗ് നവംബർ 23 ന് 10 മണിക്ക്.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

നിന്റെ ഹൃദയം എന്റെ കല്പ്പനകൾ പാലിക്കട്ടെ. അവ നിനക്കു ദീർഘായുസ്സും സമൃദ്ധമായി ഐശ്വര്യവും നൽകും. കരുണയും വിശ്വസ്തതയും നിന്നെ പിരിയാതിരിക്കട്ടെ. (സങ്കീ. 3: 1–3) കർത്താവിന്റെ ശിക്ഷണത്തെ നിന്ദിക്കരുത്; അവിടുത്തെ ശാസനത്തിൽ മടുപ്പു തോന്നുകയുമരുത്. എന്തെന്നാൽ പിതാവു പ്രിയപുത്രനെ എന്നപോലെ, കർത്താവു താൻ സ്നേഹിക്കുന്നവനെ ശാസിക്കുന്നു (സങ്കീ. 3:11–12).

**സോണൽ മീറ്റിംഗ്**

ഒക്ടോബർ 1 ആദ്യവെള്ളി സിയോൻ ശുശ്രൂഷകർ സോണൽ മീറ്റിംഗിനായി ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ സിയോൻ ചാപ്പലിൽ, ദിവ്യകാരുണ്യ സന്നിധിയിൽ ഒന്നിച്ചു ചേർന്നു. 10.00 am മുതൽ 11.30 വരെ ജപമാലയും ആരാധനയും ശ്രീമതി എത്സി കുളത്തിങ്കൽ നയിച്ചു. 11.30 – 12 വരെ ശ്രീ. ജോസ് മാളോല വചനം പങ്കുവച്ചു. എനിക്കു സംഭവിച്ചതെല്ലാം സുവിശേഷത്തിന്റെ പുരോഗതിക്കു കാരണമായി (ഫിലിപ്പി 1:18) നമ്മുടെ സുവിശേഷജീവിതവും ശുശ്രൂഷകളും പരിശോധിക്കുമ്പോൾ.... എനിക്കു സംഭവിക്കുന്നതെല്ലാം സുവിശേഷത്തിന്റെ പുരോഗതിക്കു കാരണമായി എന്നു പറയുവാൻ സാധിക്കുന്നുണ്ടോ? എന്ന് ചിന്തിക്കണം എന്ന് സന്ദേശത്തിൽ ആഹ്വാനം ചെയ്തു. 12 മണിക്ക് ബഹു.ജോർജജ് മേമനയച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. വേദനിച്ചാൽ അനുഗ്രഹമുണ്ട്. കുറ്റമില്ലാത്ത സഹനം രക്ഷയും അനുഗ്രഹവും നേടിത്തരുന്നു. വി. കൊച്ചുത്രേസ്യായും രാഷ്ട്രപിതാവായ ഗാന്ധിജിയും നമുക്ക് മാതൃകയാണ്, അച്ചൻ സന്ദേശത്തിൽ ഓർമ്മപ്പെടുത്തി.

1.30 ന് ലഘുഭക്ഷണം. തുടർന്ന് വീണ്ടും ചാപ്പലിൽ സമ്മേളിച്ചു.

ബഹു. പാറയിൽ അച്ചൻ നിർദ്ദേശങ്ങളും അറിയിപ്പുകളും നൽകി. നാം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന വ്യക്തികളാകണം. 1). പരിശുദ്ധാത്മാവിനോട് വ്യാജം പറയരുത്. 2). പരിശുദ്ധാത്മാവിനെ പരീക്ഷിക്കരുത്. 3). പരിശുദ്ധാത്മാവിനോട് മല്ലടിക്കരുത്. 4). പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുത്. നമ്മിലെ പരി.ആത്മാവിനെ ജ്വലിപ്പിക്കണം ബഹു. പാറയിൽ അച്ചൻ ഉൽബോധിപ്പിച്ചു.

**KST - VISIT**

K.S.T ചെയർമാൻ ബഹു. ജോസ് അഞ്ചാനിക്കൽ അച്ചൻ, വൈസ് ചെയർമാൻ ശ്രീ. വി.വി. അഗസ്റ്റ്യൻ, സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ എന്നിവർ ഔദ്യോഗിക സന്ദർശനം നടത്തി. ഓരോ മിനിസ്ട്രിയുടേയും കോ-ഓർഡിനേറ്റേഴ്സ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സർവ്വീസ് ടീം അംഗങ്ങളെ പരിചയപ്പെട്ടു. കെ.എസ്.റ്റിയുടെ പ്രവർത്തനങ്ങൾ ബഹു.ജോസച്ചൻ വിശദീകരിച്ചു. അടുത്ത പരിശീലന പരിപാടി L.C.C എന്താണെന്ന് വിശദീകരിച്ചു. 1).L. Life in the Spirit 2). C. Charisms 3). C. Church Centered. ആത്മീയ അനുഭവത്തിൽ ആഴപ്പെട്ട് വളർന്ന് പുതിയ വ്യക്തികളായി മാറണം. വരദാനങ്ങൾ എന്താണ്? എങ്ങനെ ഉപയോഗിക്കണം എന്ന് പഠിച്ചറിയണം. സഭയുടെ പ്രബോധനങ്ങൾ പഠിച്ചറിയണം. സഭയുടെ വളർച്ചയ്ക്കുവേണ്ടിയാണ് എല്ലാ ശുശ്രൂഷകളും. ജീവജ്വാല മാസിക വാങ്ങുകയും, വായിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യണം. ഇത് സുവിശേഷവൽക്കരണത്തിന്റെ ഭാഗമാണ്. ഇടവകയിലെ യൂത്തിനെകൂടി ഉൾപ്പെടുത്തി പ്രാർത്ഥനാഗ്രൂപ്പ് ഉണ്ടാക്കണം. തുടങ്ങിയ കാര്യങ്ങൾ ബഹു. അച്ചൻ അനുസ്മരിപ്പിച്ചു. 4.30 ന് മീറ്റിംഗ് അവസാനിച്ചു. ശുശ്രൂഷകർ വിശ്രമശേഷം എൽഡറിംഗ് നടത്തി.

**ജാഗരണ പ്രാർത്ഥന**

6 ന് മൗനപ്രാർത്ഥന 6.30 ജപമാല. 7 pm വി. ബലി ബഹു. പാറയിൽ അച്ചൻ അർപ്പിച്ചു. വി. കൊച്ചുത്രേസ്യ സഭയിലെ വേദപാരംഗതയാണ്. സഭയ്ക്കു മുഴുവനും വേണ്ടി സ്വർഗ്ഗീയരഹസ്യങ്ങൾ നമ്മെ പഠിപ്പിക്കുവാൻ മാത്രം ദൈവീകവെളിപാടുകൾ സ്വീകരിച്ചവളാണ് വിശുദ്ധ. ചെറുതാകലിന്റെ രഹസ്യം വി.കൊച്ചുത്രേസ്യായ്ക്ക് വെളിപ്പെട്ടുകിട്ടി. ബഹു. പാറയിൽ അച്ചൻ വിശദീകരിച്ചു. അത്താഴം, കുരിശിന്റെ വഴി ഇവയ്ക്കുശേഷം ആരംഭിച്ച ജാഗരണപ്രാർത്ഥന ബഹു. മനോജ് കാക്കോനാൽ അച്ചനും മ്യൂസിക് ടീമും സിയോൻ ടീമും ചേർന്ന് നയിച്ചു.

## ആദ്യശനി ഏകദിന കൺവെൻഷൻ

പ്രഭാതത്തിൽ 6 മണിക്കുതന്നെ പരി.അമ്മയുടെ സന്നിധിയിലെത്തി സിയോനെയും ശുശ്രൂഷകളെയും ശുശ്രൂഷകരെയും സമർപ്പിച്ച്, കടന്നുവരുന്ന ആയിരക്കണക്കിന് മക്കളെ സമർപ്പിച്ച് ജപമാല ചൊല്ലി സിയോനു ചുറ്റും നടന്ന് പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ വചന സന്ദേശം തന്ന് പ്രാർത്ഥിച്ച് ശുശ്രൂഷകരെ ശക്തീകരിച്ചു. ഹന്നാൻ വെള്ളം തളിച്ച് ശുശ്രൂഷകരെയും ഹാളിനെയും പരിസരങ്ങളെയും വിശുദ്ധീകരിച്ചു. ഒരുക്ക ശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനുംശേഷം 8.30 ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന ഈ പതിവു ശുശ്രൂഷകൾക്കുശേഷം 11 മണിക്ക് ശ്രീ. ചാക്കോച്ചൻ പുത്തൻപുര വചനം വ്യാഖ്യാനിച്ച് ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. ജോർജ്ജ് മേമന അച്ചൻ വി. ബലി അർപ്പിച്ച് വചനം പങ്കു വെച്ചു. കഴിഞ്ഞ 30 വർഷങ്ങൾക്ക് മുമ്പ് സിയോന് തുടക്കം കുറിച്ച് ഇന്നുവരെ സിയോനിൽ ശുശ്രൂഷ ചെയ്ത ബഹു. അച്ചൻ പരമകാരുണികനായ നല്ല ദൈവം വർഷിച്ച അനുഗ്രഹങ്ങൾ അനുസ്മരിച്ച് നന്ദിയുടെ ബലി അർപ്പിച്ചു. ലഘുഭക്ഷണം, അനുഗ്രഹസാക്ഷ്യങ്ങൾ ഇവയ്ക്കുശേഷം ദിവ്യകാരുണ്യ ആരാധനയും സൗഖ്യപ്രാർത്ഥനയും നടത്തി. ബഹു. മനോജച്ചൻ ദിവ്യകാരുണ്യപ്രദക്ഷിണത്തിന് ഈശോയെ സംവഹിച്ചു. 106 പേർ കൗൺസിലിംഗ് നടത്തി. കുമ്പസാരിപ്പിക്കുവാൻ ധാരാളം ബഹു. വൈദികർ കടന്നുവന്നു. ക്രിസ്റ്റീൻ മക്കൾക്കായി സിയോൻ ചാപ്പലിൽ പ്രോഗ്രാം നടത്തി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

## രണ്ടാംശനി ശുശ്രൂഷകൾ 2-10-2010

## യുവജന കൂട്ടായ്മ

60 യുവജനങ്ങൾ ഇന്നത്തെ കൂട്ടായ്മയിൽ പങ്കെടുത്തു. വചന പ്രഘോഷണം, ഗാനശുശ്രൂഷ, ആരാധന, കൗൺസിലിംഗ്, ദിവ്യബലി എന്നിവയിലൂടെ ആത്മീയ ഉണർവ്വ് നേടി. ബഹു. മനോജ് അച്ചനും ജീസസ് യൂത്ത് ടീമും നേതൃത്വം നൽകി.

## കൗൺസിലിംഗ് ദിനം

തലേരാത്രി പ്രാർത്ഥിച്ച് ഒരുങ്ങി കൗൺസിലേഴ്സ് ശുശ്രൂഷ ചെയ്തു. 60 പേർ വന്ന് കൗൺസിലിംഗ് നടത്തി ആത്മീയ, മാനസിക സൗഖ്യം നേടി പോയി.

**ദമ്പതി കൂട്ടായ്മ**

35 ദമ്പതികൾ ശുശ്രൂഷയിൽ പങ്കെടുത്തു. ജപമാല, ആരാധന, ഷെയറിംഗ് എല്ലാം അനുഗ്രഹദായകമായി. വി.ബലി അർപ്പിച്ചത് ബഹു. പാറയിൽ അച്ചനാണ്.

**മൂന്നാംവെള്ളി**

ധാരാളം രോഗികൾ കടന്നുവന്ന് പ്രാർത്ഥനയിൽ സംബന്ധിച്ചു. ബഹു. മേമന അച്ചൻ വി.ബലി അർപ്പിച്ചു. സൗഖ്യപ്രാർത്ഥന നടത്തി. ശ്രീ. ചാക്കോച്ചൻ പുത്തൻപുര ആരാധന നയിച്ചു.

**മൂന്നാംവെള്ളി - ജാഗരണ പ്രാർത്ഥന**

6 pm - 5 am വരെ സിയോൻ ചാപ്പലിൽ ജാഗരണപ്രാർത്ഥന നടത്തി. സിയോൻ ശുശ്രൂഷകരെ കൂടാതെ മിഷൻലീഗിലെ ഏതാനും പേരും പ്രാർത്ഥനയിൽ പങ്കെടുത്തു. ജാഗരണ പ്രാർത്ഥനയിൽ സംബന്ധിച്ച് ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്തി. 7 pm ന് ബഹു. മനോജ് അച്ചനും 4 am ന് ബഹു. ജോർജ്ജ് മേമന അച്ചനും വി. ബലി അർപ്പിച്ചു.

**സിയോൻ നവംബർ മാസത്തിൽ**

| | | |
|---|---|---|
| 05 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 06 ആദ്യശനി | - | ഏകദിന കൺവെൻഷൻ, |
| | - | കൗൺസിലിംഗ് |
| | - | ക്രിസ്റ്റീൻ കൺവെൻഷൻ |
| 13 രണ്ടാംശനി | - | പൊതു കൗൺസിലിംഗ് |
| | - | യുവജന ദിനം |
| | - | ദമ്പതീകൂട്ടായ്മ |
| 19 മൂന്നാംവെള്ളി | - | സൗഖ്യദിനം, ജാഗരണപ്രാർത്ഥന |
| 26 നാലാംവെള്ളി | - | ജാഗരണപ്രാർത്ഥന, സുവിശേഷമുന്നണി |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ

## വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹപ്രവർത്തകരേ,

വിൻസെൻഷ്യൻ ഉപവിപ്രവർത്തനങ്ങളിൽ ഉത്സാഹപൂർവ്വം സഹകരിക്കുന്ന എല്ലാ പ്രവർത്തകാംഗങ്ങൾക്കും ക്ഷേമാശംസകൾ നേരുന്നു. ഒക്ടോബറിൽ ജപമാലയുമായി പരിശുദ്ധ അമ്മയോടൊപ്പം കർത്താവിന്റെ പ്രസാദവരത്താൽ നിറഞ്ഞ നാം നവംബറിൽ മരണം വഴി നമ്മെ വേർപെട്ടുപോയ നമ്മുടെ പ്രിയപ്പെട്ടവർക്കായി പ്രാർത്ഥിക്കുവാൻ ഒരുങ്ങുന്ന ഈ അവസരത്തിൽ ലോകമെമ്പാടുമുള്ള വിൻസെൻഷ്യൻ പ്രവർത്തകരിൽ നിന്ന് മരണം വഴി വേർപെട്ടുപോയ സഹോദരങ്ങൾക്കും പ്രത്യേകിച്ച് ദീർഘകാലം സി.സി. ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്തിരുന്ന ബ്ര.ആന്റണി പറയിടം, മുൻ സി.സി. പ്രസിഡന്റ് ശ്രീ. സിറിയക് നെച്ചിക്കാട്ട്, മുൻ സി.സി. വൈസ് പ്രസിഡന്റായിരുന്ന ശ്രീ. പി.ഡി. ജോസഫ് പാറയിൽ, ട്രഷററായിരുന്ന ശ്രീമതി റോസമ്മ നെടുങ്കല്ലേൽ, ശ്രീമതി മറിയക്കുട്ടി ടീച്ചർ കടപ്പൂർ, ശ്രീ. മാത്യു മന്ത്രിക്കൽ എന്നിവരേയും ഓസ്സാനാം ഭവനിൽ നിന്നു മരണംവഴി വേർപ്പെട്ടുപോയ അന്തേവാസികളേയും പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**അനുശോചനവും പ്രാർത്ഥനയും**

ബഹു. മാർ ജോസ് പൊരുന്നേടം പിതാവിന്റെ വത്സല പിതാവ് ശ്രീ. പാപ്പച്ചൻ പൊരുന്നേടം സെപ്റ്റംബർ 27 ന് വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിവസം നിര്യാതനായി. ഈ അപ്പച്ചന്റെ വേർപാടിൽ സെൻട്രൽ കൗൺസിൽ അംഗങ്ങൾ അനുശോചനം രേഖപ്പെടുത്തുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. 28 -ാം തീയതി കാസർകോട് കാര്യാട്ടുംചാലിലുള്ള ഭവനത്തിലും മാലോം സെന്റ് ജോർജ്ജ് ദേവാലയത്തിൽ നടന്ന സംസ്കാര ചടങ്ങുകളിലും സെൻട്രൽ

കൗൺസിൽ അംഗങ്ങൾ പങ്കെടുക്കുകയും അന്തിമോപചാരം അർപ്പിക്കുകയും ചെയ്തു. നിങ്ങളുടെ പ്രാർത്ഥനകളിൽ ഈ അപ്പച്ചനെക്കൂടി സമർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ

പല കോൺഫ്രൻസുകളും വളരെ ഭംഗിയായി ആഘോഷിക്കുകയുണ്ടായി. തിരുനാൾ ദിവ്യബലിക്കുശേഷം പൊതുയോഗങ്ങളും സ്നേഹവിരുന്നും സംഘടിപ്പിച്ചവരെ പ്രത്യേകം അഭിനന്ദിക്കുന്നു. രൂപതാതലത്തിൽ നടവയൽ ഓസ്സാനാംഭവനിൽ വച്ച് സെപ്റ്റംബർ 27 ന് തിരുനാൾ സമുചിതമായി ആചരിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് ബഹു. ഫാ. ബെന്നി മുതിരക്കാലായിൽ ദിവ്യബലി അർപ്പിക്കുകയും വിശുദ്ധനേയും വിശുദ്ധന്റെ നാമത്തിൽ നടക്കുന്ന ഉപവിപ്രവർത്തനങ്ങളുടെയും മഹത്വത്തേയുംപറ്റി സന്ദേശവും നൽകുകയും ചെയ്തു. നടവയൽ ഫൊറോന വികാരി ബഹു. ഫാ. ജെയിംസ് കുന്നത്തേട്ട്, ഡോ. സെബാസ്റ്റ്യൻ, നടവയലിലെ ബഹു. സിസ്റ്റേഴ്സ്, സെൻട്രൽ കൗൺസിൽ അംഗങ്ങൾ, നടവയൽ, വാഴവറ്റ കോൺഫ്രൻസുകളിലെ പ്രവർത്തകാംഗങ്ങൾ ഓസ്സാനാംഭവൻ ശുശ്രൂഷികളും അന്തേവാസികളും, ഈ വർഷത്തെ തിരുനാൾ സ്നേഹവിരുന്ന് ഏറ്റെടുത്ത് നടത്തിയ വാഴവറ്റയിലെ കുപ്പത്താനത്ത് റോസമ്മയും കുടുംബാംഗങ്ങളും മറ്റും ആഘോഷപരിപാടികളിൽ പങ്കെടുത്തു. പരിപാടികളിൽ സജീവമായി പങ്കുചേർന്ന് തിരുനാൾ മംഗളകരമാക്കിയ എല്ലാവർക്കും സി.സി. പ്രസിഡന്റ് നന്ദി പ്രകാശിപ്പിച്ചു.

## സി.സി. യോഗം തീരുമാനങ്ങൾ

27-09-2010 ന് നടവയലിൽ വെച്ച് ബഹു. ആത്മീയ ഉപദേഷ്ടാവ് ബെന്നിയച്ചന്റെ സാന്നിദ്ധ്യത്തിൽ സി.സി. പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ബോർഡ് മീറ്റിംഗും തുടർന്ന് കൗൺസിൽ യോഗവും നടന്നു. ജനറൽ സെക്രട്ടറി ശ്രീ. കെ. ഒ. അഗസ്റ്റ്യൻ കൊടിയംകുന്നേൽ സ്വാഗതം ആശംസിച്ചു. പ്രവർത്തന ലക്ഷ്യങ്ങളെപ്പറ്റി പ്രസിഡന്റ് വിശദീകരിച്ചു. സെക്രട്ടറി സാജൻ തലച്ചിറയിൽ റിപ്പോർട്ടും വരവുചെലവു കണക്കുകൾ ട്രഷറർ ബ്ര. ഫിലിപ്പും ഓസ്സാനാംഭവൻ റിപ്പോർട്ടും കണക്കും സെക്രട്ടറി വിൻസെന്റ് ജോണും അവതരിപ്പിച്ചു. സ്കോളർഷിപ്പ് വിതരണവും സന്ദേശവും ബഹു. ബെന്നിയച്ചൻ നിർവ്വഹിച്ചു.

## വിൻസെൻഷ്യൻ സംഗമം

നവംബർ 5 ന് ദ്വാരകയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ച

വിൻസെൻഷ്യൻ സംഗമം രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെയുള്ള സമയത്തു നടത്തുവാൻ തീരുമാനിച്ചു. കേരള റീജിയണൽ കൗൺസിൽ കോ-ഓഡിനേറ്റർ ബ്ര. കെ.എം. അഗസ്റ്റ്യൻ, ജോ.സെക്ര ട്ടറി അഡ്വ. ജസ്റ്റിൻ ഡേവിഡ് എന്നിവരെ പങ്കെടുപ്പിക്കുവാനും, അടുത്ത വർഷത്തെ പ്രവർത്തനങ്ങൾ ചാർട്ടു ചെയ്യുവാൻ ഒരു പഠന ചർച്ച ഗ്രൂപ്പ് തിരിഞ്ഞ് നടത്തുവാനും തീരുമാനിച്ചു. സ്റ്റേജ് സജീകരണം തോണി ച്ചാൽ എ.സി. യുടെയും ഭക്ഷണ ക്രമീകരണം കല്ലോടി എ.സി. യുടെയും നേതൃത്വത്തിൽ നടത്താൻ തീരുമാനിച്ചു.

**യൂത്ത് മത്സരം**

സി.സി. തല യുവജന മത്സരങ്ങൾ 5-11-2010 ന് ദ്വാരകയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. ആയതിന്റെ ക്രമീകരണങ്ങൾ യുവജന ചുമ തലയുള്ള വൈസ് പ്രസിഡന്റിനെ ഏൽപ്പിച്ചു. 11 മണി മുതൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കുവാൻ എ.സി കളിൽ നിന്ന് തെരഞ്ഞെടുക്ക പ്പെട്ടവരെ അന്നേ ദിവസം എ.സി. പ്രസിഡന്റുമാർ കൊണ്ടുവരേണ്ട താണ്.

**സന്ദർശനം**

കോൺഫ്രൻസുകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള കർമ്മപദ്ധതി പ്രകാരം സെപ്റ്റംബർ 16 ന് പുൽപ്പള്ളി എ.സി. യിലെ ഇരുളം, മരക്കടവ്, പുൽപ്പള്ളി എന്നീ ഇടവകകളിൽ സി.സി. പ്രസി ഡന്റും ജനറൽ സെക്രട്ടറിയും സന്ദർശനം നടത്തി. മുൻ പ്രവർത്തക രേയും വികാരിമാരേയും സന്ദർശിക്കുകയും കോൺഫ്രൻസുകളുടെ പുനഃസംഘടനയെപ്പറ്റിയും പുൽപ്പള്ളി എ.സി. പ്രവർത്തനത്തെപ്പറ്റിയും ചർച്ച നടത്തുകയും ചെയ്തു.

**പ്രത്യേക എ.സി. യോഗം**

വാഴവറ്റ എ.സി. ഒക്ടോബർ 17 ന് വാഴവറ്റ സെന്റ് സെബാ സ്റ്റ്യൻസ് ചർച്ച് ഹാളിൽ വെച്ച് പ്രത്യേക യോഗം ചേരുകയുണ്ടായി. എല്ലാ കോൺഫ്രൻസ് അംഗങ്ങളുടെയും ഈ യോഗത്തിൽ വാഴവറ്റ വികാരിയും എ.സി. ആത്മീയ ഉപദേഷ്ടാവുമായ ബഹു. ഫാ. സെബാ സ്റ്റ്യൻ ഉണ്ണിപ്പിള്ളിൽ മുഖ്യ സന്ദേശം നൽകി. എ.സി. സെക്രട്ടറി ശ്രീ. ഷാജി സ്വാഗതവും എ.സി. പ്രസിഡന്റ് ശ്രീ. ജോസ് ആക്കാമറ്റം അധ്യക്ഷപ്രസംഗവും നടത്തി. യോഗത്തിൽ വെച്ച് സി.സി. യുടെ പുതിയ പ്രസിഡന്റിന് സ്നേഹോഷ്മളമായ സ്വീകരണവും ആശംസാ സന്ദേശങ്ങളും നടത്തി. ബഹുമാനപ്പെട്ട ഉണ്ണിപ്പിള്ളിൽ അച്ചൻ തന്റെ സന്ദേശത്തിൽ മാറിയ കാലഘട്ടത്തിൽ സംഘടനയെ ആത്മീയമായ

ഉണർവ്വോടെ പുത്തൻ കരുത്തോടെ നയിക്കുവാനുള്ള എല്ലാ അനുഗ്രഹവും ദൈവം പ്രദാനം ചെയ്യട്ടെ എന്ന് ആശംസിച്ചു. ദൈവത്തിന്റെ പ്ലാനും പദ്ധതിയുമാണ് ഓരോ തെരഞ്ഞെടുപ്പിലും നാം ദർശിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. പുതിയ സി.സി. പ്രസിഡന്റ് പ്രചോദനം നൽകിക്കൊണ്ട് എല്ലാ പ്രവർത്തകരും സമയോചിതവും ആത്മാർത്ഥതയുള്ളതുമായ പ്രവർത്തനം നടത്തണം എന്ന് അദ്ദേഹം ഉപദേശിച്ചു. മുൻ എ.സി. പ്രസിഡന്റ് ബ്ര. ആന്റണി തറപ്പുതൊട്ടി, ബ്ര.കുര്യൻ തേവിയിൽ എന്നിവർ പ്രസംഗിച്ചു. എ.സി. യുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ചർച്ചയും സ്കോളർഷിപ്പ് വിതരണവും മറ്റു സാധാരണ നടപടി ക്രമങ്ങളോടെ സമാപിച്ചു. യോഗത്തിന് സി.സി. വനിതാ പ്രതിനിധി ശ്രീമതി റോസമ്മ കുപ്പത്താനം നന്ദി പറഞ്ഞു.

## വികലാംഗർക്കുള്ള നാഷണൽ സ്കോളർഷിപ്പ്

വി. വിൻസെന്റ് ഡിപോളിന്റെ 350 -ാം ചരമവാർഷികം പ്രമാണിച്ച് നാഷണൽ കൗൺസിൽ, പാവപ്പെട്ട വികലാംഗരായ വിദ്യാർത്ഥികൾക്കായി ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു സി.സി. യിൽ നിന്ന് 5 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കും. കോൺഫ്രൻസുകാർ അവരുടെ ഇടവകയിൽ അർഹരായ വികലാംഗ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ, എ.സി. പ്രസിഡന്റ്മാരിൽ നിന്ന് ലഭിക്കുന്ന നിശ്ചിത ഫോമിലുള്ള അപേക്ഷാ ഫോമിൽ - വികലാഗത്വം കൃത്യമായി മനസിലാക്കാവുന്ന ഫോട്ടോസഹിതം അപേക്ഷകൾ ഡിസംബർ 15 ന് മുമ്പ് സി.സി. ഓഫീസിൽ എത്തിച്ചുതരേണ്ടതാണ്.

## ഓസ്സാനാംഭവൻ സന്ദർശനം

ഡിസംബർ 1 മുതൽ 15 വരെ പാടിച്ചിറ എ.സി. യും 16 മുതൽ 31 വരെ പയ്യമ്പള്ളി എ.സി. യിലുമുള്ള കോൺഫ്രൻസുകളാണ് സന്ദർശനം നടത്തേണ്ടത്. ഒക്ടോബർ മാസത്തെ സന്ദർശനങ്ങളിൽ 15 -ാം തീയതി വരെ കാര്യമായ കുറവുകൾ അനുഭവപ്പെടുകയുണ്ടായി. നിർദ്ദേശിക്കപ്പെട്ട ദിവസങ്ങളിൽ സന്ദർശനങ്ങൾ നടത്തുവാൻ വേണ്ടപ്പെട്ടവർ കൂടുതൽ ശ്രദ്ധിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മംഗളാശംസകളോടെ,

**ബ്ര. എം.സി.തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്



# ജയിൽ മിനിസ്ട്രി

**സെപ്റ്റംബർ**

2010 സെപ്റ്റംബർ മാസത്തിലെ ജയിൽ സന്ദർശനത്തിന് വൈത്തിരി സബ്ജയിലിലേക്ക് വന്നത് മാനന്തവാടി ടൗൺ പള്ളി വികാരി ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചന്റെ നേതൃത്വത്തിൽ ബഹു. സിസ്റ്റേഴ്സും മാതൃസംഘാംഗങ്ങളും കുട്ടികളുമായിരുന്നു. വിവിധ മതങ്ങളിൽപ്പെട്ട തടവറമക്കൾക്കുവേണ്ടി മെഴുതിരി നാളങ്ങളുടെ അകമ്പടിയോടെ, പ്രാർത്ഥനയോടെ ആരംഭിച്ച സന്ദർശനം അവരുടെ മനസ്സുകളെ സ്പർശിക്കുന്നതായിരുന്നു. തുടർന്ന് വിവിധങ്ങളായ കലാപരിപാടികൾ മാതൃസംഘാംഗങ്ങളും കുട്ടികളും അവതരിപ്പിച്ചു. തടവറക്കാരുടെ പരിപാടികളും ഏറെ ശ്രദ്ധിക്കപ്പെട്ടു. ഓരോ സന്ദർശനത്തിലും ദീപ്തമാകുന്ന അവരുടെ നയനങ്ങൾ തെറ്റിൽ നിന്നുള്ള പിൻതിരിയലായി അനുഭവപ്പെട്ടു. മധുരപലഹാര വിതരണത്തോടെ സന്ദർശനം അവസാനിച്ചു. ബഹു. തോമസച്ചനും ബഹു. സിസ്റ്റേഴ്സിനും മറ്റെല്ലാവർക്കും പ്രത്യേകം നന്ദി. വൈത്തിരിയിലെ ബഹു. എസ്.എച്ച്. സിസ്റ്ററിന്റെ സാന്നിധ്യവും ശ്രദ്ധിക്കപ്പെട്ടു.

**ഒക്ടോബർ**

ഒക്ടോബർ 17-ന് മിഷൻമാസ ജയിൽ സന്ദർശനവുമായി വൈത്തിരി സബ്ബ് ജയിലിൽ വന്നത് കല്ലോടി സെന്റ് ജോർജ്ജ് ഫൊറോന പള്ളിയിലെ ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളാണ്. ബഹുമാനപ്പെട്ട പുത്തൻപുരയിൽ സിനീഷ് അച്ചന്റെയും കല്ലോടി F.C.C സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ മിഷൻ ചൈതന്യത്തോടെ വിവിധ കലാപരിപാടികളുമായാണ് തടവറമക്കളുടെ മനസ്സുകളിൽ അവർ ചേക്കേറിയത്. അവരുമായി അടുത്തിടപഴകാനും സംസാരിക്കാനും കുഞ്ഞുമിഷനറിമാർക്ക് സാധിച്ചു. അവരുടെതന്നെ കലാപരിപാടികൾ അരങ്ങേറുകയും ചെയ്തു. മധുരപലഹാരവിതരണത്തോടെ സന്ദർശനം അവസാനിക്കുകയും ചെയ്തു. ഈ സന്ദർശനത്തിന് പ്രോത്സാഹനം കൊടുത്ത ബഹു. ജോർജ്ജ് മമ്പള്ളിൽ അച്ചന് പ്രത്യേകം നന്ദി.

**റവ. ഫാ. ബിനു പൈനുങ്കൽ**
(ഡയറക്ടർ)

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## മേഖലാ മദ്യവിരുദ്ധ കൺവെൻഷൻ

**കൽപ്പറ്റ മേഖല:–** 21–9–2010 ചൊവ്വാഴ്ച രാവിലെ 10.30 ന് കൽപ്പറ്റ ഡി. പോൾ ദേവാലയ ഓഡിറ്റോറിയത്തിൽ വെച്ച് കൽപ്പറ്റ ഫൊറോന മദ്യവിരുദ്ധ കൺവെൻഷൻ നടന്നു. ഏഴ് ഇടവകകളിൽ നിന്നായി മുപ്പതോളം പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുത്തു. പി.എ. ജെയിംസ് അധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡണ്ട് ജോൺസൻ തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്ത് ക്ലാസിന് നേതൃത്വം നൽകി. മേഖലാ ഭാരവാഹികളെ തെരഞ്ഞെടുത്തു. പൊതു ചർച്ച നടത്തി.

| | |
|---|---|
| പ്രസിഡന്റ് | : കുര്യൻ തേവിയിൽ, വാഴവറ്റ. |
| വൈസ്പ്രസിഡണ്ട് | : ശ്രീമതി കാതറിൻ വലിയപറമ്പിൽ, കൽപ്പറ്റ. |
| സെക്രട്ടറി | : കുര്യൻ ആരിശ്ശേരിൽ, കൽപ്പറ്റ |
| ജോ.സെക്രട്ടറി | : റോസമ്മ പോൾ, ചിറ്റിനപള്ളി, എടപ്പെട്ടി. |
| ആനിമേറ്റർ | : സി. ലില്ലി എസ്.എച്ച്., സ്നേഹസദൻ, കൽപ്പറ്റ |

എടപ്പെട്ടി പള്ളിവികാരി റവ.ഫാ. ജെയിംസ് മാങ്കോട്ടിൽ സമാപന സന്ദേശം നൽകി.

**തരിയോട് ഫൊറോന:–** തരിയോട് ഫൊറോന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി കൺവെൻഷൻ 21–9–2010 ചൊവ്വാഴ്ച 2.30 ന് കാവുംമന്ദം സൺഡെസ്കൂളിൽ ചേർന്നു. ഏഴ് ഇടവകകളിൽ നിന്നായി 28 പേർ കൺവെൻഷനിൽ പങ്കെടുത്തു. പി.എ. ജെയിംസ് അധ്യക്ഷത വഹിച്ചു. കാവുംമന്ദം ഇടവക വികാരി ബഹു. റെജി മുതുകത്താനി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ജോൺസൻ തൊഴുത്തുങ്കൽ ക്ലാസിന് നേതൃത്വം നൽകി. പൊതു ചർച്ചയും സംഘടിപ്പിച്ചു. തരിയോട് ഫൊറോന ഭാരവാഹികളെ തെരഞ്ഞെടുത്തു.

ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ജോർജ് കുന്നത്ത്, കോട്ടത്തറ |
| വൈസ്പ്രസിഡണ്ട് | : | ശ്രീമതി ജെസി വടക്കേപറമ്പിൽ, മഞ്ഞൂറ |
| സെക്രട്ടറി | : | ശ്രീ. ജോർജ് കൊച്ചുകുളത്തിങ്കൽ, ചെന്ദലോട് |
| ജോ.സെക്രട്ടറി | : | ശ്രീമതി ഷൈനി കണിയാംപറമ്പിൽ, കുറുമണി |
| ആനിമേറ്റർ | : | സി. മരിയ സി.എം.സി., കുറുമണി |

**നടവയൽ ഫൊറോന:-** കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ നടവയൽ ഫൊറോന കൺവെൻഷൻ 18-9-2010 ന് ശനിയാഴ്ച രാവിലെ 10.30 മുതൽ നടന്നു. കേണിച്ചിറപള്ളി വികാരി റവ.ഫാ. തോമസ് തൈക്കുന്നുംപുറം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ക്ലാസുകൾ നയിച്ചു. രണ്ട് ഇടവകയിൽ നിന്ന് മാത്രമാണ് കൺവെൻഷനിൽ പങ്കെടുത്തത്. അതിനാൽ താൽകാലിക കമ്മറ്റിക്ക് രൂപം നൽകി.

മേഖലാ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ചാക്കോ തുരുത്തിക്കാവിൽ, കേണിച്ചിറ |
| വൈസ്പ്രസിഡണ്ട് | : | ത്രേസ്യാമ്മ ടീച്ചർ |
| സെക്രട്ടറി | : | ആഗസ്തി പതിക്കൽ, നടവയൽ |
| ജോ.സെക്രട്ടറി | : | മേരി ടീച്ചർ |
| ആനിമേറ്റർ | : | സി. കാർമ്മൽ സി.എം.സി. |

**പുൽപ്പള്ളി ഫൊറോന കൺവെൻഷൻ:-** സെപ്റ്റംബർ 18-ന് പുൽപ്പള്ളി സേക്രട്ട്ഹാർട്ട് പള്ളിയിൽ വെച്ച് പുൽപ്പള്ളി ഫൊറോന കൺവെൻഷൻ നടന്നു. ഇടവക വികാരി റവ.ഫാ. ജോൺ പുതുക്കുളം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ക്ലാസ് നയിച്ചു. ഭാരവാഹികളെ തെരഞ്ഞെടുത്തു.

മേഖലാ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | സണ്ണി ത്ലായിക്കാട്ട്, ആടിക്കൊല്ലി |
| വൈസ്പ്രസിഡണ്ട് | : | റോസ തെക്കേടത്ത്, മരകാവ് |
| സെക്രട്ടറി | : | ബേബി ഇടത്തുംപറമ്പിൽ, പുൽപ്പള്ളി |
| ജോ.സെക്രട്ടറി | : | സണ്ണി പെരുമ്പിൽ, മരക്കടവ് |
| ആനിമേറ്റർ | : | സി. ടെസിൻ എസ്.എ.ബി.എസ്., പുൽപ്പള്ളി |

**മോചന 2010**

വയനാട്ജില്ല ജൂനിയർ റെഡ്ക്രോസ് പനമരം ഗവ.ഹയർസെ

ക്കണ്ടറി സ്കൂളിൽ നടത്തിയ സി.ലവൽ ജില്ലാ പഠനക്യാമ്പിൽ മോചന 2010 ലഹരിവിരുദ്ധ സെമിനാർ നടത്തി. അഞ്ഞൂറോളം പേർ പങ്കെടുത്ത ക്യാമ്പിൽ 2 മുതൽ 3.30 വരെ രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ മോചനയ്ക്ക് നേതൃത്വം നൽകി.

## രൂപതാ എക്സിക്യൂട്ടീവ്

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ എക്സിക്യൂട്ടീവ് യോഗം 17-10-2010 ന് മാനന്തവാടി ടൗൺ പള്ളിയിൽ ചേർന്നു.

**തീരുമാനങ്ങൾ**

1. നവംബർ 5-ന് നടവയൽ, കല്ലോടി ഫൊറോനകളിലും നവംബർ 7-ന് ബത്തേരിയിലും മേഖലാ കൺവെൻഷൻ നടത്തുക.
2. നവംബർ 17 ന് മാനന്തവാടി ടൗൺ പള്ളിയിൽ വെച്ച് മേഖലാ ഭാരവാഹികളുടെയും ഇടവക പ്രതിനിധികളുടെയും കൺവെൻഷൻ നടത്തുക.
3. എല്ലാ ഇടവകകളിലും പ്രാർത്ഥനാ കാർഡ് നൽകുക.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

## റേഡിയോ മാറ്റൊലി 90.4 mhz

**1. സന്മനസുള്ളവർക്ക് സമാധാനം**

25 നോമ്പു കാലത്ത് റേഡിയോ മാറ്റൊലിയിൽ ക്രിസ്മസ് ചിന്തകൾ പങ്കു വയ്ക്കുന്നതിന് ഏവർക്കും അവസരം. A 4 പേപ്പറിൽ മൂന്നു പേജിൽ കുറയാത്തതും മൂന്നരപേജ് കവിയാത്തതുമായ രചനകൾ നവംബർ 15 ന് മുമ്പായി റേഡിയോ മാറ്റൊലിയിലേക്ക് അയയ്ക്കുക. ഏറ്റവും മികച്ച രചനകൾ മാത്രമേ ഉൾപ്പെടുത്തുകയുള്ളു. പ്രക്ഷേപണയോഗ്യമായ രചനകൾ സ്വന്തം ശബ്ദത്തിലോ മറ്റുള്ളവരുടെ ശബ്ദത്തിലോ റെക്കോഡു ചെയ്യാവുന്നതാണ്. രചനയെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയിക്കുന്നതിന് അഡ്രസ്സും ഫോൺ നമ്പറും രചനയോടൊപ്പം ചേർക്കാൻ മറക്കരുത്. നവംബർ 15 നു ശേഷം ലഭിക്കുന്ന സൃഷ്ടികൾ സ്വീകരിക്കുന്നതല്ല.

**2. വോളണ്ടിയേഴ്സിനെ ആവശ്യമുണ്ട്**

റേഡിയോ മാറ്റൊലിയിൽ സന്നദ്ധ പ്രവർത്തനത്തിന് കഴിവും സന്മസ്സുമുള്ള ആൾക്കാരെ ആവശ്യമുണ്ട്. ഇപ്പോൾ ജോലി ചെയ്യുന്നവരും, റിട്ടയർ ചെയ്തവരുമായവർക്ക് ഈ രംഗത്തേയ്ക്ക് കടന്നുവരാനാകും. താൽപര്യമുള്ളവർ ബന്ധപ്പെടുക. ഫോൺ - 04935 242008.

**3. വോയ്സ് ബാങ്ക്**

റേഡിയോയിൽ വിവിധ പരിപാടികൾക്ക് ശബ്ദം നൽകുന്നതിനായി സന്നദ്ധതയുള്ളവരുടെ ഒരു വോയ്സ് ബാങ്ക് ഇവിടെ പ്രവർത്തിച്ചു വരുന്നു. നല്ല ശബ്ദവും, അക്ഷരസ്ഫുടതയുംഉള്ള ആർക്കും സ്വാഗതം. ഒഡീഷൻ ടെസ്റ്റ് നടത്തിയതിനുശേഷമായിരിക്കും തെരഞ്ഞെടുക്കപ്പെടുക.

**4. റേഡിയോ കുറി**

ചെറുപുഷ്പമിഷൻലീഗും റേഡിയോ മാറ്റൊലിയും ചേർന്നു നടപ്പാക്കുന്ന റേഡിയോ കുറി, തവണ വ്യവസ്ഥയിൽ ഫിലിപ്പ്സ് ഡി.എൽ - 225 റേഡിയോ സെറ്റ് സ്വന്തമാക്കാനുള്ള സുവർണ്ണാവസരമാണ്. കൂടുതൽ വിവരങ്ങൾക്ക് മിഷൻലീഗ് ശാഖാ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
(അസി.ഡയറക്ടർ പ്രോഗ്രാംസ്)

# പി.ആർ.ഒ. ഓഫീസ് വാർത്തകൾ

**രൂപതാ പി.ആർ.ഒ. മാരുടെ യോഗം**

വയനാട് ജില്ലയിൽ സാന്നിദ്ധ്യമുള്ള നാലു കത്തോലിക്കാ രൂപതകളിലെ പബ്ലിക്ക് റിലേഷൻസ് ഓഫീസർമാരുടെ യോഗം 2010 ഒക്ടോബർ 11 ന് മാനന്തവാടി രൂപതാ പി.ആർ. ഓഫീസിൽ വെച്ചു ചേർന്നു. ഭാരതത്തിലെ 90 ജില്ലകളെ പിന്നോക്ക ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളായി കേന്ദ്രസർക്കാർ പ്രഖ്യാപിക്കുകയും അവയുടെ സമഗ്രപുരോഗതിക്കായി 4000 കോടിയോളം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഏക ജില്ല വയനാടാണ്. 42 കോടി രൂപ വയനാട് ജില്ലക്കായി 11 –ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പദ്ധതിയുടെ കാലയളവ് തീരാൻ പോവുകയാണെങ്കിലും അനുവദിക്കപ്പെട്ടിട്ടുള്ള തുക പ്രയോജനപ്പെടുത്താനുള്ള നീക്കങ്ങളൊന്നും തന്നെ ജില്ലാ ഭരണകൂടം ഇനിയും എടുത്തുകാണുന്നില്ല. ക്രിസ്ത്യാനികൾ ന്യൂനപക്ഷ സമുദായാംഗങ്ങളാണെങ്കിലും ഇക്കാര്യത്തിൽ ക്രിയാത്മകമായ ഒരു നടപടിയും അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മതസഹിഷ്ണുതയും, സാമൂഹ്യ സൗഹാർദ്ദവും അതേസമയം ന്യൂനപക്ഷങ്ങളുടെ സുസ്ഥിതിയും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ, ജില്ലയിലെ മുഴുവൻ കത്തോലിക്കരെയും കൂട്ടിയിണക്കിയുള്ള ചില പ്രവർത്തനങ്ങൾ നടത്തുകയെന്നത് ചരിത്രപരമായ ഒരാവശ്യമാണ്. രണ്ടാംഘട്ടമെന്ന നിലയിൽ മറ്റു ക്രൈസ്തവവിഭാഗങ്ങളെയും ഒന്നിച്ചുചേർത്ത് 'ഒരു ക്രൈസ്തവ കൂട്ടായ്മ'ക്ക് ജില്ലയിൽ രൂപം കൊടുക്കുകയാവണം നമ്മുടെ ലക്ഷ്യം. സാമ്പത്തിക വികസന രംഗത്തും, രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിലും പുരോഗതി കൈവരിക്കാനും ന്യൂനപക്ഷാവകാശങ്ങൾ ഉറപ്പാക്കാനും, ഇത്തരത്തിലുള്ള ക്രൈസ്തവ കൂട്ടായ്മകൾക്ക് വലിയ പങ്കു വഹിക്കാനാവും. കൂടുതൽ ആൾക്കാരെ പങ്കെടുപ്പിച്ച് അടുത്തയോഗം നവംബർ ആദ്യ ആഴ്ച നടത്താൻ തീരുമാനിച്ചു.

**സി. ദീപ്തി ജോസ് SH**
ഓഫീസ് സെക്രട്ടറി

# മീഡിയാ കമ്മീഷൻ

**1. നവംബർ 14 – മീഡിയാ ദിനം**

മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം മാനന്തവാടി രൂപതയിൽ മീഡിയാ ദിനം സമുചിതമായി ആഘോഷിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. മാർപാപ്പയുടെ മാധ്യമദിന സന്ദേശം, മാധ്യമദിന പോസ്റ്റർ, അന്നേദിവസം വി. കുർബാനയിൽ ഉപയോഗിക്കാനുള്ള **'കാറോസൂസ'** തുടങ്ങിയവ ബഹു. വികാരിയച്ചന്മാർക്ക് മുൻകൂട്ടി എത്തിച്ചു തരുന്നതാണ്.

**2. രൂപതയ്ക്കൊരു മാസ്റ്റർ പ്ലാൻ**

മാധ്യമരംഗത്തെ രൂപതാതല പ്രവർത്തനങ്ങൾക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്. ഇതിനായി കേരളത്തിലും, അന്യസംസ്ഥാനങ്ങളിലും പ്രവർത്തിച്ചുവരുന്ന മീഡിയാ സെന്ററുകളുടെ പ്രവർത്തനങ്ങൾ നാം പഠിച്ചുകൊണ്ടിരിക്കുന്നു. അടുത്ത വർഷം ആദ്യത്തോടെ മാസ്റ്റർ പ്ലാനിന്റെ കരടു രേഖ പൂർത്തിയാകും. ദീർഘകാല പദ്ധതികളും ഹ്രസ്വകാല പദ്ധതികളും ഇതിലുണ്ടാകും.

**3. ഗ്ലോറിയ 2010**

മാനന്തവാടി രൂപതാ മീഡിയാ കമ്മീഷൻ ഇടവകകൾക്കുവേണ്ടി സംഘടിപ്പിക്കുന്ന കരോൾ ഗാന മത്സരം.

1 –ാം സമ്മാനം – Rs 5000.00
2 –ാം സമ്മാനം – Rs 3000.00
3 –ാം സമ്മാനം – Rs 2000.00

**നിബന്ധനകൾ**

1). ഒരു ഇടവകയിൽ നിന്ന് ഒരു ടീം മാത്രം പങ്കെടുക്കുക, 2). ഒരു ടീമിൽ 7 മുതൽ 10 വരെ അംഗങ്ങളാവാം, 3). സംഗീതോപകരണങ്ങൾ, കരോക്കെ എന്നിവ പാടില്ല., 4). 10 മിനിറ്റാണ് സമയം. ഒറ്റ ഗാനമായോ, ഫ്യൂഷൻ രീതിയിലോ അവതരിപ്പിക്കാം, 5). പങ്കെടുക്കാനാഗ്രഹിക്കുന്ന ടീമുകൾ ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ നവം. 20 നു മുമ്പായി മാനന്തവാടി രൂപതാ മീഡിയ കമ്മീഷൻ ഓഫീ

സിൽ രജിസ്റ്റർ ചെയ്യുക. മത്സരസ്ഥലവും സമയവും ഡിസംബർ മാസ ത്തിലെ രൂപതാ ബുള്ളറ്റിനിലൂടെ അറിയിക്കുന്നതാണ്.

അഡ്രസ്സ് : Director,
Media Commission
Nirmala Shopping Complex,
Dwaraka
Nallurnadu P.O
Mananthavady 670 645

**4. മീഡിയ കമ്മീഷൻ - പ്രവർത്തനഫണ്ട്**

മാധ്യമ രംഗത്തെ വിവിധ പ്രവർത്തനങ്ങൾക്കുള്ള വിഭവ സമാ ഹരണം നടത്താനൊരവസരമാണ് മാധ്യമ ദിനം. കഴിഞ്ഞ വർഷം നമുക്ക് സമാഹരിക്കാനായത് 72,000 രൂപയാണ്. രൂപതയിൽ മീഡിയാ കമ്മീഷൻ രൂപീകരിച്ചതിനുശേഷമുള്ള ആദ്യത്തെ മീഡിയാ സൺഡേ യാണ് നവം.14 ന് നാം കൊണ്ടാടുന്നത്. കഴിഞ്ഞ വർഷം കത്തീഡ്രൽ ഇടവകയും (4500 രൂപ) പയ്യമ്പള്ളി ഇടവകയും (4000 രൂപ) ആണ് വിഭവസമാഹരണത്തിൽ മുന്നിൽ വന്നത്. ബഹു. വികാരിയച്ചന്മാർ പ്രത്യേകം താൽപര്യമെടുത്ത് ഈ വർഷം മാധ്യമ ദിനാചരണം നട ത്തണമെന്നും ഈ മേഖലയിലെ രൂപതയുടെ പ്രവർത്തനങ്ങൾക്കായി ഉദാരമായി സംഭാവനകൾ നൽകാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കണ മെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഇടവകകൾക്ക് പുറമേ, സന്യാസഭവനങ്ങളും, ഇതര കത്തോലിക്കാ സ്ഥാപനങ്ങളും ഇക്കാര്യ ത്തിൽ തങ്ങളാലാവുന്നത് ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു.

**5. കത്തോലിക്കാ മീഡിയ പ്രവർത്തകരുടെ കൂടിച്ചേരൽ**

മീഡിയാ ദിനാചരണത്തിന്റെ ഭാഗമായി ഇലക്ട്രോണിക്ക് & പ്രിന്റ് മീഡിയ രംഗത്ത് പ്രവത്തിക്കുന്ന രൂപതാംഗങ്ങളുടെ ഒരു യോഗം നവം.14 ന് ചേരുന്നുണ്ട്. ബഹു. വികാരിയച്ചന്മാർ റേഡിയോ, ടെലിവി ഷൻ, പത്രം ഇവയിൽ ഏതെങ്കിലും മേഖലയിൽ പ്രവർത്തിക്കുന്ന ഇട വകാംഗങ്ങളുടെ പേരു വിവരങ്ങൾ മീഡിയാ കമ്മീഷന്റെ ഓഫീസിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ബഹു. വികാരിയച്ചന്മാരെ കത്തുമൂലം അറിയിക്കുന്നതാണ്.

**6. മീഡിയാ ഡയറക്ടേഴ്സിന്റെ യോഗം**

കേരളത്തിലെ വിവിധ രൂപതകളിലെ മീഡിയാ ഡയറക്ടേഴ്സ്

മീറ്റിംഗ് പി.ഒ.സി യിൽ വച്ച് ഒക്ടോബർ 19 ന് നടന്നു. റവ. ഫാ. തോമസ് ജോസഫ് തേരകം സമ്മേളനത്തിൽ സംബന്ധിക്കുകയും മീഡിയാ രംഗ ത്തുള്ള രൂപതയുടെ പ്രവർത്തനങ്ങളും ഭാവി പരിപാടികളും അവതരി പ്പിക്കുകയും ചെയ്തു. ഈ വർഷത്തെ മീഡിയാ ദിന സന്ദേശത്തിൽ ബനഡിക്ട് മാർപാപ്പ നമുക്കു നൽകിയിരിക്കുന്ന ചിന്താവിഷയം ('വൈദികരും അജപാലന ശുശ്രൂഷയും ഡിജിറ്റൽ ലോകത്തിൽ; പുതിയ മാധ്യമങ്ങൾ ലോക സേവനത്തിന്') സൈബർ സ്പേസിന്റെ അനന്തമായ സാധ്യതകൾ സുവിശേഷ പ്രഘോഷണത്തിനായി പരമാ വധി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഏറെ വ്യക്തമാക്കു ന്നുണ്ടെന്ന് സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു സംസാരിച്ച കെ.സി. ബി.സി. മീഡിയാ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ബിഷപ്പ് ചക്യാത്ത് അനുസ്മരിച്ചു.

**സി. ദീപ്തി ജോസ് എസ്.എച്ച്**
ഓഫീസ് സെക്രട്ടറി

# *വിദ്യാഭ്യാസ മണ്ഡലം* (CEADOM)

കോർപ്പറേറ്റിൽ അദ്ധ്യാപകനിയമനത്തിന് പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നമ്മുടെ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിക്ക് കീഴിൽ പ്രവർത്തിക്കുന്ന എയിഡഡ് LP, UP , HS വിഭാഗങ്ങളിൽ അദ്ധ്യാപക ഒഴുവുകളിലേക്ക് നിയമിക്കുന്നതിനായി 2006 ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-03-2010 ൽ അവസാനിക്കും. എന്നാൽ പ്രസ്തുത ലിസ്റ്റിൽ നിന്നും സൗജന്യ സേവനവും കമ്പ്യൂട്ടർ പരിശീലനവും തൃപ്തികരമായി പൂർത്തീകരിച്ചിട്ടും ഒഴിവുകളുടെ കുറവുമൂലം നിയ മനം ലഭിക്കാത്തവർക്കും നിയമനം നൽകിയിട്ടും തസ്തിക നഷ്ടംമൂലം ജോലി നഷ്ടപ്പെട്ടവർക്കും പുതുതായി ഒഴിവുകളുണ്ടാകുന്ന ക്രമത്തിൽ നിയമനം നൽകും.

30-6-2013 വരെ ഉണ്ടാകുന്ന LPSA/UPSA/HSA ഒഴിവുകളിലേയ്ക്ക് നിയമനം നൽകാൻ യോഗ്യരായവരുടെ റാങ്ക് ലിസ്റ്റാണ് പുതുതായി തയ്യാറാക്കുന്നത്. ഇതിനായി പേര് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 12-11-2011 ആണ്. പുതിയ റാങ്കു ലിസ്റ്റ് തയ്യാറാക്കുന്നത് ആറ് ഘട്ടങ്ങളുള്ള വിലയിരുത്തലിലൂടെയാണ്.

12-11-2010 വരെ സ്വീകാര്യമാംവിധം പേര് രജിസ്റ്റർ ചെയ്തവർക്കും 31-3-2011 ൽ കാലഹരണപ്പെടുന്ന റാങ്ക് ലിസ്റ്റിൽ പേര് ഉണ്ടായിരുന്നിട്ടും ഒഴിവുകളുടെ കുറവുമൂലം നിയമനത്തിന് പരിഗണിക്കപ്പെടാത്തവർക്കും ആദ്യത്തെ രണ്ട് ഘട്ടങ്ങളിൽ പങ്കെടുക്കാം.

**ഘട്ടം ഒന്ന്**: "പൊതു നിർദ്ദേശങ്ങളും വിശദീകരണങ്ങളും" 13-11-2010-ദ്വാരക. സമയം: 10.30 മുതൽ 1.00 p.m.

റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന മാനദണ്ഡങ്ങളും നിയമനം സംബ ന്ധിച്ച രൂപതാ നിയമങ്ങളും നിർദ്ദേശങ്ങളും വിശദീകരിക്കുവാൻ ചേരുന്ന യോഗത്തിൽ ബന്ധപ്പെട്ട എല്ലാവരും പങ്കെടുക്കേണ്ടതാണ്.

**ഘട്ടം രണ്ട്:** എഴുത്തു പരീക്ഷ : 27-11-2010, സമയം : 10.00 a.m. to 1.00 p.m. ദ്വാരക.

**സിലബസ്**

തസ്തിക : LPSA (T.T.C.) പാസ്സായവർ

പാർട്ട് ഒന്ന് 100 മാർക്ക്, 2 മണിക്കൂർ : ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെ നിലവിലുള്ള പാഠഭാഗങ്ങൾ, പഠന പാഠ്യേതര പ്രവർത്തനങ്ങൾ

പാർട്ട് രണ്ട്, 50 മാർക്ക്, 1 മണിക്കൂർ : സിഡോം സൻമാർഗ്ഗ പാഠാവലി പുസ്തകം 1, 3, 5, സീറോ കാർബൺ പ്രോജക്ട്

തസ്തിക : UPSA, HSA (BEd പാസ്സായവർ)

പാർട്ട് ഒന്ന് 100 മാർക്ക്, 2 മണിക്കൂർ : ഡിഗ്രിക്ക് പഠിച്ച പ്രധാനവിഷയം, അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പഠിപ്പിക്കാനാവശ്യമായ പാഠപുസ്തക ഉള്ളടക്കം – അനുബന്ധ പഠന പാഠ്യേതര പ്രവർത്തനങ്ങൾ.

പാർട്ട് രണ്ട്, 50 മാർക്ക്, 1 മണിക്കൂർ : സിഡോം സൻമാർഗ്ഗ പാഠാവലി പുസ്തകം 5, 7, 9. സീറോ കാർബൺ പ്രോജക്ട്.

NB:- പാർട്ട് രണ്ടിനാവശ്യമായ പുസ്തകങ്ങൾ ഓഫീസിൽ ലഭ്യമാണ്.

NB:- ഓരോ ഭാഗത്തിനും പ്രത്യേകം പ്രത്യേകം പാസ് മാർക്ക് ലഭിക്കുന്നവരെ മാത്രമേ തുടർന്നുള്ള ഘട്ടങ്ങളിൽ പങ്കെടുപ്പിക്കൂ. വിശദ വിവരങ്ങൾ യഥാസമയം അറിയിക്കും.

**ഘട്ടം മൂന്ന്:** കഴിവുകളും അഭിരുചികളും വിലയിരുത്തൽ.

ആശയവിനിമയ ശേഷിയും, തനത് അഭിരുചികളും, കലാ കായിക സംഘടനാ രംഗങ്ങളിലെ മികവും വിലയിരുത്തുന്ന ഈ ഘട്ടം വിവിധ കഴിവുകളുടെ സഹായത്താൽ അധ്യാപനം എങ്ങനെ കൂടുതൽ ഫലപ്രദമാക്കാമെന്ന് തെളിയിക്കാനവസരം നൽകുന്നു. ഈ ഘട്ടം തൃപ്തികരമായി പൂർത്തീകരിക്കുന്നവരെ മാത്രമേ തുടർന്നുള്ള ഘട്ടങ്ങളിൽ പങ്കെടുപ്പിക്കുകയുള്ളൂ.

**ഘട്ടം നാല് :** കംപ്യൂട്ടർ പരിജ്ഞാനവും പ്രയോഗവും.

കംപ്യൂട്ടർ ഉപയോഗിക്കാനും അധ്യാപനത്തിൽ പ്രയോഗിക്കാനുമുള്ള കഴിവും സ്വന്തം ലാംപ്ടോപ്പ് ഉപയോഗിച്ച് പാഠഭാഗങ്ങൾ ഫലപ്രദവും രസപ്രദവുമായി അവതരിപ്പിക്കാനുള്ള പ്രാപ്തിയും വിലയിരുത്തപ്പെടുന്ന ഈ ഘട്ടത്തിനുമുമ്പ് ആവശ്യമായ പരിശീലനം നേടിയിരിക്കണം.

**ഘട്ടം അഞ്ച് :** വിദ്യാലയ പ്രവർത്തനങ്ങളിലെ സജീവത്വം.

ഒരാഴ്ച നീണ്ടു നിൽക്കുന്ന അധ്യാപന വിലയിരുത്തൽ - പ്രധാനാധ്യാപകൻ നൽകുന്ന പാഠഭാഗങ്ങൾ തുടർച്ചയായ ദിവസങ്ങളിൽ പഠിപ്പിച്ച് അത് നിരീക്ഷകരും വിദ്യാർത്ഥികളും വിലയിരുത്തി നിങ്ങളുടെ അധ്യാപന പാടവത്തിന്റെ മേന്മകൾ കണ്ടെത്തുന്ന ഈ ഘട്ടം ഏറെ പ്രാധാന്യമുള്ളതാണ്.

**ഘട്ടം ആറ് :** മുഖാമുഖം

നിങ്ങളുടെ അറിവും അനുഭവങ്ങളും കാഴ്ചപ്പാടുകളും, ഭാവങ്ങളും ആത്മവിശ്വാസവും വിവിധ ചോദ്യങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയും പ്രസ്താവനകളിലൂടെയും വിലയിരുത്തപ്പെടുന്നു.

മേൽപ്പറഞ്ഞ അഞ്ച് ഘട്ടങ്ങളെ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾ ആദ്യഘട്ടമായി 13-11-2010 ലെ യോഗത്തിൽ ലഭിക്കും.

NB :- ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇതിന്റെ ഉള്ളടക്കം ദയവായി പള്ളികളിൽ അറിയിക്കുമല്ലോ.

**ഫാ. റോബിൻ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ

## 1. മനോമയ സൈക്കോതെറാപ്പ്യൂട്ടിക് & കൗൺസിലിംഗ് സെന്റർ

**സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 20**
**ഫോൺ 9495548035, 9497303165**
**Email: manomayaclt@gmail.com, wilsonachan@gmail.com**

ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് കുട്ടികളിലും മുതിർന്നവരിലും വർദ്ധിതമായിക്കൊണ്ടിരിക്കുന്ന മാനസീക ആരോഗ്യ പ്രശ്നങ്ങൾ. ഇത്തരം പ്രശ്നങ്ങൾക്ക് എന്താണ് പരിഹാരം എന്നറിയാതെ വിഷമിക്കുന്നവർ നിരവധിയാണ്. മാനസീകാരോഗ്യ പ്രശ്നങ്ങളിൽ അവലംഭിക്കേണ്ട ശാസ്ത്രീയമാർഗ്ഗങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ പലരേയും (വിദ്യാസമ്പന്നരേയും) കൊണ്ടു ചെന്നെത്തിക്കുന്നത് അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നവരുടെ അടുത്താണ്. ഇതിനൊരു പരിഹാരമാർഗ്ഗമായി, താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ കോഴിക്കോട് സിവിൽ സ്റ്റേഷന് സമീപത്തായി മനോമയ എന്ന പേരിൽ സൈക്കോതെറാപ്പ്യൂട്ടിക് & കൗൺസിലിംഗ് സെന്റർ ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. അനുഭവസമ്പന്നരായ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടേയും, സൈക്കോളജിസ്റ്റുകളുടേയും, സ്പെഷ്യൽ എജുക്കേറ്റേഴ്സിന്റെയും സേവനം ലഭ്യമാണ്.

**മനോമയ ഒരുക്കുന്ന സേവന മേഖലകൾ**

**1. കുട്ടികളുടെ മാനസീകാരോഗ്യ ക്ലിനിക്ക്.**

a. പഠന വൈകല്യങ്ങൾ കണ്ടെത്തലും പരിഹാരക്ലാസുകളും കൗൺസിലിംഗും

b. സ്വഭാവ ദൂഷ്യങ്ങൾക്കുള്ള കൗൺസിലിംഗും സൈക്കോതെ റാപ്പിയും

c. സ്വഭാവ വൈകൃതങ്ങൾക്കുള്ള കൗൺസിലിംഗും സൈക്കോതെ റാപ്പിയും.

d. പഠനമാർഗ്ഗ ദർശന കൗൺസിലിംഗ്.

**2. യുവജനങ്ങൾക്കുള്ള മാനസീകാരോഗ്യ ക്ലിനിക്ക്**

a. യുവജന മാർഗ്ഗദർശന കൗൺസിലിംഗ്

b. മാനസീക സംഘർഷങ്ങൾക്കുള്ള കൗൺസിലിംഗും സൈക്കോ തെറാപ്പിയും

c. ക്രൈസിസ് മാനേജ്മെന്റ് കൗൺസിലിംഗ്

d. വ്യക്തിബന്ധങ്ങളിലെ പ്രശ്നപരിഹാര ക്ലിനിക്ക്

**3. ലൈംഗീകാരോഗ്യ ക്ലിനിക്ക്**

a. ലൈംഗീക വിദ്യാഭ്യാസം

b. ലൈംഗീക മാനസീക പ്രശ്നങ്ങൾക്കുള്ള കൗൺസിലിംഗ്

c. സെക്സ് തെറാപ്പി

**4. കുടുംബ കൗൺസിലിംഗ്**

a. വിവാഹത്തിനൊരുക്കമായുള്ള കൗൺസിലിംഗ്

b. ദമ്പതിമാർക്കുള്ള കൗൺസിലിംഗ്

c. ഫാമിലി തെറാപ്പി

d. വ്യക്തിബന്ധങ്ങളിലെ പ്രശ്നപരിഹാര കൗൺസിലിംഗ്

**5. മാനസീകാരോഗ്യ പ്രശ്നങ്ങൾക്കുള്ള ക്ലിനിക്ക്**

a. വിവിധ മാനസീക രോഗങ്ങൾ കണ്ടെത്താനുള്ള അസ്സസ്സ്മെന്റ്സ്.

b. വിഷാദരോഗങ്ങൾക്കുള്ള കൗൺസിലിംഗും സൈക്കോ തെറാപ്പിയും

c. ഉത്കണ്ഠാരോഗങ്ങൾക്കുള്ള കൗൺസിലിംഗും സൈക്കോതെറാ പ്പിയും

d. അകാരണമായ ഭയത്തിനുള്ള (Phobia) കൗൺസിലിംഗും സൈക്കോ തെറാപ്പിയും.

ഈ സ്ഥാപനത്തിലെ സേവനങ്ങൾക്കായി പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്

**ഫാ. വിൽസൺ മാത്യു മുട്ടത്തുകുന്നേൽ**
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
ഡയറക്ടർ, മനോമയ, ഫോൺ: 9495548035, 9497303165



# *Programme*

## Pastoral Centre, Dwaraka

### *November - 2010*

*01 Mon 30 Tue - Postulants Course*
*05 Fri - SSVP; Zion CRC : Night Vigil*
*06 Sat - Zion CRC : Prayer Day,*
*Christeen Prayer Day*
*07 Sun - Catechism Team Meeting;*
*KCYM Secretariat; CML Executive*
*08 Mon 11 Thu - Marriage Preparation Course*
*12 Fri - CML Executive*
*13 Sat - Jesus Youth : Prayer Day; Cat HDC;*
*KCYM Prathibha Sangamam*
*16 Tue - CMA Executive with Meghala Directors and Animators*
*17 Wed - KCYM Training Programme*
*19 Fri 22 Mon - Marriage Preparation Course*
*23 Tue - Marian Singles*
*26 Fri - CML Executive*
*27 Sat - SH Centenary*
*28 Sun - KCYM Syndicate*
*29 Mon Dec 2 - Young Priests' Refresher Course*

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## 2010 November

| | |
|---|---|
| 1 Mon .............. | Visitors' Day |
| 2 Tue ............... | Alattil : Blessing of Cemetery |
| 3 Wed .............. | Kunnoth Seminary |
| 4 Thu ............... | Vincentgiri : 350th Death Anniversary Celebration of St. Vincent De Paul & St. Louise De Marillac |
| 5 Fri 6 Sat ...... | Out of Station |
| 7 Sun ............... | Yavanarkulam : Pastoral Visit |
| 8 Mon ............... | Visitors' Day |
| 9 Tue ............... | Kallody : Vestition of FCC Novices |
| 10 Wed 12 Fri... | Out of Station |
| 13 Sat ................ | Minor Seminary : Benefactors' Day |
| 14 Sun ............... | Pastoral Visit : Vanjod |
| 15 Mon ............... | Bathery : Vestition of MSMI Novices |
| 16 Tue ............... | SKD Generalate Thonichal : Holy Mass |
| 17 Wed 19 Fri .. | Out of Station |
| 20 Sat 22 Mon ... | Mumbai |
| 24 Wed .............. | Kaniyaram : Jubilee of SABS Childrens' Home |
| 25 Thu .............. | Thavinjal : Ordination of Dn.Biju Kochuniravath OFM Cap. |

| | |
|---|---|
| *26 Fri ................* | *Out of Station* |
| *27 Sat Morning* | *Dwaraka : Conclusion of SH Centenary* |
| *Evening* | *Minor Seminary, Home Day* |
| *28 Sun 29 Mon...* | *Kottagiri : ASMI Novitiate, Jubilee* |
| *30 Tue Morning* | *Kozhikode : KLM Directors' Meet* |
| *Evening* | *Tellichery* |

## *2010 December*

| | |
|---|---|
| *1 Wed 2 Thu* | *Young Priests' Course* |
| *3 Fri ...............* | *Out of Station* |
| *4 Sat ...............* | *Dwaraka : KCYM State Competition* |
| *5 Sun ...............* | *Prasanthagiri : Blessing of Presbytery* |
| *6 Mon .............* | *Visitors' Day* |
| *7 Tue .............* | *Presbyteral Council* |
| *8 Wed 9 Thu ..* | *Bangalore : CBCI Labour Commission* |
| *10 Fri ...............* | *Out of Station* |
| *11 Sat ...............* | *Mananthavady : CML State Anniversary Celebrations* |
| *12 Sun 16 Thu ..* | *Ernakulam : KCBC Meeting* |
| *17 Fri ...............* | *Out of Station* |
| *18 Sat ...............* | *Dwaraka : SABS Provincial House* |
| *19 Sun 22 Wed..* | *Mangalore : Jordania Estate* |
| *24 Fri .............* | *Out of Station* |
| *25 Sat ...............* | *Christmas* |
| *27 Mon .............* | *Sisumala : Ordination of Dn. Mathew (Sijo) Edakkudiyil* |
| *28 Tue .............* | *Pazhoor : Ordination of Dn Joseph (Jaimon) Kalambukattu & Dn, George (Jinoj) Palathadathil* |
| *29 Wed...............* | *Kammana : Ordination of Dn. Sebastian (Biju) Punnkkapadavil* |
| *30 Thu Morning* | *Kallody : Ordination of Dn. Abraham (Sijeesh) Pullenkunnel* |
| *Afternoon* | *Muthireri : Blessing of Presbytery* |